February 2016

# TRICHUR ARCHDIOCESAN BULLETIN






Fr. Arimboor Jerin
Fr. Cheradai Geo
Fr. Cheruvathoor Joyson
Fr. Chiramel Simson
Fr. Chiriankandath Geo
Fr. Kuttikkatt Jinto
Fr. Maliyammavu Paul
Fr. Maliyeckal Sanal Thomas
Fr. Malokkaran Jikson
Fr. Menachery Antony
Fr. Muringathery Sijo
Fr. Neelankavil Anson Joseph N
തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ
Fr. Ponthekkan Sinto
Fr. Payikkatt Sobin
Fr. Perinchery Ajeesh Babu
Fr. Thaikkattil Sonjai
Fr. Thekkanath Justin
നവവൈദികർക്ക് ആശംസകൾ

TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 83
ഫെബ്രുവരി 2016
ലക്കം : 2

## ഈ ലക്കത്തിൽ

❖ ഇടയലേഖനം 5
❖ സർക്കുലർ 12
❖ കച്ചേരികാര്യം 16
❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഫെബ്രുവരി 27
❖ സഹായമെത്രാന്റെ പരിപാടികൾ - ഫെബ്രുവരി 29
❖ നാളാഗമം 30
❖ പാസ്റ്ററൽ കൗൺസിൽ 36
❖ സാമ്പത്തിക കാര്യാലയം 40
❖ വൈദികർ 42
❖ സന്യസ്തർ 44
❖ സ്ഥാപനങ്ങൾ 49
❖ സാന്ത്വനം 78
❖ സംഘടനകൾ 84

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

146/ 2016
22.01.2016 P-1

# ഇടയലേഖനം

## ആൻഡ്രൂസ് താഴത്ത്

ഈശോയിൽ സ്നേഹമുള്ള പ്രിയ വൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കരുണയുടെ ജൂബിലി വർഷത്തിലെ നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. തന്റെ രക്ഷാകര പ്രവർത്തനങ്ങൾക്കായി പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും യേശു ചെലവഴിച്ചതിന്റെ സ്മരണയിലാണ് (മത്തായി 4, 1-11) നാം നോമ്പുകാലം ആചരിക്കുന്നത്. മലയിലെ പ്രസംഗത്തിൽ യേശു പഠിപ്പിച്ചതുപോലെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ധർമ്മദാനത്തിന്റെയും ചൈതന്യമാണ് (മത്തായി 5, 6) നോമ്പുകാലത്തിൽ നമുക്കുണ്ടാകേണ്ടത്. ഫ്രാൻസീസ് മാർപ്പാപ്പ 2016 ലെ നോമ്പുകാലസന്ദേശത്തിൽ യേശുവാക്യം ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്".(മത്താ 9,13). അതിനാൽ 'ജൂബിലി പാതയിൽ കരുണയുടെ പ്രവൃത്തികൾ' ചെയ്യാം. പാപ്പ പറയുന്നു: "ജൂബിലി വർഷത്തിലെ നോമ്പുകാലം ദൈവകാരുണ്യത്തെ ആഘോഷിക്കാനും അനുഭവിക്കാനുമുള്ള സവിശേഷമായ നിമിഷമെന്ന നിലയിൽ കൂടുതൽ തീവ്രതയോടെ ജീവിക്കണം". 'പിതാവിന്റെ കരുണാപൂർവ്വമായ മുഖം വീണ്ടും തിരിച്ചറിയാൻ' നമ്മെ സഹായിക്കുവാനായി നോമ്പുകാലത്തെ ആഴ്ചകളിൽ കരുണയുടെ സുവിശേഷം ധ്യാനവിഷയമാക്കാം (MV. 17).

കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും

ഉത്ഥാനത്തിന്റെയും രക്ഷാകര പെസഹാരഹസ്യങ്ങളാണ് നോമ്പുകാലത്തിന്റെ പ്രധാന അനുസ്മരണം. ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിന്റെയും കരുണയുടെയും ഭാവമാണ് (യോഹ 3:16) യേശുവിന്റെ മനുഷ്യാവതാരവും (MV. 8) പെസഹാരഹസ്യങ്ങളും (cf. മത്താ 20:28). യേശു പറഞ്ഞു. "ജീവൻ നല്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15:13). അതുകൊണ്ടാണ് 'പിതാവിന്റെ കരുണയുടെ മുഖമാണ് യേശു' എന്ന് പാപ്പ പറയുന്നത്. ജൂബിലവർഷത്തിലെ ഈ നോമ്പുകാലത്ത് ധ്യാനിക്കാവുന്ന ഏതാനും ചിന്തകളും പ്രാവർത്തികമാക്കാവുന്ന ഏതാനും കർമ്മപരിപാടികളും നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കട്ടെ.

"പിതാവിനെപോലെ കരുണയുള്ളവരായിരിക്കുകയെന്ന" മുദ്രാവാക്യവുമായി ആരംഭം കുറിച്ച ഈ ജൂബിലി വർഷത്തിൽ ഒന്നാമതായി ചെയ്യേണ്ടത് 'കരുണയുടെ സുവിശേഷം' ശ്രവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുക എന്നതാണ് (MV. 13). അതിനാൽ നോമ്പുകാലത്തിൽ ഏതെങ്കിലും ഒരു ധ്യാനത്തിൽ പങ്കെടുക്കാൻ എല്ലാവരും ശ്രമിക്കണം. കരുണയെക്കുറിച്ചുള്ള സുവിശേഷഭാഗങ്ങൾ പ്രത്യേക ധ്യാനവിഷയമാക്കുകയും വേണം.

ധൂർത്തപുത്രന്റെ കഥയിലും (ലൂക്ക 15, 11-32) കാണാതെ പോയ ആടിന്റെ ഉപമയിലും (ലൂക്ക 15, 1-7) കാണുന്നതുപോലെ 'കരുണയിൽ സമ്പന്നനായ പിതാവിന്റെ' സ്നേഹമാണ് നാം പ്രധാനമായും ധ്യാനിക്കേണ്ട്. ഈ ദൈവികകരുണ നമ്മെ മാനസാന്തരിത്തിലേക്ക് നയിക്കണം. ഫ്രാൻസീസ് മാർപ്പാപ്പ വിഭാവനം ചെയ്യുന്ന വിശുദ്ധ വാതിലുകളിലൂടെ പ്രവേശിക്കുന്നതിന്റെയും തീർത്ഥാടനങ്ങളുടെയും പ്രധാന ലക്ഷ്യങ്ങളിലൊന്ന് മാനസാന്തരമാണ് (MV 3,14). പാലയൂർ തീർത്ഥാടനം ഇതിനായി ഉപയുക്തമാക്കാവുന്നതാണ്. ദൈവരാജ്യസ്ഥാപനത്തിനായി വന്ന യേശു പറയുന്നു: "സമയം സമാഗതമായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15). പാപാവസ്ഥയിൽ നിന്നും കൃപയുടെ ജീവിത്തിലേക്ക് വരുവാനുള്ള അവസരമാണിത്. ദുശ്ശീലത്തിലും ദുഷ്തഴക്കങ്ങളിലും പാപജീവിതത്തിലും നിന്നും മാറുവാനുള്ള ക്ഷണമാണ് നോമ്പുകാലം നമുക്ക് നൽകുന്നത്. കുടുംബത്തിനുള്ളിലോ കുടുംബങ്ങൾ തമ്മിലോ സമൂഹത്തിലോ വഴക്കുകളുണ്ടെങ്കിൽ ഈ കാലഘട്ടങ്ങളിൽ അവ

തീർക്കണം. 'ഏഴു എഴുപതു പ്രാവശ്യം' ക്ഷമിക്കാനാണ് കർത്താവ് പറഞ്ഞത് (മത്താ. 12:22; MV 9). എല്ലാ ഇടവകകളിലും അനുരജ്ഞന സമിതി ഉണ്ടാക്കുവാൻ താൽപര്യപ്പെടുന്നു.

കരുണ ഏറ്റവും അധികം ഇന്ന് പ്രകടമാകേണ്ടത് കുടുംബത്തിലാണ്. കാരണം ഇന്ന് ഏറ്റവുമ ധികം തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നതും കുടുംബമാണ്. 2014 ഒക്ടോബറിലും 2015 ഒക്ടോബറിലും കുടുംബത്തെക്കുറിച്ച് ചർച്ചചെയ്യാൻ മെത്രാൻമാരുടെ സിനഡ് വിളിച്ചുകൂട്ടാൻ ഫ്രാൻസിസ് മാർപ്പാപ്പയെ പ്രേരിപ്പിച്ചതിന്റെ കാരണമിതാണ്. 2015 ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ നടന്ന സിനഡിൽ എനിക്കും പങ്കെടുക്കുവാൻ സാധിച്ചത് വലിയൊരു അനുഭവമായി ഞാൻ കണക്കാക്കുന്നു. മാർപ്പാപ്പയോടുകൂടി മുന്നാഴ്ച ചെലവഴിക്കാൻ സാധിച്ചത് വലിയൊരു അനുഗ്രഹമായിരുന്നു. കുടുംബങ്ങളോട് കരുണകാണിക്കേണ്ടതിന്റെ ആവശ്യകത ഈ സിനഡിൽ മാർപ്പാപ്പ ഊന്നിപ്പറയുകയുണ്ടായി.

2016 ലെ നോമ്പുകാല സന്ദേശത്തിൽ ഫ്രാൻസീസ് മാർപ്പാപ്പ പറയുന്നു : 'പ്രവാചക പാരമ്പര്യത്തിൽ കരുണയുടെ അർത്ഥം മനസ്സിലാക്കേണ്ടത് വിവാഹവും കുടുംബവുമായി ബന്ധപ്പെടുത്തിയാണ് '. കുടുബങ്ങൾ നേരിടുന്ന വെല്ലുവിളികളാണ് സിനഡിന്റെ ആദ്യഭാഗത്ത് ഞങ്ങൾ ചർച്ചചെയ്തത്. 'വിവാഹം വേണ്ട, വിവാഹമോചനമാകാം, മക്കൾ വേണ്ട, സ്വവർഗ്ഗരതിയാകാം' തുടങ്ങിയ ചിന്താരീതികളും 'പ്രായമായവരെയം കുട്ടികളെയും സ്ത്രീകളെയും അവഗണിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഇന്നിന്റെ സംസ്കാരവും' പ്രത്യേകം പ്രതിപാദ്യവിഷയങ്ങളായി. ഈ കാലഘട്ടത്തിന്റെ വലിയ തിൻമകളായി സിനഡിൽ ചർച്ചചെയ്ത ചില വിഷയങ്ങളാണ് വ്യക്തിത്വവാദം (Individualisam), ആപേക്ഷികതാവാദം (Relativisam), സുഖഭോഗവാദം (Hedonisam), ഉപഭോഗസംസ്കാരം (Consumerisam) തുടങ്ങിയവ (Synod 2016; Final Document No.5, 7, 25, 34). ഇന്ന് കുടുംബത്തേയും സമൂഹത്തേയും ഏറ്റവും അധികം തകർക്കുന്നത് സ്വാർത്ഥതയും, എല്ലാ സത്യത്തിന്റെയും മാനദണ്ഡം താൻ തന്നെയെന്ന ആപേക്ഷികവാദവും, മറ്റുള്ളവരെ ഉപയോഗവസ്തുക്കളായി കണക്കാക്കുന്ന സംസ്കാരവുമാണ്. അതിനാൽ കരുണയുടെ ഈ ജൂബിലി വർഷത്തിൽ യേശുവിന്റെ കരുണാർദ്രസ്നേഹം നാം

വീണ്ടെടുക്കേണ്ടിയിരിക്കുന്നു. വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള സഭയുടെ പരമ്പരാഗതപഠനം അരക്കിട്ടുറപ്പിച്ച സിനഡ്രേഖ കുടുംബാംഗങ്ങളെ കരുണയോടെ നോക്കികാണുവാനും ആർക്കെങ്കിലും തെറ്റുപ്പറ്റിയിട്ടുണ്ടെങ്കിൽ കരുണതോന്നി അവരെ ശരിയായ പാതയിലേക്ക് തിരികെ കൊണ്ടുവരുവാനും ആഹ്വാനം ചെയ്യുന്നു. കാണാതെപോയ ആടിനെ അന്വേഷിച്ചിറങ്ങിയ നല്ല ഇടയന്റെ മാതൃക സ്വീകരിക്കണമെന്നും ധൂർത്തപുത്രന്റെ പിതാവിനെപോലെ പ്രതീക്ഷയുള്ളവനും സ്നേഹത്തോടെ ക്ഷമിക്കുന്നവനും ആകണമെന്നും സിനഡ് പറയുന്നു. അതിനാൽ കുടുംബത്തിൽ യേശുവിന്റെ കരുണയുടെ മൂഖങ്ങളാകുവാൻ താഴെ പറയുന്ന ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1) കരുണയ്ക്കും നീതിയ്ക്കും ദൈവഹിതമെന്ന് നിർവ്വചനം കൊടുത്ത പരി. കന്യകാമറിയത്തേയും വി. യൗസേപ്പ് പിതാവിനേയും പോലെ എപ്പോഴും എല്ലാറ്റിലും ദൈവഹിതം അന്വേഷിക്കുക.

2) ത്യാഗമില്ലാതെ സ്നേഹമില്ലയെന്ന ബോദ്ധ്യത്തിൽ സുഖദുഃഖസമ്മിശ്രമായ കുടുംബജീവിതത്തിലെ ദാമ്പത്യവിശ്വസ്തത ഉറപ്പുവരുത്തുക.

3) കുട്ടികൾക്കും അവകാശങ്ങളുണ്ടെന്ന ബോദ്ധ്യമുണ്ടായിരിക്കു; ഗർഭസ്ഥശിശുക്കൾക്ക് ജീവിക്കുവാനും കുട്ടികൾക്ക് മാതാപിതാക്കളുടെ സ്നേഹം കിട്ടി വളരുവാനും അവകാശമുണ്ടെന്നും മറക്കാതിരിക്കുക. അവരെ കൊല്ലുന്നതും ചൂഷണം ചെയ്യുന്നതും വലിയ പാപമാണ്. സ്നേഹിക്കുവാനും, കരുണ ചെയ്യുവാനും കുട്ടികളെ പഠിപ്പിക്കണം. നമ്മുടെ അതിരൂപതയിലെ സാമൂഹികപ്രേഷിതകേന്ദ്രമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളെ സഹായിക്കുവാനുള്ള പദ്ധതിയായ 'ഗോഡ്സ് ഓൺ ഫാമിലി 'യിൽ പങ്കുചേരുവാൻ സാധിക്കുന്ന എല്ലാവരേയും ഞാൻ ക്ഷണിക്കുന്നു. മാസന്തോറും 1250/- രൂപ വെച്ച് 5 വർഷം നൽകി (ആകെ 75,000/-രൂപ) കുടുംബങ്ങളെ സഹായിക്കുന്നതാണ് ഈ പദ്ധതി.

4) മക്കൾ, പ്രത്യേകിച്ചും പെൺകുട്ടികൾ, കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളോടും യുവജനങ്ങളോടും നാം കരുണ

കാണിക്കേണ്ടിയിരിക്കുന്നു. പാവപ്പെട്ടവരായവരുടെ പഠനം, ജോലി, വിവാഹം, വീടുപണിതുകൊടുക്കൽ എന്നിവയ്ക്ക് സഹായങ്ങൾ നൽകാൻ ഞാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

5) ഇന്ന് നമ്മുടെ കുടുംബങ്ങളിൽ ഏറ്റവും അധികം സ്നേഹത്തിന്റെ ദാരിദ്ര്യം അനുഭവിക്കുന്നവരാണ് പ്രായമായവരും, രോഗികളായവരും. മക്കളുടെ വിശ്വാസപരി ശീലനത്തിൽ കുടുംബപ്രാർത്ഥനയെക്കുറിച്ചും അപ്പാപ്പനും അമ്മാമയ്ക്കുമുള്ള സ്ഥാനത്തെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചും കേരളത്തിലെ മെത്രാന്മാർ പറഞ്ഞപ്പോൾ സിനഡ് പിതാക്കന്മാർ വളരെ സന്തോഷത്തോടെയാണ് അവ സ്വീകരിച്ചത്. കരുണ ഏറ്റവും അധികം അർഹിക്കുന്ന പ്രായമായിട്ടുള്ളവരോട് നാം പ്രത്യേകം പരിഗണന കാണിക്കേണ്ടതാണ്.

ആത്മീയവും ശാരീരികവുമായ ജീവകാരുണ്യപ്രവൃത്തികൾ ഈ ജൂബിലിവർഷത്തിൽ തീവ്രതയോടെ ചെയ്യുവാൻ മാർപ്പാപ്പ പ്രത്യേകം ആഹ്വാനം ചെയ്യുന്നുണ്ട്. മാർപാപ്പ പറയുന്നു, "വിശക്കുന്നവരെ തീറ്റിപ്പോറ്റുക, ദാഹിക്കുന്നവർക്ക് പാനീയം നൽകുക, നഗ്നരെ ഉടുപ്പിക്കുക, അപരിചിതരെ സ്വാഗതം ചെയ്യുക, രോഗികളെ സുഖപ്പെടുത്തുക, ബന്ധനസ്ഥരെ സന്ദർശിക്കുക, എന്നീ കാരുണ്യത്തിന്റെ ശാരീരികപ്രവൃത്തികൾ നമുക്ക് വീണ്ടും കണ്ടെത്തുവാൻ ശ്രമിക്കാം. സംശയമുള്ളവരെ ഉപദേശിക്കുക, അജ്ഞരേ പഠിപ്പിക്കുക, പാപികൾക്കു മുന്നറിയിപ്പു നൽകുക, പീഡിതരേ ആശ്വസിപ്പിക്കുക, കുറ്റങ്ങൾ ക്ഷമിക്കുക, നമുക്കെതിരെ തിന്മ പ്രവൃത്തിക്കുന്നവരോട് സഹനശീലം പ്രദർശിപ്പിക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ആദ്ധ്യാത്മികജീവകാരുണ്യപ്രവൃത്തികൾ നമുക്ക് മറക്കാതിരിക്കാം" (MV 15). തിരുന്നാൾ, ആദ്യകുർബ്ബാനസ്വീകരണം, വിവാഹം, ജൂബിലി, തുടങ്ങിയ ആഘോഷങ്ങളിലെ ധൂർത്ത് ഒഴിവാക്കി പാവപ്പെട്ടവരെ സഹായിക്കുവാൻ നമുക്ക് സാധിക്കണം. പീസ് ഹോം പോലുള്ള സ്ഥാപനങ്ങളിൽ ചെന്ന് വേദനിക്കുന്നവരോടും പാവപ്പെട്ടവരോടും ചേർന്ന് ഭക്ഷണം കഴിക്കുന്നതും അവർക്ക് ഭക്ഷണം കൊടുക്കുന്നതും വലിയ പരോപകാര പ്രവൃത്തിയാണ്. ഓരോ രൂപതയിലും നടക്കുന്ന ജൂബിലിവർഷ കാരുണ്യപ്രവൃത്തികളെക്കുറിച്ച് റോമിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ പരിശുദ്ധ സിംഹാസനം ആഹ്വാനം ചെയ്തിട്ടുണ്ട്. അതിനാൽ മാസംതോറും ഓരോ ഇടവക/സ്ഥാപനം/സംഘടന/

സന്യാസ സമൂഹത്തിൽ നടക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവിടത്തെ സാമൂഹിക ക്ഷേമസമിതി കൺവീനറും വികാരി/ ഡയറക്ടർ/സുപ്പീരിയറും ഒപ്പിട്ട് സാന്ത്വനം സാമൂഹികപ്രേഷിതകേന്ദ്ര ത്തിലേയ്ക്ക് അയക്കേണ്ടതാണ്.

മാർപാപ്പ ആഹ്വാനം ചെയ്യുന്നതുപോലെ ജൂബിലിവർഷത്തിൽ ഏറ്റവും പ്രാധാന്യത്തോടെ ചെയ്യേ ഒന്നാണ് കൂദാശജീവിതത്തിന്, പ്രത്യേകിച്ച് കുർബ്ബാനയ്ക്കും കുമ്പസാരത്തിനും, പ്രാധാന്യം നൽകു കയെന്നത്. ഈ വലിയ നോമ്പുകാലത്തെ നാലാമത്തെ ആഴ്ചയ്ക്കു മുമ്പുള്ള വെള്ളിയാഴ്ചയും ശനിയാഴ്ചയും (മാർച്ച് 4, 5) "കർത്താ വിനുവേയിയുള്ള 24 മണിക്കൂറായി" എല്ലാ രൂപതകളിലും ആചരിക്കു വാൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടു് (MV 17). അതിനാൽ മാർച്ച് 4 വൈകിട്ട് മുതൽ മാർച്ച് 5 വൈകിട്ടുവരെയുള്ള 24 മണിക്കൂറിൽ പള്ളി കളിലും സ്ഥാപനങ്ങളിലും ആരാധന (ജാഗരണ പ്രാർത്ഥന), കുമ്പ സാരത്തിനുള്ള സൗകര്യം (പ്രത്യേകിച്ച് യുവജനങ്ങൾക്കുള്ള കുമ്പസാ രത്തിനുള്ള സൗകര്യം) ഒരുക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

വിശുദ്ധ വർഷത്തിൽ നോമ്പുകാലത്തിൽ കാരുണ്യത്തിന്റെ മിഷനറിമാരെ മാർപാപ്പ അയക്കുന്നു് (MV 18). നമ്മുടെ അതിരൂപ തയിലും കാരുണ്യത്തിന്റെ മിഷനറിമാരുാകുവാൻ ഞാൻ ആഗ്രഹി ക്കുന്നു. സാമൂഹികക്ഷേമ സമിതി, അനുരഞ്ജനസമിതി, പാലിയേറ്റീവ് കെയർ യൂണിറ്റ്, ആതുരസേവനസ്ഥാപനങ്ങൾ തുടങ്ങിയവയിൽ പ്രവർ ത്തിച്ചുകൊ് സന്നദ്ധ ഭടന്മാരാകുവാനാണ് (വളിയർമാർ) ഈ കാരുണ്യമിഷനറിമാരേകൊ് ഉദ്ദേശിക്കുന്നത്. താല്പര്യമുള്ളവരുടെ പേരുവിവരം ഇടവകയിലും സാന്ത്വനം ഓഫീസിലും അറിയിക്കേ താണ്.

മത്തായിയുടെ സുവിശേഷത്തിൽ (മത്താ 9: 35 – 10: 15) കാണുന്നതുപോലെ പ്രാർത്ഥനയുടെയും ദൈവിക അനുകമ്പയുടേയും ഫലമാണ് വൈദികരും സമർപ്പിതരും. അതിനാൽ ദൈവവിളി പ്രോത്സാ ഹനവും സമർപ്പിതരുടെ പരിശീലനത്തെ സഹായിക്കലും കാരുണ്യപ്ര വൃത്തികൾ തന്നെയാണ്. സമർപ്പിതവർഷാചരണം 2016 ഫെബ്രുവരി 2ന് സമാപിക്കുന്നുവെങ്കിലും നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കു ന്നവരും അതിരൂപതയിൽ നിന്നും പുറത്തുപോയി ലോകത്തിന്റെ വിവി

ധഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരുമായ എല്ലാ വൈദികരുടേയും സമർപ്പിതരുടെയും ഒരു മഹാസംഗമം 2016 മേയ് 14 ശനിയാഴ്ച തൃശ്ശൂരിൽ വെച്ച് നടത്തുവാൻ തിരുമാനിച്ചിട്ടു്. അതിനാൽ ഈ സമർപ്പിതരുടെ വീട്ടുകാർ ഈ കാര്യം ബന്ധപ്പെട്ടവരെ അറിയിച്ച് ക്ഷണിച്ചുകൊുവരുവാൻ താല്പര്യപ്പെടുന്നു.

കരുണയുടെ ജൂബിലിവർഷത്തിലെ എല്ലാ പ്രവർത്തനങ്ങളും വിജയിപ്പിക്കുന്നതിനുള്ള ശക്തികേന്ദ്രം ഈശോതന്നെയാണ്. 'കരുണയുടെ ഈശോയോടുള്ള ഭക്തി' (ജീസസ് ഓഫ് മേഴ്സി) പ്രോത്സാഹിപ്പിക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നത് ഈ പശ്ചാത്തലത്തിലാണ്. കരുണയുടെ ഈശോയുടെ തിരുനാൾ ഏപ്രിൽ 3 ഞായറാഴ്ചയാണെന്ന് ഓർമ്മിപ്പിക്കുന്നു. കരുണകൊന്തയ്ക്ക് പ്രചാരം കൊടുക്കുവാനും ഇത്തരുണത്തിൽ ഞാൻ ആഹ്വാനം ചെയ്യുന്നു. കാരുണ്യത്തിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം ഈ ജൂബിലിവർഷത്തിലും, പ്രത്യേകിച്ച് നോമ്പ് കാലത്തും, നമുക്ക് മദ്ധ്യസ്ഥയും മാതൃകയുമാകട്ടെയെന്ന് ആശംസിക്കുന്നു. നമുക്ക് പരിശുദ്ധാത്മാവിനാൽ ആനയിക്കപ്പെട്ട് കാരുണ്യത്തിന്റെ ഉറവ തേടാം. അടുത്തുവരുന്ന ഉയിർപ്പുതിരുനാളിന്റെ ആശംസകൾ ഏവർക്കും നേരുന്നു.

എന്ന്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

---

**NB:** ഈ ഇടയലേഖനം 2016 ഫെബ്രുവരി 14ന് ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. **+AT**

Ref: 2913/K 35/OL/KCBC/DS
18.01.2016

# 2016 ഫെബ്രുവരി 14
# തിരുബാലസഖ്യദിനം
## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

ആഗോള കത്തോലിക്കാസഭ എല്ലാ വർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായാറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. ബാലനായ യേശുവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, അവശരും, ദരിദ്രരും, അനാഥരും, നീതി ലഭിയ്ക്കാത്തവരുമായ കുട്ടികളുടെ ഉന്നമനത്തിനായി സ്ഥാപിയ്ക്കപ്പെട്ടതാണ് തിരുബാലസഖ്യം. കേരളത്തിലെ എല്ലാ കത്തോലിയ്ക്കാ ദൈവാലയങ്ങളിലുമായി ബാലജനസംഘടനകളുടെ കൂടെ തിരുബാലസഖ്യവും ഉണ്ടാകുമെന്ന് വിശ്വസിയ്ക്കുന്നു. സഖ്യത്തിലെ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഞങ്ങളുടെ അനുഗ്രഹവും ആശംസകളും.

ബഹുതല ചിന്തകളാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത്. തങ്ങളാൽ കഴിയുന്നത് തങ്ങളെക്കാൾ അവശരും ദരിദ്രരുമായ കുട്ടികൾക്കു വേണ്ടി ദാനമായി നൽകുക എന്ന കരുണയുടെ പാഠമാവണം കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ചിന്തകളിൽ പതിയേണ്ടത്. നമ്മുടെ പൊതുഗൃഹത്തിന്റെ നന്മകൾക്ക് നാം മാത്രമല്ല അവകാശികളെന്നും പങ്കുവയ്ക്കുകയെന്ന് ഔദാര്യമല്ല കടമയാണെന്നും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ട ദിവസമാണിന്ന്.

നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം. വ്യക്തി സ്വാതന്ത്ര്യങ്ങളുടെയും നിയമ പരിരക്ഷയുടെയും അകമ്പടിയും ജീവിതത്തിൽ അനുസരണവും, വിധേയപ്പെടലും ക്രിസ്തു ചൈതന്യത്തിന്റെ ഭാഗം തന്നെയാണ്. ശരിയായ വളർച്ചാമുഖങ്ങൾക്ക് ഇത് അനിവാര്യവുമാണ്.

യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലി

ലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കു വേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾപോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയ ബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവ കല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറയിാതെ പോകരുത്.

ഓരോ കുട്ടിയ്ക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതിക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് കുട്ടികൾ ഈ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്.

ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്.˝ ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗീകമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടി വരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാമാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

അസഹിഷ്ണുതയും , സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതംമാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതിയുവാക്കളെയും കടത്തിക്കൊണ്ടു പോകുകയുംചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും വഴിതെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നിൽക്കുക, പ്രവർത്തിക്കുക എന്നത് അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ

കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻമുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം

**ബിഷപ്പ് വിൻസെന്റ് സാമുവൽ**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2016 ഫെബ്രുവരി 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ഫെബ്രുവരി | 2 : | നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ) |
| | 4 : | വി. ജോൺ ബ്രിട്ടോ |
| | 5 : | ആദ്യവെള്ളി |
| | 7 : | **നോമ്പ് ഒന്നാം ഞായർ** (പാതിരാമുതൽ നോമ്പ് ആരംഭം) |
| | 8 : | വിഭൂതി (ഉപവാസദിനം) |
| | 11 : | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| | 14 : | **നോമ്പ് രണ്ടാം ഞായർ** |
| | 21 : | **നോമ്പ് മൂന്നാം ഞായർ** |
| | 23 : | വി. പൊലിക്കാർപ്പ് |
| | 28 : | **നോമ്പ് നാലാം ഞായർ** |

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 03 : | | വൈദികസ്ഥലമാറ്റം |
| | 09 : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 10 : | 10:00 am | വൈദിക മാസധ്യാനം |
| | 14 : | | മതബോധന വാർഷികപരീക്ഷകൾ |
| | 15 : | 02:30 pm | വൈദികസമിതിയോഗം |
| | 21 : | | മതബോധന വാർഷികപരീക്ഷകൾ |
| | 25 : | 10:00 am | ആലോചനസമിതിയോഗം |
| | 28 : | | മതബോധന വാർഷികപരീക്ഷകൾ |

**3. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. പ്രത്യക്ഷവത്കരണകാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതുദിവസത്തെ

ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. പക്ഷെ, മാർതോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾവരെ നോമ്പു നോക്കിയിരുന്നതാകാം 'അമ്പതുനോനോമ്പ്' എന്നു പറയാനുള്ളകാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിച്ചു' 'മുഴുവനായി' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

മാമ്മോദീസാവഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപം വഴി ദൈവത്തിൽനിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്.ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു.അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്ക് പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്ക് പ്രവേശിക്കാം.

**4. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം :**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതു മാസധ്യാനം 2016 ഫെബ്രുവരി 10-ന് ചൊവ്വാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**5. വലിയ നോമ്പ് :**

2016 ഫെബ്രുവരി 7 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും

ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

08.02.2016 : വിഭൂതി തിങ്കൾ : ഉപവാസദിനം

10.02.2016 : വൈദിക മാസധ്യാനം

13.03.2016 : പാലയൂർ മഹാതീർത്ഥാടനം

20.03.2016 : ഓശാന ഞായർ

21.03.2016 : സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ

24.03.2016 : പെസഹാവ്യാഴം

25.03.2016 : പീഡാനുഭവവെള്ളി : ഉപവാസദിനം

27.03.2016 : ഉയിർപ്പ് തിരുനാൾ

**6. വിവാഹാഘോഷം മുടക്ക് :**

2016 ഫെബ്രുവരി 7 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**7. പാലയൂർ മഹാതീർത്ഥാടനം :**

2016 മാർച്ച് 13നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. സമർപ്പിത വിശുദ്ധീകരണദിനം :**

2016 മാർച്ച് 21-ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3 മണിവരെ ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ

പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി. കുർബ്ബാന മദ്ധ്യേ മൂറോൻ കൂദാശ നടത്തുന്നതാണ്. വെഞ്ചിരിച്ച സൈത്ത് പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ലഭിക്കുന്നതാണ്.

**9. വൈദികരുടെ നിയമനം :**

1. ഫാ. മത്തായി അക്കര OFM.Cap. – സഹായി അരിമ്പൂർ; സാധുത 2015 ഡിസംബർ 15 മുതൽ.

**10. പ്രത്യേക നിയമനങ്ങൾ :**

**കൈക്കാരന്മാർ :**

| | |
|---|---|
| തലോർ | നീലങ്കാവിൽ ജോസഫ് ആന്റോ |
| | കൊമ്പൻ ലോനപ്പൻ ജോയ് |
| | ആലുക്ക റപ്പായി വിൽസൻ |
| | ചൂണ്ടൽ റാഫേൽ ജോബി |
| ചിറക്കേക്കോട് | ആലക്കാപ്പിള്ളി തോമസ് |
| | കുന്നുംപുറം തങ്കച്ചൻ |
| മാടക്കത്തറ | മാളിയേക്കൽ തോമസ് സണ്ണി |
| | ചിറ്റിലപ്പിള്ളി കുന്നൻ ജോസ് ബെന്നി |
| | കീറ്റിക്കൽ മാത്യു സാജൻ |

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## അമലനഗർ ഇടവക സ്ഥാപനഡിക്രി

**കല്പന നമ്പർ : 2490/2015, (DL 02/2015) തിയതി 16-12-2015**

**അമലനഗർ ക്വാസി ഇടവക ബഹു. പ്രോ-വികാരിക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം,**

സൂചന:

1. അമലനഗർ സെന്റ് ജോസഫ് ഇടവകയെ ക്വാസി ഇടവകയായി പ്രഖ്യാപിച്ചുകൊണ്ടുള്ള അതിരൂപതാധ്യക്ഷന്റെ 24.08.2013ലെ കല്പന (1785/2013)
2. അമലനഗർ സെന്റ് ജോസഫ് ഇടവകയെ സ്വതന്ത്ര ഇടവകയാക്കുന്നതിന് ബഹു. പ്രോ-വികാരിയുടെ യോഗതീരുമാനപ്രകാരമുള്ള 17.08.2015ലെ അപേക്ഷ.
3. അതിരൂപതാ വൈദിക സമിതിയുടെ സ്വതന്ത്ര ഇടവകയാക്കുന്നതിനുള്ള 14-09-2015 ലെ ശിപാർശ
4. അമലനഗർ ഇടവകയെ പറപ്പൂർ ഫൊറോനയുടെ ഭാഗമാക്കുന്നതിനായി യോഗതീരുമാനപ്രകാരമുള്ള 12.10.2015ലെ അപേക്ഷ
5. അതിരൂപതാ ആലോചന സമിതിയുടെ 04-12-2015 ലെ (58/2015) ശിപാർശ
6. അമലനഗർ ഇടവക പറപ്പൂർ ഫൊറോനയുടെ ഭാഗമാക്കുന്നതിനെ സംബന്ധിച്ചുള്ള പെ. ബഹു. കൊട്ടേക്കാട് ഫൊറോന വികാരിയുടെ 10-12-2015 ലെ റിപ്പോർട്ട്
7. അമലനഗർ ഇടവക പറപ്പൂർ ഫൊറോനയുടെ ഭാഗമാക്കുന്നതിനെ സംബന്ധിച്ചുള്ള പെ. ബഹു. പറപ്പൂർ ഫൊറോന വികാരിയുടെ 11-12-2015 ലെ റിപ്പോർട്ട്
8. അതിരൂപതാ വൈദിക സമിതിയുടെ ഫൊറോനമാറ്റത്തെ സംബന്ധിച്ചുള്ള 14-12-2015 ലെ ശിപാർശ
9. പേരാമംഗലം, അമലനഗർ എന്നിവിടങ്ങളിലെ ബഹു. വികാരിമാരുടെയും കൈക്കാരന്മാരുടെയും 16.12.2015ലെ യോഗതീരുമാനം.

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ അമലനഗർ ക്വാസി ഇടവകയെ 2015 ഡിസംബർ മാസം 25-ാം തിയതി മുതൽ ഒരു സ്വതന്ത്ര ഇടവകയായും അമലനഗർ സെന്റ് ജോസ്ഫ് പള്ളിയെ ടി. ഇടവകസമൂഹത്തിന്റെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.

Prot. No : 3915/2015/S/ABP 16/Dec/2015

## അമലനഗർ ഇടവകയുടെ അതിർത്തികൾ

1. **വടക്ക്:** തൃശ്ശൂരിൽ നിന്ന് ഗുരുവായൂർ ദിശയിലേക്കുള്ള റെയിൽപാതയുടെ ഇടതുഭാഗത്ത് പേരാമംഗലം ഇടവകയിൽ ഉൾപ്പെട്ടിരുന്ന പ്രദേശം മുഴുവൻ അമലനഗർ ഇടവകയിൽ ഉൾപ്പെടുന്നു.
2. **പടിഞ്ഞാറ്:** വടക്ക് റെയിൽപാത മുതൽ 260/3 എന്ന സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി തുടർന്ന്, ചിറ്റിലപ്പിള്ളി - പേരാമംഗലം ഇടവകാതിർത്തിയായിരുന്ന പൂഴിത്തോട് ആരംഭിക്കുന്ന കണിയന്തകുളം വരെ, ടി. തോടിന്റെ നിലവിൽ പേരാമംഗലം ഇടവകയിൽപ്പെട്ടിരുന്ന ഭാഗം ഉൾപ്പെടുത്തി, തുടർന്ന് റീ-സർവ്വേ നമ്പർ 196 (RM.Co ഡവലപ്പേഴ്സിനു കീഴിലുള്ള സ്ഥലങ്ങൾ) ഉൾപ്പെടുത്തി ഡിസ്പെൻസറി - ജംഗ്ഷൻ വരെ (അടാട്ട് പ്രൈമറി ഹെൽത്ത് സെന്റർ) അമലനഗർ ഇടവകയിൽപ്പെടുന്നു. (പൂഴിത്തോടിന് സമീപമുള്ള കുരിശുപള്ളി ചിറ്റിലപ്പിള്ളി ഇടവകയിൽപ്പെടുന്നു)
3. **തെക്ക്:** ഡിസ്പെൻസറി-ജംഗ്ഷൻ മുതൽ കിഴക്കോട്ടുള്ള ഡിസ്പെൻസറി റോഡിന്റെയും തുടർന്നുള്ള അഞ്ജലി ഗാർഡൻ റോഡിന്റെയും ഇരുപുറവും അമലനഗറിൽ ഉൾപ്പെടുന്നു അഞ്ചലി ഗാർഡൻ റോഡിൽ നിന്ന് തെക്കോട്ട് പോകുന്ന ആശ്രമം റോഡും കെ. വി. റോഡും മേരിറാണി സി. ബി. എസ്. ഇ. സ്കൂളും (ഇപ്പോൾ പുറനാട്ടുകര ഇടവകയിൽപ്പെടുന്നവ) അമലനഗർ ഇടവകയിൽപ്പെടുന്നില്ല. എന്നാൽ ഡിസ്പെൻസറി റോഡ്, അഞ്ജലി ഗാർഡൻ റോഡ് എന്നിവയുടെ തെക്കു ഭാഗത്ത് ടി. റോഡുകളിലേക്ക് മാത്രം തുറവിയുള്ള പുതുതായി വരുന്ന ഉപവഴികൾ അമലനഗറിൽ ആയിരിക്കും. അഞ്ജലി ഗാർഡൻ കഴിഞ്ഞ് തെക്കോട്ട്

വിലങ്ങൻകുന്ന് ടിക്കറ്റ് കൗണ്ടർ വരെയുള്ള റോഡിന്റെ ഇരുവശവും അമലനഗറിൽപ്പെടുന്നു. എന്നാൽ ടി. റോഡിൽ നിന്നും പടിഞ്ഞാറോട്ടുള്ള കെ. വി. സ്ട്രീറ്റ് റോഡ് ആമ്പക്കാട് ഇടവകയിലാണ്. ടി. ടിക്കറ്റ് കൗണ്ടർ മുതൽ വിലങ്ങൻകുന്നിന്റെ കിഴക്കുഭാഗത്തുകൂടി ഹൈവേയിൽ എത്തുന്ന വിലങ്ങൻ റോഡിന്റെ ഇരുവശവും അമലനഗറിൽ ഉൾപ്പെടുന്നു. വിലങ്ങൻ റോഡിൽ നിന്ന് തെക്കോട്ടു പോകുന്ന വിവേകാനന്ദറോഡിന്റെ ഇരുവശം മഹാത്മ റോഡിനു തൊട്ടുമുമ്പ് ജ്വാല ക്ലബിനുതൊട്ട് കിഴക്കോട്ടിറങ്ങുന്ന ഉപവഴി വരെ അമലനഗറിൽപ്പെടുന്നു (ഉപവഴിയിലെ വീടുകളും പുഴക്കൽ വില്ലേജ് 148,164/14 സർവ്വേ നമ്പറുകളും ആമ്പക്കാട് ഇടവകയിൽപ്പെടുന്നു). മഹാത്മ റോഡ് സന്ധിക്കുന്നിടം മുതൽ കിഴക്കോട്ട് ഹൈവേവരെ വടക്കുഭാഗം അമലനഗറിൽപ്പെടുന്നു.

4. കിഴക്ക്: മുതുവറ ശിവക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് കുന്നംകുളം ഹൈവേയിൽ നിന്നും ആരംഭിക്കുന്ന മുതുവറ-ചുരക്കാട്ടുകര റോഡിലൂടെ റെയിൽപാത വരെ, ടി. റോഡിന്റെ വടക്കുഭാഗം അമലനഗറിൽ ഉൾപ്പെടുന്നു.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2015 ഡിസംബർ മാസം 16-ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ

കോപ്പി:
പെ. ബഹു. പറപ്പൂർ ഫൊറോന വികാരി
ബഹു. ചിറ്റിലപ്പിള്ളി ഇടവക വികാരി
ബഹു. പുറനാട്ടുകര ഇടവക വികാരി
ബഹു. ആമ്പക്കാട് ഇടവക വികാരി

ബഹു. പേരാമംഗലം ഇടവക വികാരി

കല്പന നമ്പർ : 2490/2015, (DL 02/2015) തിയതി 16-12-2015

**അമലനഗർ ഇടവക ബഹു. വികാരിക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം,**

അമലനഗർ ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. അമലനഗർ സ്വതന്ത്ര ഇടവക ഇനിമുതൽ പറപ്പൂർ ഫൊറോനയുടെ ഭാഗമായിരിക്കും.
2. അമലനഗർ ക്വാസി ഇടവകയുടെ നിലവിലുള്ള അതിർത്തികൾത്തയൊയിരിക്കും അമലനഗർ സ്വതന്ത്ര ഇടവകയുടെ അതിർത്തികൾ.
3. മുണ്ടോപ്പുറം ബഹു. ഡെയ്സൻ അച്ചനെ 2015 ഡിസംബർ 25 മുതൽ അമലനഗർ ഇടവകയുടെ വികാരിയായി നിയമിക്കുന്നു.
4. അമലനഗർ സെന്റ് ജോസഫ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുന്നുവരെ, അമലനഗർ ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകയായ പേരാമംഗലം ഇടവക സെമിത്തേരി ഉപയോഗിക്കാൻ അമലനഗർ ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ടി സെമിത്തേരിയിൽ സ്ഥിരം കല്ലറയുള്ള അമലനഗർ ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. അമലനഗർ ഇടവകാംഗങ്ങളുടെ മൃതസംസ്കാരം പേരാമംഗലം പള്ളിസെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം അമലനഗർ പള്ളിയിലോ പേരാമംഗലം പള്ളിയിലോ നടത്താവുന്നതാണ് (അമലനഗർ ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം)
5. അമലനഗർ ഇടവകയ്ക്ക് മാതൃ ഇടവകയായ പേരാമംഗലം ഇടവകയിൽ നിന്നും ലഭിക്കേണ്ട വിഹിതവും (36,30,000/-) സംഭാവനയായി നൽകിയ സംഖ്യയും (13,70,000/) കൂടി ആകെ അമ്പതുലക്ഷം

രൂപ അമലനഗർ ഇടവകയ്ക്ക് കൊടുത്തിരിക്കുന്നതിനാൽ സാമ്പത്തികമായ മറ്റ് അവകാശങ്ങൾ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അതിരൂപതയിലെ സെമിത്തേരിയെ സംബന്ധിച്ച നിയമാവലിപ്രകാരം (അതിരൂപതാനിയമവലി ആ.6) അമലനഗർ ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെ മാതൃഇടവകയിലെ സെമിത്തേരിയിൽ അമലനഗർ ഇടവക്കാർ വാങ്ങുന്ന സ്ഥിരം കല്ലറയുടെ നിരക്കിന്റെ (ഒരാൾ, ദമ്പതി, കുടുംബകല്ലറ) 25% വിഹിതം ലഭിക്കാൻ അമലനഗർ ഇടവകയ്ക്ക് അവകാശമുണ്ടായിരിക്കും.

6. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2015 ഡിസംബർ 25-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2015 ഡിസംബർ മാസം 16-ാം തിയതി നൽകപ്പെടുന്നത്.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ

കോപ്പി :
പെ. ബഹു. പറപ്പൂർ ഫൊറോന വികാരി
പെ. ബഹു. കൊട്ടേക്കാട് ഫൊറോന വികാരി
ബഹു. പേരാമംഗലം ഇടവക വികാരി

# ആദരാഞ്ജലികൾ

## റവ. ഫാ. നിക്കോളസ് അന്തിക്കാട്ട്

**(10.02.1930–17.01.2016)**



*തൃശൂർ അതിരൂപതയിലെ വൈദികനും സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പാളുമായ റവ. ഫാ. നിക്കോളസ് അന്തിക്കാട്ട് (85) 2016 ജനുവരി 17ന് ഞായർ രാത്രി 8:30ന് അന്തരിച്ചു.*

*വൈലത്തൂർ ഇടവകയിലെ അന്തിക്കാട്ട് പൊറിഞ്ചു – താണ്ടമ്മ ദമ്പതികളുടെ മകനായി 1930 ഫെബ്രുവരി 10ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനരി, റോമിലെ പ്രൊപ്പഗാന്ത സെമിനരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം റോമിൽവച്ച് 1966 ജനുവരി 6ന് പോൾ 6–ാമൻ മാർപ്പാപ്പയിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. പൂങ്കുന്നം, അയ്യന്തോൾ, തൃശ്ശൂർ ലൂർദ്, നെല്ലങ്കര, ഒളരിക്കര എന്നീ ഇടവകകളിൽ അജപാലനം നിർവഹിച്ച ബഹു. അച്ചൻ പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോം, മുളയം ഹോം ഓഫ് ലവ് എന്നിവിടങ്ങളിലും മെത്രാപ്പോലീത്തൻ കോടതിയിൽ പ്രൊമോട്ടർ ഓഫ് ജസ്റ്റിസായും സാഗർ രൂപതയിലും സേവനം ചെയ്തിട്ടു*

*ണ്ട്. സെ. തോമസ് കോളേജിൽ അധ്യാപകൻ, വാർഡൻ, പ്രിൻസിപ്പൾ എന്നീ തസ്തികകളിലും തേവര കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിലും അധ്യാപകനായും പ്രവർത്തിച്ചിട്ടുണ്ട്. 1998 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.*

*തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ 2016 ജനുവരി 18ന് തിങ്കളാഴ്ച രാവിലെ 8:30 മണിക്ക് മോൺ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിലുള്ള വി. ബലിക്കുശേഷം മൃതദേഹം വൈലത്തൂർ ഇടവകയിലെ സ്വവസതിയിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് 1:30ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം ഭവനത്തിൽ നടത്തപ്പെടുകയും തുടർന്ന് മൃതദേഹം വിലാപയാത്രയായി വൈലത്തൂർ പള്ളിയിലേക്ക് കൊണ്ടുവരികയും മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം നടത്തപ്പെടുകയും ചെയ്തു. തുടർന്ന് 2:30 മണിക്ക് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും, മാർ ആൻഡ്രൂസ് താഴത്ത്, മാർ പോൾ ചിറ്റിലപ്പിള്ളി എന്നീ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും ദിവ്യബലിയും മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗവും നടത്തപ്പെട്ടു. അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് അനുസ്മരണസന്ദേശം നൽകി. തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ സെമിത്തേരിയിലെ സമാപനശുശ്രൂഷകൾ നടത്തപ്പെട്ടു.*

*കർത്താവിന്റെ മുന്തിരി തോട്ടത്തിൽ അഹോരാത്രം അധ്വാനിച്ച അന്തിക്കാട്ട് ബഹു. നിക്കോളസ് അച്ചന്*

*അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ*
*സ്നേഹാഞ്ജലികൾ!!!!!!*



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## February 2016

| Date | Day | Time | Programme |
|---|---|---|---|
| 01 | Mon | Morning | Engaged |
| | | | Buon Natale House Blessing - Erumapetty |
| | | Evening | Holy Mass & Kappela Blessing at Bharatha |
| 02 | Tue | Morning | Curia Meeting |
| | | | Engaged |
| 03 | Wed | Moring | General Transfer of Priests |
| | | Evening | Ex-Leuven Gathering at DBCLC |
| 04 | Thu | Morning | Out of Station |
| | | Evening | Palliative Care Meeting |
| 05 | Fri | Morning | Curia Meeting |
| | | | **For Priests & Religious** |
| 06 | Sat | Morning | Holy Mass at Koonammavu: 150th year of CMC |
| 07 | Sun | | Pastoral Visit |
| 08 | Mon | Morning | Holy Mass at Palayur Morning |
| 9 | Tue | Morning | Curia Meeting |
| | | | **For the People** |
| | | Evening | Finance Council |
| 10 | Wed | Morning | Monthly Recollection to Priests |
| | | Evening | Aluva Seminary |
| 11 | Thu | Morning | Aluva Seminary |
| | | Evening | Delhi |
| 12 – 13 | | Fri | Delhi |
| 14 | Sun | Morning | Meeting – Kottekad |
| | | | Holy Mass at Valappad – |

| | | | |
|---|---|---|---|
| | | | Dharshana Sabha Diocesan Convnetion |
| 15 | Mon | Morning | Engaged |
| | | Afternoon | Priest Senate |
| | | | JMMC Trust Meeting |
| 16 | Tue | Morning | Curia Meeting |
| | | Evening | **For Priests & Religious** |
| 17 | Wed | | Out of Station |
| 18 | Thu | Morning | Holy Mass at Minor Seminary |
| | | | Graduation Day – Nursing College at Kacherry |
| 19 | Fri | Morning | Curia Meeting |
| | | Evening | Popular Mission Retreat at Olarikkara |
| 20 | Sat | | Engaged |
| 21 | Sun | | Pastoral Visit |
| 22 | Mon | Morning | For the People |
| | | Evening | Holy Mass at Jerusalem Retreat Center – Nursing Students' Retreat |
| 23 | Tue | Morning | Curia Meeting |
| | | | Engaged |
| 24 | Wed | Morning | Engaged |
| | | Evening | Retreat – Lourdes Cathedral |
| 25 | Thu | Morning | Consulters' Meeting |
| | | Evening | Holy Mass at Jerusalem Retreat Center – Nursing Students' Retreat |
| 26 | Fri | Morning | Curia Meeting |
| | | Evening | Annual Day – St. Mary's College |
| 27 | Sat | Morning | Holy Mass at Gagultha Retreat Center, Kurumal |
| 28 | Sun | | Pastoral Visit |
| 29 | Mon | | Bangalore – St. John's Governing Board Meeting |




| Date | Day | Time | Programme |
|---|---|---|---|
| 01 | Mon | | Goa |
| 02 | Tue | Evening | Peechi |
| 03 | Wed | Morning | Attapaddy |
| 04 | Thu | Morning | Kuriachira- St. Joseph's Model Boys' School |
| | | noon | Kanjirappilly- Consecreation of Bishop Jose pulikkal |
| 05-09 | Fri-Tue | | Ahammedabad |
| 10 | Wed | Morning | Priest's Monthly Retreat- DBCLC |
| 11 | Thu | Morning | POC- Kochi |
| 12 | Fri | Noon | Vadakkanchery- St. Fraancis School |
| 13 | Sat | Morning | Convention- Changanassery |
| 14 | Sun | Morning | Ollukara- Presbitary Blessing |
| 15 | Mon | | |
| 16 | Tue | Evening | Kodannur- St. Antony's UP School |
| 17 | Wed | | |
| 18 | Thu | | |
| 19 | Thu | noon | Engaged |
| 20 | Sat | | |
| 21 | Sun | | |
| 22 | Mon | | |
| 23 | Tue | | |
| 24 | Wed | | |
| 25 | Thu | | |
| 26 | Fri | | |
| 27 | Sat | Noon | Palayur- St. Thomas LP School |
| 28 | Sun | Morning | Kurumal- Gagultha Retreat Centre |
| | | Evening | Lourde Cathedral |
| 29 | Mon | | |

# നാളാഗമം

**ഡിസംബർ 2015**

01. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് അത്താണിയിൽ നടന്ന കുട്ടികളുടെ മാർച്ച് ഫ്ളാഗ് ഓഫ് ചെയ്തു. അഭിവന്ദ്യ റാഫേൽ പിതാവ് വേലൂപ്പാടം ഇടവകയിൽ സ്കൂൾ കെട്ടിടം ആശീർവദിച്ചു. ഉച്ചതിരിഞ്ഞ് നാഗ്പൂർ മിഷനിലേയ്ക്ക് പോയി.

02. അഭിവന്ദ്യ താഴത്ത് പിതാവ് ഇരിങ്ങാലക്കുടയിൽ നടന്ന പ്രോവിൻസ് മീറ്റിംഗിൽ പങ്കെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് ചേറ്റുപുഴ എസ്. എ. ബി. എസ്. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് ബൊൻ നത്താലെയുടെ ഭാഗമായി സംഘടിപ്പിച്ച പൗരാവലി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ്

04. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് തൃശ്ശൂർ എം. ഐ. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. രാവിലെ നടന്ന ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു.

05. അഭിവന്ദ്യ താഴത്ത് പിതാവ് കോഴിക്കോട് യൂണിവേഴ്സിറ്റി കാമ്പസ്സിൽ ക്രിസ്റ്റ്യൻ ചെയറിന്റെ പുതുതായി പണിത കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. മുരിങ്ങൂരിൽ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ജൂബിലിയാഘോഷ പരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ എം. എസ്. ഡബ്ല്യൂ വിഭാഗത്തിന്റെ സെമിനാർ ഉദ്ഘാടനം ചെയ്തു.

06. അഭിവന്ദ്യപിതാക്കന്മാർ തൃശ്ശൂർ അതിരൂപതയുടെ യുവജനസംഗമം 'യോബെൽ 2015' ൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ നടന്ന സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ യോഗത്തിൽ പങ്കെടുക്കുകയും കാരുണ്യവർഷപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഏനാമാക്കൽ ഇടവകയിൽ വിശുദ്ധ ബലി അർപ്പിക്കുകയും ദൈവാലയത്തിന്റെ പ്രധാനവാതിൽ ആശീർവദിച്ചു. ഉച്ചതിരിഞ്ഞ് ചേരുംകുഴി ഇടവകയിൽ വി. അന്തോണീസിന്റെ തിരുശേഷിപ്പ് സ്ഥാപിച്ചു.

07. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ ആശുപത്രിയിൽ പുതുതായി ആരംഭിച്ച ആയുർവേദവിഭാഗത്തിന്റെ ആശീർവാദ കർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യപിതാക്കന്മാർ സി. എസ്. എം. സന്യാസിനീസമൂഹത്തിന്റെ സിനാക്സിസിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

08. അഭിവന്ദ്യപിതാക്കന്മാർ രാമനാഥപുരം രൂപതയുടെ കൊഴിഞ്ഞാമ്പാറയിൽ പുതുതായി നിർമ്മിച്ച മൈനർ സെമിനാരിയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ്

09. അഭിവന്ദ്യ പിതാക്കന്മാർ കെ. സി. ബി. സി. യോഗത്തിൽ പങ്കെടുക്കുന്നതിനായി പോയി.

10. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചതിരിഞ്ഞ് കോട്ടയം വടവാതൂർ സെമിനാരിയിൽ ഡീക്കൻമാരെ ധ്യാനിപ്പിക്കുന്നതിനായി പോയി.

12. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് തൃശ്ശൂർ അതിരൂപതയിൽ ഈ വർഷം വിവാഹത്തിന്റെ സിൽവർ ജൂബിലിയാഘോഷിക്കുന്നവരുടെ അനുമോദനമീറ്റിംഗിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ ബസിലിക്ക ഫൊറോനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സമർപ്പിതസംഗമത്തിൽ പങ്കെടുത്തു. ഉച്ചക്കുശേഷം സാന്ത്വനത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് ജന്മദിനത്തോടനുബന്ധിച്ച് പെരിങ്ങണ്ടൂരിൽ മേഴ്സി ഹോം സന്ദർശിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ്

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കരുണാവർഷകവാടം തൃശ്ശൂർ ബസിലിക്കയിൽ തുറന്ന് അതിരൂപതയിലെ കരുണാവർഷം ഉദ്ഘാടനം ചെയ്തു. അതിനുശേഷം തൃശ്ശൂർ അതിരൂപതയിൽ വിവാഹത്തിന്റെ സുവർണ്ണജൂബിലിയാഘോഷിക്കുന്നവരോത്ത് വി. ബലിയർപ്പിക്കുകയും അനുമോദനങ്ങൾ നേരുകയും ചെയ്തു. ഉച്ചതിരിഞ്ഞ് കരുണാവർഷത്തിലെ വിശുദ്ധകവാടം പാലയൂരിൽ തുറന്ന് വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് സമർപ്പിതവർഷത്തോടനുബന്ധിച്ച് ഡി. ബി. സി. എൽ. സി. യിൽ നടന്ന സംഗമത്തിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. ഉച്ചക്കുശേഷം അതിരൂപത വൈദികസമിതി യോഗത്തിൽ പങ്കെടുത്തു.

15. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ്

പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ബൊൻ നത്താലെയോടനുബന്ധിച്ച് തൃശ്ശൂർ ശക്തൻ നഗറിൽ സംഘടിപ്പിച്ചിരുന്ന എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

16. അഭിവന്ദ്യപിതാക്കന്മാർ സെന്റ് തോമസ് കോളേജ് പേട്രൺസ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന വികാരിമാരുടെ യോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയുടെ ഫൗണ്ടേഷൻ ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

17–18 അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. മീറ്റിംഗിനായി ഡൽഹിക്കു പോയി.

18. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് വിയ്യൂർ സെൻട്രൽ ജയിലിൽ ജീസസ് ഫ്രട്ടേർണിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു. അതിനുശേഷം പുത്തൻപീടിക ഇടവകയിൽ നടന്ന സ്നേഹോത്സവത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചതിരഞ്ഞ് വേലൂപാടം സെന്റ് പയസ് സി. എം. സി. കോൺവെന്റിലെ സിസ്റ്ററിന്റെ മൃതസംസ്ക്കാര കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കോട്ടപ്പുറം സെന്റ് തോമസ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ ടൗൺ ഹാളിൽ നടന്ന വികലാംഗ അസോസിയേഷൻ മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം പല്ലിശ്ശേരി ഇടവകയിൽ പാലിയേറ്റീവ് കെയറിന്റെ ഭാഗമായി വിഭാവനം ചെയ്യുന്ന ശാന്തിഭവൻ പാലിയേറ്റീവ് ആശുപത്രിയുടെ ശിലാസ്ഥാപനം നടത്തി. ഉച്ചതിരിഞ്ഞ് കെ. സി. വൈ. എം.-കത്തോലിക്ക കോൺഗ്രസ്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ അഭിവന്ദ്യ താഴത്ത് പിതാവിന്റെയും അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെയും ജന്മദിനത്തോടനുബന്ധിച്ച് ക്രൈസ്റ്റ് വില്ലയിൽ ഒരുക്കിയ 'കരുണാദിനം' എന്ന പരിപാടിയിൽ പങ്കെടുത്തു. ബഹു. ജോർജ്ജ് ചൂണ്ടലച്ചന്റെ 25-ാം മരണവാർഷികത്തോടനുബന്ധിച്ച് ചൂണ്ടൽ ഇടവകയിൽ ശ്രാദ്ധകുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ബസിലിക്കയിൽ നടന്ന കരോൾ ഗാനപരിപാടി ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചേറ്റുപുഴയിലുള്ള എസ്. എ. ബി. എസ്. സന്യാസിനീഭവനത്തിൽ വി. ബലി അർപ്പിച്ചു. മുല്ലശ്ശേരി ഇടവകയിൽ പുതിയ പാരിഷ്ഹാളിന് തറക്കല്ലിട്ടു. അതിനുശേഷം തൊയക്കാവിൽ ബഹു. വടക്കനച്ചൻ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാലക്കൽ എസ്. ഡി. സന്യാസിനീസമൂഹത്തിന്റെ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. വൈകിട്ട് കുരിയച്ചിറ ഇടവകയിൽ കൺവെൻഷനോടനുബന്ധിച്ച് സന്ദേശം നൽകി.

20. അഭിവന്ദ്യ താഴത്ത് പിതാവ് കാഞ്ഞാണി ഇടവകയിൽ കരുണാവർഷം ഉദ്ഘാടനം ചെയ്ത് ദിവ്.യബലിയർപ്പിച്ചു. മറ്റം ഇടവകയിൽ കരുണാവർഷത്തിലെ ക്രിസ്തുമസ്സിനോടനുബന്ധിച്ച് പാവപ്പെട്ടവർക്ക് വീടു നൽകുന്ന കരുണാപദ്ധതി നിർവഹിച്ചു. ഉച്ചതിരിഞ്ഞ് സെന്റ് മേരീസ് കോളേജിൽ നടന്ന ലീജിയൻ ഓഫ് മേരിയുടെ മീറ്റിംഗിൽ പങ്കെടുത്തു. ബൊൻ നത്താലെയോടനുബന്ധിച്ച് 150 അടി ഉയരമുള്ള കേക്ക് മുറിക്കൽ പരിപാടിയിലും പീസ് ഹോമിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷപരിപാടികളിലും പങ്കെടുത്തു. വൈകിട്ട് കുരിയച്ചിറ ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വെള്ളക്കാരിത്തടം ഇടവകയിൽ വി. ബലി അർപ്പിച്ച് പുതുക്കി പണിത മദ്ബഹയുടെയും, പുതിയ അൾത്താരയുടെയും ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് കോട്ടപ്പടി ഇടവകയിൽ വി. ബലി അർപ്പിച്ച് പുതിയ പാരിഷ് ഹാൾ ആശീർവദിച്ചു. തുടർന്ന് അമ്മാടം ഇടവകയിലെ ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി

21. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ റിസർച്ച് സെന്ററിന്റെ ഉപദേശകസമിതിയോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന എം. ബി. ബി. എസ്. കോൺവൊക്കേഷനിൽ പങ്കെടുത്തു. അതിനുശേഷം ചെവ്വൂർ ഇടവകയിൽ പുതുക്കി പണിത അൾത്താരയുടെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പൗരോഹിത്യസ്വീകരണത്തിന്റെ 35-ാം വർഷത്തോടനുബന്ധിച്ച് മാതൃഇടവകയായ തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ രാവിലെ വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് രാമനാഥപുരം രൂപതയിലെ ബൈബിൾ കൺവെൻഷനോടുബന്ധിച്ച് വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് എളവള്ളി ഇടവകയിൽ വച്ച് അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ബൊൻ നത്താലെയോടനുബന്ധിച്ച് നടത്തിയ പ്രസ് മീറ്റിംഗിൽ പങ്കെടുത്തു. പുല്ലഴി സെന്റ് ക്രിസ്റ്റീന ഹോമിലെ പുതുക്കി പണിത അൾത്താരയുടെ ആശീർവാദകർമ്മം നിർവഹിച്ച് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചേലക്കര ഫൊറോനപള്ളയിൽ നടത്തിയ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ തിരുപ്പട്ടദിന അനുസ്മരണത്തിലും സമർപ്പിതസംഗമത്തിലും പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന അയൽക്കൂട്ടം ക്രിസ്തുമസ്സ് ആഘോഷപരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് വിയ്യൂർ ഇടവകയിൽ നടത്തിയ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ തിരുപ്പിറവിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ പിറവി തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ തട്ടിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ വിയ്യൂർ ജയിലിലെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് ക്രിസ്തുമസ്സിനോടനുബന്ധിച്ച് സർവ്വന്റ്സ് ഓഫ് മേഴ്സി സംഘടന മെഡിക്കൽ കോളേജിൽ നടത്തിയ ഭക്ഷണവിതരണ ചടങ്ങിൽ പങ്കെടുത്തു. നടത്തറ ഇടവകയിലെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്ത് ഭവനദാനപദ്ധതി ഉദ്ഘാടനം നിർവഹിച്ചു. അമല നഗറിന്റെ ഇടവകപ്രഖ്യാനപത്തിന് കാർമ്മികത്വം വഹിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് പാവറട്ടി ഇടവകയിൽ ബഹു. ഡീ. ജോയ്സൻ ചെറുവത്തൂരിനും ബഹു. ഡീ. ജെറിൻ അരിമ്പൂരിനും തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് തിരൂർ ഇടവകയിൽ ബഹു. ഡീ. ജിജോ തട്ടിൽ സി. എം. ഐ. ക്ക് തിരുപ്പട്ടം നൽകി. അതിനുശേഷം വാക ഇടവകയുടെ ജൂബിലി സമാപനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പള്ളിക്കുന്ന് ഇടവകയിൽ വെച്ച് ബഹു. ഡീക്കൻ സിന്റോ പൊന്തേക്കന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് വിയ്യൂർ ഇടവകയിൽ ബഹു. ഡീക്കൻ അജീഷ് പെരിഞ്ചേരിയ്ക്ക് തിരുപ്പട്ടം നൽകി. വൈകിട്ട് ഒരുമനയൂർ ഇടവകയിൽ ബഹു. ജോർജ്ജ് ചെറുവത്തുർ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യപിതാക്കന്മാർ ബൊൻ നത്താലെ സാംസ്കാരിക

ഘോഷയാത്രയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ നെല്ലിക്കുന്ന് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റം നടത്തുകയും വി.ബലി അർപ്പിക്കുകയും ചെയ്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ടശ്ശാംകടവ് ഇടവകയിൽ ബഹു. ഡീ. ജിക്സൻ മാളോക്കാരനും ബഹു. ഡീ. പോൾ മാളിയമ്മാവിനും തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് പോന്നോർ ഇടവകയിൽ ബഹു. ഡീ. സിജോ മുരിങ്ങാത്തേരിക്ക് തിരുപ്പട്ടം നൽകി. അഭിവന്യ തട്ടിൽ പിതാവ് തലക്കോട്ടുക്കര ഇടവകയിൽവെച്ച് ബഹു. ഡീക്കൻ സജ്ഞയ് തൈക്കാട്ടിലിന് തിരുപ്പട്ടം നൽകി ഉച്ചകഴിഞ്ഞ് കുറ്റുർ സീയോൻ സെന്ററിൽ നടന്ന യൂത്ത് മീറ്റിൽ സന്ദേശം നൽകി

29. അഭിവന്ദ്യ താഴത്ത് പിതാവ് വരാക്കര സൗത്ത് ഇടവകയിൽ ബഹു. ഡീ. ജിയോ ചെറടായിക്ക് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് നെടുപുഴ ഇടവകയിൽ ബഹു. ഡീ. ജിയോ ചിരിയങ്കണ്ടത്തിന് തിരുപ്പട്ടം നൽകി. അഭിവന്യ തട്ടിൽ പിതാവ് ഒല്ലൂർ ഇടവകയിൽ ബഹു. ഡീക്കൻ ആന്റണി മേനാച്ചേരിക്ക് തിരുപ്പട്ടം നൽകി.

30. അഭിവന്ദ്യ താഴത്ത് പിതാവ് വരന്തരപ്പിള്ളി കിഴക്ക് ഇടവകയിൽ ബഹു. ഡീ. പ്രവീൺ പുത്തൻചിറ സി. എം. ഐ. ക്ക് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് തൃശ്ശൂർ ബസിലിക്കയിൽ ബഹു. ഡീ. സനൽ തോമസ് മാളിയേക്കലിന് തിരുപ്പട്ടം നൽകി. അഭിവന്യ തട്ടിൽ പിതാവ് പുതുശ്ശേരി ഇടവകയിൽ ബഹു. ഡീക്കൻ ജിന്റോ കുറ്റിക്കാട്ടിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് വേലൂർ ഇടവകയിൽ ബഹു. ഡീക്കൻ സേവ്യർ പുത്തുക്കര സി.എം. ഐ. യ്ക്ക് തിരുപ്പട്ടം നൽകി. വൈകിട്ട് ചാലക്കുടി മുരിക്കങ്ങൽ ഇടവകയിൽ വി. ബലി അർപ്പിച്ചു.

31. അഭിവന്ദ്യ താഴത്ത് പിതാവ് കാരമുക്ക് ഇടവകയിൽ ബഹു. ഡീ. ആൻസൻ നീലങ്കാവിലിനും ബഹു. ഡീ. സിംസൺ ചിറമ്മലിനും തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് പൊങ്ങണംകാട് ഇടവകയിൽ പാരിഷ്ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരിക്കര ഹോളിഫാമിലി സന്യാസസമൂഹാംഗമായ സി. ഒക്റ്റിവിയയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# പതിനാറാം പാസ്റ്ററിൽ കൗൺസിലിന്റെ ഏഴാം യോഗ റിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയുടെ പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാം യോഗം 14.11.2015 ന് ഡി.ബി.സി.എൽ.സി ഓഡിറ്റോറിയത്തിൽ നടന്നു. സി. ലുസീനയുടെ പ്രാർത്ഥനയോടെ രാവിലെ 10 ന് യോഗം ആരംഭിച്ചു. വികാരി ജനറാൾ പെ. ബഹു. മോൺ ജോർജ്ജ് കോമ്പാറ യോഗത്തിന് സ്വാഗതമാശംസിച്ചു. കരുണയുടെ ജൂബിലി വർഷം എങ്ങനെ ഫലപ്രദമായ രീതിയിൽ അതിരൂപതാതലത്തിൽ ആചരിക്കണം എന്ന് ചിന്തിക്കുന്നതിനൊപ്പം തൃശ്ശൂർ അതിരൂപതയുടെ കരുണയുടെ മുഖം കൂടുതൽ തേജസുറ്റതാക്കാൻ എങ്ങനെ പരിശ്രമിക്കണം എന്നുകൂടി ആലോചിക്കാനുള്ള അവസരമായി ഈ യോഗം മാറണം എന്ന് അച്ചൻ അംഗ ങ്ങളെ ഓർമ്മിപ്പിച്ചു. ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചൻ യോഗ നടപടികൾ വിശദീകരിച്ചു. അജൻഡാ കമ്മിറ്റി അംഗം പ്രൊഫ. എലിസബത്ത് മാത്യു അവതരിപ്പിച്ച ആറാം യോഗ റിപ്പോർട്ട് യോഗം പാസ്സാക്കി.

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക എന്ന ആഹ്വാനത്തോടം പരി. പിതാവ് ഫ്രാൻസീസ് പാപ്പാ 2015 ഡിസംബർ 8-ാം തിയ്യതി മുതൽ 2016 നവംബർ 20-ാം തിയ്യതി വരെ കരുണയുടെ ജൂബിലി വർഷമായി ആചരിക്കാൻ ആഹ്വാനം ചെയ്യാനുണ്ടായ സാഹചര്യം, കരുണ യുടെ ജൂബിലി വർഷാചരണത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് സാന്ത്വനം ഡയറക്ടർ ബഹു. തോമസ്സ് പൂപ്പാടിയച്ചൻ അവതരിപ്പിച്ചു. ദൈവത്തിന്റെ അനന്ത കാരുണ്യത്തെക്കുറിച്ച് ഓർക്കാനും ആത്മീയ നവീകരണം സാധ്യമാക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ ഈ വർഷം നടത്തുവാൻ പരിശ്രമിക്കണം. എങ്ങനെ പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവാൻ സാധിക്കും എന്ന ചോദ്യത്തിന് പല തലങ്ങളിൽ ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിന് പിൻബലമേകാനുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങളാണ് അച്ചൻ മുൻന്നോട്ടുവച്ചത്. സാന്ത്വനത്തിന്റെ മേൽനോട്ടത്തിൽ തൃശൂർ അതിരൂപതയിൽ നടന്നു വരുന്ന കാരുണ്യ പദ്ധതികളെക്കുറിച്ചും ബഹു. അച്ചൻ വിശദീകരിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. തങ്ങളുടെ ഇടവകകളിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും പൊതുവായ അഭിപ്രായങ്ങളും അംഗങ്ങൾ പങ്കുവച്ചു. ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലിനൊപ്പം ആത്മീയ നവീകരണത്തിനായുള്ള അവസരങ്ങളിലും ശ്രദ്ധ വേണമെന്നും അഭിപ്രായമുയർന്നു. ബഹു. തോമസ്സ് പൂപ്പാടിയച്ചൻ ചോദ്യങ്ങൾക്ക് മറുപടി

നൽകുകയും ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരുടെയും സഹകരണം ആഭ്യർത്ഥിക്കുകയും ചെയ്തു. ഡോ. ജോസ് കല്ലറക്കൽ ചർച്ച സംഗ്രഹിച്ച് സംസാരിച്ചു.

മോൺ. ജോർജ്ജ് കോമ്പാറ പ്രധാന അറിയിപ്പുകൾ നടത്തി. വിവാഹ ജൂബിലിയാഘോഷം, യോബെൽ-2015, ബൊൻ നത്താലെ തുടങ്ങിയ അതിരൂപതാ പരിപാടികൾക്ക് ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചു. തുടർന്നുള്ള ശൂന്യവേളയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു.

അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് അനുമോദനം നേർന്നു. കാരുണ്യ വർഷാചരണത്തെപ്പറ്റിയുള്ള പിതാവിന്റെ കാഴ്ചപ്പാടുകൾ പങ്കുവച്ചു. ഓരോ തലങ്ങളിലും നടപ്പിലാകുന്ന പദ്ധതികൾ അതിരൂപതയിൽ അറിയിക്കണമെന്നും ഇവയുടെയെല്ലാം ക്രോഡീകരണം സാന്ത്വനം നടത്തണമെന്നും പിതാവ് നിർദ്ദേശിച്ചു. അതിരൂപതയിൽ കരുണയുടെ വാതിൽ ബസിലിക്കയിലും, പാലയൂർ പള്ളിയിലും ഉണ്ടാകുമെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. യോബെലിനും ബൊൻ നത്താലെക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ നേതൃത്വം നൽകണമെന്ന് പിതാവ് ആവശ്യപ്പെട്ടു. അതിരൂപതയുടെ മൂന്നാം അസംബ്ലി അടുത്ത വർഷം നടത്തണമെന്ന ആഗ്രഹം പിതാവ് പ്രകടിപ്പിച്ചു. ഒക്ടോബറിൽ റോമിൽ നടന്ന കുടുംബത്തെക്കുറിച്ചുള്ള സിനഡിൽ പങ്കെടുത്ത അനുഭവം പിതാവ് വിവരിച്ചു. പ്രവാസികളായ കുടുംബങ്ങളുടെ പ്രശ്നങ്ങളും കുടുംബ ലിറ്റർജിയും അവതരിപ്പിക്കാൻ ലഭിച്ച അവസരങ്ങൾ പിതാവ് അനുസ്മരിച്ചു. സിനഡിനെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന വസ്തുതാ വിരുദ്ധമായ വാർത്തകളുടെ യാഥാർത്ഥ്യവും പിതാവ് വിശദീകരിച്ചു. സിനഡിലെ പങ്കാളിത്തത്തിലൂടെ കേരളസഭയുടെ യശ്ശസ്സുയർത്തിയ ആൻഡ്രൂസ് പിതാവിന്റെ പങ്കുവെയ്ക്കൽ അംഗങ്ങൾക്ക് ഹൃദ്യമായ അനുഭവമായി.

അജൻഡ കമ്മിറ്റി അംഗം ശ്രീ. എൻ.പി. ജാക്സൺ യോഗത്തിന് നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനയോടെ യോഗം ഉച്ചയ്ക്ക് ഒരു മണിക്ക് സമാപിച്ചു.

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ & ജനറൽ സെക്രട്ടറി

## ബഹു. ആന്റണി തച്ചുപറമ്പിലച്ചൻ

ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണദിനം 01.01.2016 വെള്ളിയാഴ്ച ആചരിച്ചു. ജപമാല, വചന പ്രഘോഷണം, ദിവ്യകാരുണ്യാരാധന, ദിവ്യബലി, കുഴിമാടത്തിലെ ഒപ്പീസ്, നേർച്ച ഊട്ട് എന്നീ ഭക്തകൃത്യങ്ങൾ ഉണ്ടായിരുന്നു.

ബഹു. ജോൺ പോൾ ചെമ്മണ്ണൂരച്ചനാണ് ദിവ്യബലിക്ക് നേതൃത്വം നൽകിയത്. ഫലം കായ്ക്കേണ്ടതിന് നമുക്ക് ഒരു പുതുവർഷം കൂടി ലഭിച്ചിരിക്കുന്നു. വീണുപോയതോ, മുറിച്ചു മാറ്റപ്പെട്ടതോ ആയ നമ്മുടെ സഹോദര വൃക്ഷങ്ങളെ നമുക്ക് സ്മരിക്കാം. കൂടുതൽ ഫലം കായ്ക്കേണ്ടതിന് നാം ഒരു വീണ്ടുവിചാരം നടത്തി ഉണർവ്വോടെ വളമിട്ട് ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാൻ ദിവ്യകാരുണ്യവുമായി കന്ദേരീകരിക്കുന്ന ജീവിതം ആവശ്യമെന്ന് വചന ശുശ്രൂഷയിൽ അച്ചൻ പറഞ്ഞു. ബലിപീഠത്തോടും അവിടെ അർപ്പിക്കുന്ന ദിവ്യബലിയോടും മനസാ വാചാ കർമ്മണാ അനുകൂലമാകുന്നവർക്ക് ഉത്കണ്ഠകളേ വേണ്ടെന്ന് അച്ചൻപറഞ്ഞു. "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും അതിനാൽ നാളയെക്കുറിച്ച് നിങ്ങൾ ആകുലരാകേണ്ട" ഈശോയുടെ തിരുവചനം അച്ചൻ ഓർമ്മിപ്പിച്ചു.

ദിവ്യബലിക്ക് മുമ്പ് നടന്ന വചനപ്രഘോഷണത്തിന് നേതൃത്വം നൽകികൊണ്ട് ബ്രദർ സംസാരിച്ചതും ഫലം തരുന്ന വൃക്ഷത്തിന്റെ മേന്മകളെപറ്റിയാണ്. ദൈവകൃപാജലം സമൃദ്ധമായി ഒഴുകുന്ന നദിക്കരയിൽ നിന്നുവേണം വിശ്വാസി വളരേണ്ടത്. ഉടമസ്ഥൻ എപ്പോൾ വേണമെങ്കിലും ഫലം അന്വേഷിക്കാം. അപ്പോൾ കൊടുക്കാൻ നാം തയ്യാറാകണം. മനുഷ്യരിൽ മാത്രം വിശ്വാസം അർപ്പിച്ചിട്ടുള്ള ജീവിതം സുരക്ഷിതമല്ല, അവൻ ഒരു ശ്വാസം മാത്രം. പരിശുദ്ധാത്മ ശക്തിയാണ് ജ്ഞാനം നൽകുന്നത്. ദയവും നിരാശയും കളഞ്ഞ് സ്നേഹവും ധൈര്യവും പ്രകടിപ്പിക്കാൻ ആറ്ററികത്തു നട്ട വൃക്ഷമായിരിക്കണം നാം എന്ന് ബ്രദർ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം:** സി. എസ്. സി. പോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. സിസ്റ്റർ അമൂല്യ സി.എസ്.സി. പ്രഭാഷണം നട

ത്തി. മോശയ്ക്ക് ദൈവദർശനം നൽകിയ ബൈബിൾ ഭാഗം ഉദ്ധരിച്ച സിസ്റ്റർ ഊക്കനച്ചന്റെ വിനയശീലവും എളിയ മനസ്ഥിതിയും സ്വായത്തമാക്കേണ്ട തിന്റെ ആവശ്യകത വ്യക്തമാക്കി. മനുഷ്യാവതാരത്തിലാണ് നമ്മുടെ ഈശോ യുടെ എളിമ പരിപൂർണ്ണമായി ദർശിക്കുന്നത്. എല്ലാ നന്മകളും ഉത്ഭവിക്കു ന്നത് എളിമയിൽ നിന്നാണ്. ഈ എളിമ സ്വന്തമാക്കുവാൻ പരിശുദ്ധ അമ്മ യോട് നിരന്തരം പ്രാർത്ഥിച്ച ഊക്കനച്ചന്റെ മാദ്ധ്യസ്ഥ്യം നമുക്ക് മാതൃകയാ യിരിക്കട്ടെ. 10.30ന് അനുസ്മരണ ബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. സെബി പുത്തൂർ ആണ്. “സ്നേഹിക്കുകായണ് നിങ്ങളുടെ ജോലി. സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ” എന്ന മൊഴി ഉരു വിട്ടുകൊണ്ട് ബ. അച്ചൻ സന്ദേശം ആരംഭിച്ചു. സഹോദരനെ സ്നേഹിക്കാതെ ആർക്കും ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല. ആദ്യം ചെയ്യേണ്ടത് കൂടെ യുള്ളവരെ സ്നേഹിക്കുകയാണ്. ഊക്കനച്ചൻ ദൈവത്തെ സ്നേഹിക്കാൻ പരി. അമ്മയുടെ സഹായം ചോദിച്ചിരുന്നു. പല കാരണങ്ങളാൽ മാറ്റി നിർത്തി യിട്ടുള്ള സഹോദരങ്ങളെ ആത്മാർത്ഥമായി കരുണയോടെ സ്നേഹിക്കാൻ നമുക്ക് പരിശീലിക്കാം എന്ന് ആശംസിച്ചുകൊണ്ട് അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചു.

**ഫാ. പോൾ പുളിക്കൻ**

# സാമ്പത്തിക കാര്യാലയം

## 1. വരവ് ചെലവ് കണക്കുകൾ ഡിസംബർ 2015

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം |
|---|---|---|---|---|---|
| 1. | അമ്മാടം | – | – | 22780 | |
| 2. | അന്തിക്കാട് | – | – | 25000 | |
| 3. | ആറംപിള്ളി | – | – | 17500 | |
| 4. | ചേറ്റുപുഴ | – | – | 37700 | |
| 5. | ചിറക്കാക്കോട് | 2410 | – | 13380 | 780 |
| 6. | എൽത്തുരുത്ത് | – | – | 43960 | |
| 7. | ഏങ്ങണ്ടിയൂർ | – | – | 7500 | |
| 8. | കല്ലൂർ ഈസ്റ്റ് | – | – | 31500 | – |
| 9. | കോളങ്ങാട്ടുകര | – | – | 18950 | |
| 10. | കൊട്ടേക്കാട് | – | – | 40410 | – |
| 11. | കുട്ടംകുളം | – | 7495 | 12795 | – |
| 12. | മാടക്കത്തറ | 4010 | 7000 | 3000 | 1720 |
| 13. | മണലൂർ വെസ്റ്റ് | – | – | 2450 | – |
| 14. | മരത്താക്കര | – | – | 90057 | – |
| 15. | നന്തിപുലം | – | – | 27859 | – |
| 16. | പടവരാട് | – | – | 53160 | – |
| 17. | പാലക്കൽ | – | – | 66880 | – |
| 18. | പല്ലിശ്ശേരി | – | – | 3651 | – |
| 19. | പഴയന്നൂർ | – | – | 10700 | – |
| 20. | പഴുവിൽ | – | – | 41234 | – |
| 21. | പൂങ്കുന്നം | – | – | 39220 | – |
| 22. | പൂത്തറയ്ക്കൽ | – | – | 6706 | – |
| 23. | പൊറത്തൂർ | – | – | 6500 | – |
| 24. | തങ്ങാലൂർ | – | – | 9000 | – |
| 25. | വെട്ടുക്കാട് | – | – | 11130 | – |
| 26. | സെ. ജോസഫ് ഹോസ്പിറ്റൽ ചൂണ്ടൽ | – | – | 54500 | – |
| 27. | നിർമ്മാലയം നഴ്സറി സ്കൂൾ, വെസ്റ്റ് ഫോർട്ട് | – | – | 2000 | |
| 28. | എം. ഐ. ഹോസ്പിറ്റൽ ഏങ്ങണ്ടിയൂർ | – | – | 20000 | |

| | | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ മിഷൻ ഞായർ |
|---|---|---|---|---|
| 1. | ചിറക്കാക്കോട് | 1078 | 882 | |
| 2. | മാടക്കത്തറ | 1936 | 1408 | 500 |
| 3. | തങ്ങാലൂർ | - | - | 6100 |
| 4. | അസ്സീസി മഠം, തൃശ്ശൂർ | - | 500 | - |
| 5. | ചെറുപുഷ്പാശ്രമം, ഗുരുവായൂർ | - | 1500 | |

## 2. സാമ്പത്തിക സഹായം

1. തച്ചം പാറ, പാലക്കാട് - 50,000
2. പാലപ്പുറം, പാലക്കാട് - 50,000
3. വരവൂർ - 50,000

## 3. അതിരൂപത സഹായ ഫണ്ട്

1. ഭവന നിർമ്മാണം - 14,000
2. വിവാഹം - 173000
3. ചികിത്സ - 112250
4. വിദ്യാഭ്യാസം - 14000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. ജോസഫ് വടക്കേത്തല | 08 |
| ഫാ. നിക്കോളസ് അന്തിക്കാട്ട് | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. മുരിങ്ങാത്തേരി സിജോ | 25 |
| ഫാ. ജോജോ എടത്തിരുത്തി | 28 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോവി കുണ്ടുകുളങ്ങര | 14 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |

| | |
|---|---|
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |
| ഫാ. ആന്റണി ചെറയത്ത് | 19.02.2015 |

## അതിരൂപതയുടെ സ്മരണാഞ്ജലി

# സന്ന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.12 2015 എഫ്.സി.സി. സിനാക്സിസിന്റെ വിജയത്തിനായി അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസ് അംഗങ്ങളോടൊന്നിച്ച് ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

02.12.2015 എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നവംബർ 30 മുതൽ ഡിസംബർ 3 വരെ തീയതികളിൽ നടന്ന പ്രൊവിൻഷ്യൽ സിനാക്സിസിൽ റവ. സി. റോസ് അനിത പ്രൊവിൻഷ്യൽ സുപ്പീരിയറായി രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ടു. സി. ലിറ്റിൽ മേരി അസി. പ്രൊവിൻഷ്യൽ സുപ്പീരിയറായും സി. മേരി ഇലക്റ്റ, സി. ജ്യോതി ഫ്രാൻസിസ്, സി. മെർളി മാടക്കായ് എന്നിവർ കൗൺസിലേഴ്സായും സി. ഗ്രാസിയ ജോൺ ഫൈനാൻസ് ഓഫീസറായും സി. നിഷ കൈതാരൻ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

03.12.2015 എസ്.എ.ബി.എസ്. ജനറലേററിൽ നടന്ന ജനറൽ സിനാക്സിസിൽ മദർ ലിറ്റിൽ മരിയ തെക്കേക്കര, സി. സോഫി പെരേപ്പാടൻ, സി. മേഴ്സിറ്റ കണ്ണമ്പുഴ എന്നിവർ സംബന്ധിച്ചു.

സി.എസ്.എം. കോട്ടയം കളത്തിപ്പടിയിൽ നടത്തിയ 10 ദിവസത്തെ ക്രിസ്റ്റീൻ ധ്യാനത്തിൽ സി. സുമ റോസ്, സി.ലീന തെരേസ് സംബന്ധിച്ചു.

04.12.2015 സി.എച്ച്.എഫ്. പ്രൊവിൻഷ്യലേറ്റിൽ രണ്ടു ദിവസത്തെ ജൂനിയേഴ്സ് കോഴ്സ് നടത്തി. റവ.ഫാ.ബാസ്റ്റിൻ പുന്നോലി പറമ്പിൽ ക്ലാസ്സിനും റവ.ഫാ.ജോസ് എടാട്ടുകാരൻ OFM-Cap. കുമ്പസാരത്തിനും നേതൃത്വം നൽകി.

പാലക്കാട് ധോണി മരിയൻ ധ്യാന കേന്ദ്രം ഡയറക്ടർ റവ.ഫാ. റെന്നിയുടെയും ടീമിന്റെയും നേതൃത്വത്തിൽ നവജ്യോതി പ്രോവിൻഷ്യലേറ്റിൽ നടത്തിയ ഏകദിനധ്യാനത്തിൽ നവജ്യോതി പ്രോവിൻസിലെ വിദ്യാലയങ്ങളിൽ നിന്നും 300-ഓളം ടീച്ചേഴ്സ് സംബന്ധിച്ചു.

സി.എസ്.എം. 4-ാം തിയ്യതി മുതൽ 8 വരെ മണ്ണംപേട്ട കൃപാഭവൻ ജനറലേറ്റിൽ നടത്തിയ ജനറൽ സിനാക്സിസിൽ ബഹു. പ്രൊവിൻഷ്യൽ സി. ബിയാട്രിസ് സംബന്ധിച്ചു.

05.12.2015 സി.എം.സി. സി. മേരി ജോസിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ്

കോളേജിൽ വച്ച് നടത്തിയ Night Vigil Programmeൽ ധാരാളം കുട്ടികളും സിസ്റ്റേഴ്സും പങ്കെടുത്തു.

08.12.2015 സി.എച്ച്.എഫ്. തൃശ്ശൂർ ബസലിക്ക ഫൊറോന കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി പരിശുദ്ധ വ്യാകുലമാതാവിൻ ബസലിക്കയിൽ സംഘടിപ്പിച്ച സംഗമത്തിൽ നവജ്യോതി പ്രോവിൻസിലെ ബസലിക്ക ഫൊറോനയിലെ മഠങ്ങളിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു. പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ സംഗമത്തിന്റെ അവസാനം ഫൊറോനയിൽ CHF സിസ്റ്റേഴ്സ് ചെയ്യുന്ന ശുശ്രൂഷകളും അവയ്ക്ക് ഫൊറോനയിൽ നിന്ന് ലഭിക്കുന്ന സഹകരണത്തിനും, പ്രോത്സാഹനത്തിനും, ഈ സംഗമത്തിന്റെ സംഘാടനത്തിനും നന്ദിയർപ്പിച്ചു.

എസ്.എ.ബി.എസ്. അമലോത്ഭവത്തിരുനാളായ ഇന്നേ ദിനം വിശുദ്ധ ബലി മദ്ധ്യേ എല്ലാ സിസ്റ്റേഴ്സും വ്രതനവീകരണം നടത്തി. ദിവ്യ കാരുണ്യ ആരാധനാസന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി മദർ ഗ്രെയ്സ് പെരുമ്പനാനി (കോതമംഗലം) തിരഞ്ഞെടുക്കപ്പെട്ടു. തൃശൂർ നിർമ്മൽ റാണി പ്രോവിൻസിൽ നിന്നും ജനറൽ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട സി. മേഴ്സിറ്റ കണ്ണമ്പുഴയ്ക്ക് പ്രോവിൻസിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ!

സി.എച്ച്.എഫ്. രാമനാഥപുരം രൂപതയിൽ പുതിയതായി ആരംഭിക്കു മേരിമാത മൈനർ സെമിനാരിയുടെ വെഞ്ചിരിപ്പുകർമ്മത്തിലും, വി.ബലിയിലും, സിസ്റ്റേഴ്സ് പങ്കെടുത്ത് പ്രാർത്ഥനാശംസകൾ നേർന്നു.

സി.എം.സി. കാരുണ്യവർഷം ഉദ്ഘാടനത്തോടനുബന്ധിച്ച് അശരണർക്കും വികലാംഗർക്കുമായി St.Paul's Public School, പ്രോവിൻസിന്റെ സഹായത്തോടെ ആരംഭിക്കുന്ന ചാവറകാരുണ്യഭവന്റെ ശിലാസ്ഥാപന ആശീർവ്വാദകർമ്മം Mar Andrews Thazath & Mar Rapheal Thattil പിതാക്കന്മാർ ചേർന്ന് നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലേഴ്സും, St.Paul's Public School Principal Sr. Lekha യും ബന്ധപ്പെട്ടവരും സന്നിഹിതരായിരുന്നു.

സി.എം.സി. കോലഴിമഠം സിസ്റ്ററേഴ്സ് പുല്ലഴിയിലെ മാനസിക രോഗികളുടെ പകൽവീട് സന്ദർശിച്ച് അവർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങളും മറ്റും ചെയ്തുകൊണ്ട് കാരുണ്യവർഷം ഉദ്ഘാടനം ചെയ്തു.

09.12.2015 സി.എസ്.എം. ലൂർദ്ദ്നാഥാ പ്രൊവിഷ്യൽ ഹൗസിൽ സുപ്പീരിയർ ജനറലായി നിയമിതയായ സി. സെബി റോസിനെയും ടീം അംഗങ്ങളെയും ഹാർദ്ദവമായി സ്വീകരിച്ചു.

12.12.2015എഫ്. സി. സി. എല്ലാ ഭവനങ്ങളിലും ഡിസംബർ 12-ാം തീയതി പരിഹാരദിനമായി ആചരിച്ചു.

എഫ്. സി. സി. പി. ഒ. സി. യിൽ നടന്ന TDS ന്റെ ക്ലാസ്സിൽ സി. മേരി ഇലക്റ്റ, സി. ജ്യോതി ഫ്രാൻസിസ്, സി. റിന്റോ പോൾ, സി. ഗ്രാസിയ ജോൺ എന്നിവർ സംബന്ധിച്ചു.

സി.എസ്.എം. കാക്കനാട് കെ.സി.എം.എസ് സംഘടിപ്പിച്ച TDS- one day സെമിനാറിൽ കൗൺസിലർ സി. ബയാത്ത, റവ. സി. ഉഷസ് സംബന്ധിച്ചു.

13.12.2015എഫ്. സി. സി. മഠം ചാപ്ലെയിൻ റവ. ഫാ. ജോസ് ഐനിക്കലിന്റെ കാർമ്മികത്വത്തിൽ അസ്സീസിയിൽ കരുണയുടെ വിശുദ്ധ ജൂബിലി വർഷം പ്രാർത്ഥനാശുശ്രൂഷയോടെ പതാകയുയർത്തി ഉദ്ഘാടനം ചെയ്തു.

14.12.2015എഫ്. സി. സി. വെങ്ങിണിശ്ശേരിയിൽ 9 പോസ്റ്റുലൻസ് നൊവിഷ്യറ്റിലേക്കും മരത്താക്കരയിൽ 8 അർത്ഥിനികൾ പോസ്റ്റുലൻസിയിലേക്കും പ്രവേശിച്ചു. സി. ഡെയ്സി ആലപ്പാട്ട് നോവീസസിന്റെ മിസ്ട്രസ്സായും സി. ജോസി ഒലക്കേങ്കിൽ പോസ്റ്റുലൻസിന്റെ മിസ്ട്രസ്സായും ഉത്തരവാദിത്വമേറ്റു. പ്രൊവിൻഷ്യൽ ടീം ഈ ചടങ്ങുകളിൽ സന്നിഹിതരായിരുന്നു.

16.12.2015 എസ്.എ.ബി.എസ്. ഡിസംബർ 16 മുതൽ 20 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന പ്രൊവിൻഷ്യൽ സിനാക്സിസിൽ, പ്രൊവിൻഷ്യൽ സുപ്പീരിയറായി മദർ ലിറ്റിൽ മരിയ തെക്കേക്കര വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. വികർ പ്രൊവിൻഷ്യൽ സി. സിറില്ല, കൗൺസിലേഴ്സ് സി. മാർഗരറ്റ് കൊള്ളന്നൂർ, സി. ലിൻസ മരിയ പാറേക്കാടൻ, സി. ലീ ജോസ് കൈപ്രമ്പാട്ട്, ഫൈനാൻസ് ഓഫീസർ സി. ടെസ്മി തെക്കിനിയത്ത്, സെക്രട്ടറി സി. ലിസ് തെരേസ് കാളൻ. പുതിയ പ്രൊവിൻഷ്യൽ ടീമംഗങ്ങൾക്ക് പ്രാർത്ഥനാശംസകൾ!

സി.എം.സി. .Kolazhy Social Centre ൽ സ്ത്രീകൾക്കായി 'Training in Tailoring' എന്ന പുതിയ പദ്ധതി ആരംഭിച്ചു.

17.12.2015സി.എച്ച്.എഫ്. ഒളരിക്കര നവജ്യോതി ബി.എഡ്.കോളേജിൽ നടത്തിയ വാർഷികാഘോഷ പരിപാടികളുടെ ഉദ്ഘാടനകർമ്മം പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ നിർവ്വഹിച്ച് ആശംസകൾ നേർന്നു.

18.12.2015 സി.എച്ച്.എഫ്. ഒളരിക്കര ലിറ്റിൽ ക്വീൻസ് പബ്ലിക്ക് സ്ക്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഒളരിക്കര ലിറ്റിൽ ഫ്ളവർ ചർച്ച് വികാരിയും പ്രൊവിൻഷ്യൽ ഹൗസ് കപ്ലോനുമായ റവ.ഫാ.തോമസ്സ് കാക്കശ്ശേരി നിർവ്വഹിച്ചു.

19.12.2015എഫ്. സി. സി. വാക ഇടവകയിൽ എഫ്. സി. സി. സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി.

എഫ്.സി.സി. അടുപ്പൂട്ടിയിൽ നടന്ന NSS ന്റെ ഒരാഴ്ചത്തെ ക്യാമ്പ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിത ഉദ്ഘാടനം ചെയ്തു.

20.12.2015 സി.എസ്.എം. തൃശ്ശൂർ അമല നഗർ ഇടവകയിൽ സി.എസ്.എം. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളിലും ക്രിസ്തുമസ്സിന് ഒരുക്കമായുള്ള പ്രാർത്ഥനകളും കൗൺസിലിങ്ങും നടത്തി.

എഫ്.സി.സി. അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ വെച്ച് ഫോർമേഷൻ കൺസൾട്ടൻസിന്റെ മീറ്റിംഗ് റവ. സി. റോസ് അനിതയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

21.12.2015 എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ടീമംഗങ്ങൾ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് അനുഗ്രഹാശിസുകൾ നേടി.

എഫ്. സി. സി. അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ പട്ടാഭിഷേകത്തിന്റെ 60–ാം വാർഷികാഘോഷം അസ്സീസിയിൽ നടന്നു. വൈകിട്ട് 6 മണിക്ക് ദിവ്യബലിയും തുടര് സ്നേഹവിരുന്നുമുണ്ടായിരുന്നു.

23.12.2015 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു.

26.12.2015 സി.എം.സി. ജൂനിയേഴ്സിന് ഒരു ദിവസത്തെ കോഴ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി.ജൂലിററിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 25 ഓളം ജൂനിയർ സിസ്ററേഴ്സ് പങ്കെടുത്തു.

എസ്.എ.ബി.എസ്. വ്രതനവീകരണത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് ഒരുക്കമായി എല്ലാ ജൂണിയർ സിസ്റ്റേഴ്സും പ്രൊവിൻഷ്യൽ ഹൗസിൽ 2 ദിവസം പ്രാർത്ഥനയിൽ ചിലവഴിച്ചു. മദർ ലിറ്റിൽ മരിയ തെക്കേക്കര, സി. അൽഫോൻസ മൂഞ്ഞേലി എന്നിവർ ക്ലാസ്സുകൾ നൽകുകയും വ്യക്തിപരമായി കണ്ട് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

27.12.2015 എസ്.എ.ബി.എസ്. ചേറ്റുപുഴ കർമ്മല മാത ഇടവകയിൽ പ്രൊവിൻഷ്യൽ ടീമംഗങ്ങൾക്ക് സ്വീകരണം നൽകി.

29.12.2015 സി.എം.സി.ആലുവ ജനറലേററിൽ വച്ച് നടന്ന CHAI യുടെ മീറ്റിംഗിൽ സി.ആനി ജോസ്, സി.അൽഫോസ് മരിയ, സി.ഫിലോപോൾ എന്നിവർ പങ്കെടുത്തു.

എസ്.എ.ബി.എസ്. ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ജയിൽ വാസികൾക്കായി നടത്തിയ ക്രിസ്തുമസ്സ് ആഘോഷപരിപാടികളിൽ ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ, ടീം അംഗങ്ങൾ സി. സോഫി പെരേപ്പാടൻ, സി. റോസിലി മഞ്ഞളി എന്നിവർ പങ്കെടുത്തു.

31.12.2015 സി.എം.സി.വർഷാവസാനദിനമായ ഇന്ന് പ്രൊവിൻഷ്യൽ ഹൗസിൽ Desert Day ആയി ദിവ്യകാരുണ്യനാഥനോടൊത്ത് ചെലവഴിച്ചു

**ആദരാഞ്ജലികൾ**



17.12.2015 സി.എം.സി. സി.അക്വലീന നിര്യാതയായി അഭിവന്ദ്യ മാർ റാഫൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും വേലൂപാടം മഠം വക കല്ലറയിൽ സംസ്ക്കരി ക്കുകയും ചെയ്തു.



30.12.2015 സി.എച്ച്.എഫ്.ഒളരിക്കര ഹോളീഫാമലി മഠാം ഗമായ സി.ഒക്ടേവിയ നിര്യാതയായി. മാർ.റാ ഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വ ത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തി.

**സി. ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

## മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

**കുട്ടികൾക്കുള്ള കത്ത് – ഫെബ്രുവരി 2016**

### സന്യസ്തദൈവവിളി

പ്രിയ കുട്ടികളേ,

പുതിയ വത്സരം നന്നായി നിങ്ങൾ ആരംഭിച്ചുവെന്ന് മനസ്സിലാക്കുന്നു. പരീക്ഷകൾ അടുത്തുവരികയാണല്ലോ? നന്നായി പഠിക്കണം. നല്ല വിജയം നേടുവാൻ ഞാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ദൈവം അനുഗ്രഹിക്കട്ടെ!

10, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ഇപ്പോഴത്തെ പരീക്ഷകൾ വളരെ പ്രധാനപ്പെട്ടതാണ്. നിങ്ങളുടെ ഭാവി നിർണ്ണയിക്കുന്നതിൽ ഇതിന്റെ വിജയത്തിന് നല്ല പങ്കുണ്ട് നിങ്ങൾ ഓർക്കണം. അതിനാൽ നിശ്ചയദാർഢ്യവും കഠിനാധ്വാനവും ലക്ഷ്യബോധവും മനസ്സിൽ വച്ച് പഠിക്കുവാൻ ശ്രമിക്കുമല്ലോ. നിങ്ങളുടെ ജീവിതാന്തസ്സ് ഏതെന്ന് നിശ്ചയിക്കാനുള്ള ഒരു പ്രധാന കാലഘട്ടമാണ് 10, 12 ക്ലാസ്സുകൾ. വൈദിക – സന്യാസജീവിതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയുണ്ടോയെന്നും കർത്താവിന്റെ മുമ്പിലിരുന്ന് നിങ്ങൾ ചോദിച്ചറിയണം.

ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ച സമർപ്പിതവർഷം 2016 ഫെബ്രുവരി 2ന് തീരുകയാണ്. അതിനാൽ സമർപ്പിത ദൈവവിളിയെ കുറി

ച്ചുള്ള ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. "ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായിട്ടാണ് സൃഷ്ടിച്ചത്" (ഉത്. 1:27-28; മത്താ. 19:4). അവരെ സന്താനപുഷ്ടിയോടെ കുടുംബമായി ജീവിക്കാനാണ് വിളിച്ചത് (മത്താ. 19:5-6). എന്നാൽ തനിക്കു ഇഷ്ടപ്പെട്ട ചിലരെ (മർക്കോ. 3:13-14; യോഹ. 15:16; ജറെ. 1:5; ഗലാ. 1:15) സ്വർഗ്ഗരാജ്യത്തെ പ്രതി (മത്താ. 19:12) വിവാഹിതരല്ലാതെ വൈദിക-സന്യാസജീവിതത്തിലേക്ക് ക്ഷണിക്കുന്നുണ്ട്. മുഴുവൻ സമയവും നേരിട്ടുള്ള അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഇടവക/രൂപത വൈദികർ. കൂടാതെ സന്യാസജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നവരാണ് സമർപ്പിതസമൂഹങ്ങൾ. ഓരോ വ്യക്തിയെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി (ജറെ. 29:11) തിരിച്ചറിയലാണ് ദൈവവിളി.

ഇങ്ങനെ പ്രത്യേകം യേശുവിന് ഇഷ്ടപ്പെട്ട് വിളിക്കപ്പെടുന്നവർ രണ്ടു കാര്യത്തിനാണ് നിയോഗിക്കപ്പെടുന്നത് (1) കൂടെയായിരിക്കുവാനും (2) അയയ്ക്കപ്പെടുന്നതിനും (മർക്കോ. 3:14-15). സുവിശേഷ പുണ്യങ്ങളായ ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ മൂന്ന് വ്രതങ്ങളെടുത്ത് യേശുവിനെ അടുത്ത് അനുകരിക്കുന്നവരാണ് സമർപ്പിതർ എപേരിൽ സഭയിൽ പൊതുവെ അറിയപ്പെടുന്നത്. പ്രഭാതത്തിലും പ്രദോഷത്തിലും പിതാവുമായി സംഭാഷണം നടത്തി പിതാവിനോട് ചേർന്ന് അവിടുത്തെ ഇഷ്ടം മാത്രം നിറവേറ്റിയ യേശുവിന്റെ ശൈലിക്ക് ഊന്നൽ കൊടുത്ത് അവിടുത്തെ അടുത്ത് അനുകരിക്കുന്നവരാണ് സമർപ്പിതർ. ഗ്രാമങ്ങളും നഗരങ്ങളും ചുറ്റി നടന്ന് സുവിശേഷം പ്രസംഗിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ജനത്തെ പാപത്തിൽ നിന്ന് നന്മയിലേക്ക് നയിക്കുകയും ചെയ്ത യേശുവിന്റെ അപ്പസ്തോലിക ശൈലിയുടെ വിവിധ ഭാവങ്ങൾക്ക് ഊന്നൽ നൽകി ഓരോ സമർപ്പിതസമൂഹവും അവിടുത്തെ അനുകരിക്കാൻ ശ്രമിക്കുന്നു. അവലംബിക്കുന്ന ശൈലിക്കനുസരിച്ച് സമർപ്പിതർക്കിടയിൽ പല വിഭാഗങ്ങൾ കാണുന്നു.

യേശുവിന്റെ കൂടെയായിരിക്കുന്ന താപസ്സശൈലിക്ക് ഊന്നൽ കൊടുക്കുന്ന സമർപ്പിതരെ സന്യസ്തരെന്ന് പൊതുവെ വിളിക്കുന്നു. യേശുവിന്റെ അപ്പസ്തോലിക ശൈലിക്ക് ഊന്നൽ കൊടുക്കുന്നവരെ മറ്റു സമർപ്പിതരെന്നും പറയുന്നു. സമർപ്പിതരുടെ ഇടയിൽ സന്യാസവൈ

ദികർ (ഉദാ.: കപ്പൂച്ചിൻ, സി. എം. ഐ.), സന്യാസസഹോദരന്മാർ (ഉദാ.: മലബാർ മിഷനറി ബ്രദേഴ്സ് (MMB), സന്യാസിനികൾ എന്നീ മൂന്നു ഗണങ്ങളിൽ ഉൾപ്പെടുന്നവരെ കാണാം. കർത്താവിന്റെ കൂടെയായിരിക്കുന്ന സന്യാസശൈലി എക്കാലത്തും വളരെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ടാണ് വി. ഫ്രാൻസിസ് അസ്സീസി, വി. ജെറോം തുടങ്ങിയ സന്യാസസഹോദരന്മാരുടെയും വി. കൊച്ചുത്രേസ്യ, വി. അൽഫോൻസമ്മ, വാ. മദർ തെരേസ തുടങ്ങിയവരുടെ ശൈലിക്ക് സഭ പ്രാധാന്യം കൊടുക്കുന്നത്. വി. ഡോ ബോസ്കോ, വി. ചാവറയച്ചൻ തുടങ്ങിയ സന്യാസവൈദികർ താപസശൈലിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് സഭ ആവശ്യപ്പെടുന്ന തരത്തിലുള്ള അജപാലനപ്രവർത്തനങ്ങൾ ചെയ്തവരാണ്. സന്യസ്തർ പൊതുവെ താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നു.

1. ആശ്രമസ്തർ – ആശ്രമത്തിൽ നിന്ന് പുറത്തു പോകാതെ പ്രാർത്ഥനയും പഠനവും ആശ്രമജോലികളുമായി ജീവിക്കുന്നവരാണ് അവർ. നമ്മുടെ അതിരൂപതയിൽ ഇങ്ങനെയുള്ള സന്യസ്തരില്ല.

2. ഓർഡർ – ആശ്രമജീവിതത്തിന് ഊന്നൽ കൊടുത്ത് ചുരുക്കം ചില അപ്പസ്തോലിക പ്രവർത്തനം നടത്തുന്നവരാണ് ഈ ഗണത്തിൽപ്പെടുന്നത്. ഉദാ. കപ്പൂച്ചിൻ വൈദികർ

3. കോൺഗ്രിഗേഷൻ (Congregation) – താപസ്സജീവിതത്തിന് ഊന്നൽ കൊടുത്തുകൊണ്ടുതന്നെ സ്കൂൾ, ആശുപത്രി, സാമൂഹിക സേവനം തുടങ്ങിയ അപ്പസ്തോലികപ്രവർത്തനങ്ങൾക്ക് സഭാധ്യക്ഷന്മാരോട് വിധേയപ്പെട്ട് ജീവിതം നയിക്കുന്നവരാണ് അവർ. നമ്മുടെ അതിരൂപതയിൽ സി. എം. ഐ., ഡോൺ ബോസ്കോ, സി. എം. സി., എഫ്. സി. സി., ഹോളി ഫാമിലി തുടങ്ങി ഈ ഗണത്തിൽ വരുന്ന നിരവധി സന്യാസസമൂഹങ്ങൾ നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്നു.

സന്യസ്തരെപ്പോലെ വ്രതങ്ങളോടുകൂടിയ സമൂഹജീവിതം നയിക്കുകയും ഒപ്പം അപ്പസ്തോലിക ജീവിതത്തിന് ഊന്നൽ കൊടുക്കുകയും ചെയ്യുന്നവരെയാണ് മറ്റു സമർപ്പിതരെന്ന് പറയുന്നത്. ആതുരസേവനരംഗത്തും സാമൂഹികസേവനരംഗത്തും വചനപ്രഘോഷണരംഗത്തും മറ്റും ഇവർ കൂടുതൽ പ്രതിജ്ഞാബദ്ധരാണ്. നമ്മുടെ അതിരൂപതയിലെ നിർമ്മലദാസി, എസ്. എൽ. എം. ഐ., വി. സി. തുടങ്ങിയ

വരാണ് ഈ ഗണത്തിൽപ്പെടുന്നത്. ഇവരുടെ സമർപ്പിത അന്തസത്ത സഭയിൽ വളരെ വിലപ്പെട്ടതാണ്.

പ്രിയ കുട്ടികളേ, സമർപ്പിതവർഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവ വിളിയെ കുറിച്ച് ചിന്തിക്കുന്നവർക്കും പ്രോത്സാഹിപ്പിക്കുന്നവർക്കും വിവിധതരത്തിലുള്ള സമർപ്പിതജീവിതശൈലിയെ കുറിച്ച് ഒരു പൊതു അറിവ് ലഭിക്കുന്നതിനാണ് ഞാൻ മേൽപ്പറഞ്ഞ വിശദീകരണം നൽകി യത്. നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ വിളി തിരിച്ചറിയാൻ നിങ്ങൾ നന്നായി പ്രാർത്ഥിക്കണം. മാതാപിതാക്കളുടെയും ആധ്യാത്മിക ആചാ ര്യന്മാരുടെയും ഉപദേശങ്ങൾ തേടണം. അടുത്തുവരുന്ന പരീക്ഷകളിൽ ഉന്നതവിജയം നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ചർച്ചക്കുള്ള ചോദ്യങ്ങൾ**

1. ദൈവവിളി എന്നാൽ എന്ത്?
2. സമർപ്പിതർ, സന്യസ്തർ, ആശ്രമസ്തർ തുടങ്ങിയ പ്രയോഗങ്ങ ളിലൂടെ വിവക്ഷിക്കുന്നത് എന്തൊക്കെയാണ് ?
3. ദൈവവിളി തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം?

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

"യേശുവിനെ അറിയുക, അറിയിക്കുക" എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ അദ്ധ്യയനവർഷത്തെ മതബോധന ക്ലാസ്സുകളുടെ പരിസമാപ്തിയായി വാർഷിക പരീക്ഷകൾ അടുത്തുവരികയാണല്ലോ. യേശുവിനെ എന്തുമാത്രം അറിഞ്ഞു, പഠിച്ചു എന്നൊക്കെ സ്വയം വിലയിരുത്തുവാനുള്ള നല്ലൊരു അവസരമാണ് ഈ വാർഷിക പരീക്ഷ. എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും വാർഷിക പരീക്ഷയിൽ വിജയം ആശംസിക്കുന്നു. അവരെ ഒരുക്കുന്ന ബഹു. വൈദികരോടും സമർപ്പിതരോടും അധ്യാപകരോടും രക്ഷിതാക്കളോടും ഉള്ള കടപ്പാട് നിസ്സീമമാണ്.

## 1. മതാധ്യാപകരുടെ റിസോഴ്സ് ടീം

നിശ്ചിതവിഷയങ്ങളെക്കുറിച്ച് വിവിധ അവസരങ്ങളിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്ലാസ്സെടുക്കുന്നതിന് ഒരു റിസോഴ്സ് ടീം രൂപീകരിക്കാൻ ആഗ്രഹിക്കുന്നു. ആഴമായ അറിവുനേടാനും ആകർഷകമായി ക്ലാസ്സെടുക്കാനും കഴിവും സന്നദ്ധതയുമുള്ളവരും അടിയുറച്ച വിശ്വാസബോധ്യമുള്ളവരുമായ അധ്യാപകരെ ഈ ടീമിൽ അംഗമാകുന്നതിന് ക്ഷണിക്കുന്നു. അത്തരത്തിലുള്ള വ്യക്തികളെ ഈ റിസോഴ്സ് ടീമിലേക്ക് നിർദ്ദേശിക്കാൻ ബഹു. വൈദികരോടും സന്യസ്തരോടും മതാധ്യാപകരോടും അഭ്യർത്ഥിക്കുന്നു. അവശ്യമായ പരിശീലനം നല്കി, പ്രാപ്തരായവരെമാത്രമായിരിക്കും റിസോഴ്സ് ടീമിലേക്ക് അംഗമായി തിരഞ്ഞെടുക്കുന്നത്.

## 2. ഞായർ മതബോധന വാർഷിക പരീക്ഷകൾ

14 ഫെബ്രുവരി 2016, ACC (2PM-5PM) ; PLUS TWO (2PM-4PM)
21 ഫെബ്രുവരി 2016, 2PM-4PM : Stds. I, III, V, VII, IX, XI
28 ഫെബ്രുവരി 2016, 2PM-4PM : Stds. II, IV, VI, VIII, X

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3. യൂണിറ്റിൽ കേന്ദ്രീകൃത ഉത്തരകടലാസു പരിശോധന

Stds. III മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു.

## 4. പരീക്ഷകളുടെ ഉത്തരസൂചിക

അതിരൂപതാ മതബോധന കേന്ദ്രത്തിന്റെ ബ്ലോഗിൽ (http://catechismtrichurblogspot.in) പ്രസിദ്ധീകരിക്കുന്നതാണ്. പ്രിന്റ് ചെയ്ത കോപ്പികൾ മതബോധനകേന്ദ്രത്തിൽനിന്നും ലഭിക്കുന്നതല്ല.

## 5. Std. XII & ACC പൊതുപരീക്ഷ, 14 ഫെബ്രുവരി 2016

1 ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്. ഒന്നിൽകൂടുതൽ ക്ലാസ്സുമുറികളിലായാണ് പരീക്ഷനടത്തുന്നതെങ്കിൽ, ഓരോ ക്ലാസ്സുമുറിയിലും മേൽനോട്ടത്തിന് അവശ്യാനുസരണം അധ്യാപകരെ നിയോഗിക്കേണ്ടതാണ്.

2 പരീക്ഷയേയും മറ്റും സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകൾ (Attendance എന്നിവയെ സംബന്ധിച്ച്) വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും ഇക്കാര്യങ്ങൾ നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

3 പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെ തന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

4 ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുവാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.

5 Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് Std. XII, ACC പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. (തിയതികൾ താഴെ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 AM – 04.30 PM)

6 ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകാത്ത വിധം പരീക്ഷകൾ നടത്തുന്നതിന് പ്രത്യേക ശ്രദ്ധിക്കണം.

7 Std. XII, ACC വിദ്യാർത്ഥികളുടെ Registration Number, Hall Ticket എന്നിവ അതിരൂപതാമതബോധനകേന്ദ്രത്തിൽ നിന്നും ഓരോ യൂണിറ്റിലേയും ഹെഡ്മാസ്റ്റർ/ സെക്രട്ടറി വാങ്ങിച്ച് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

8 Internal Assessment Marks Sheet ഓരോ യൂണിറ്റിലേക്കും തയ്യാറാക്കിയിരിക്കുന്നത് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും ഹെഡ്മാസ്റ്റർ/ സെക്രട്ടറി കൊണ്ടുപോകേണ്ടതാണ്; 2016 മാർച്ച് 1ന് മുൻപുതന്നെ വികാരിയച്ചന്റെ ഒപ്പോടുകൂടി Internal Assessment Mark List മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. യൂണിറ്റിൽ നിന്നും തന്നിരിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർദ്ധവാർഷിക പരീക്ഷക്ക് ലഭിച്ചിരിക്കുന്ന മാർക്കിന്റെ അനുപാതം Internal Assessment Sheet ൽ ചേർത്തിട്ടുണ്ട്. Std. XII Internal Marks നൽകുവാനുള്ള മാനദണ്ഡം വളരെ കൃത്യമായി പാലിക്കുക. മാനദണ്ഡങ്ങൾക്കു വാർഷിക പ്രോഗ്രാം പേജ് 29 കാണുക.

## 6. ACC & PLUS TWO കേന്ദ്രീകൃത മൂല്യനിർണ്ണയം – 2016

ACC & PLUS TWO വാർഷിക പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Chief Examiners' Meeting : 21st February Sunday 10 AM
ACC Centralised Evaluation : Saturday 27th & Sunday 28th February (09.30 AM – 04.30 PM)

Std. XII Centralised Evaluation: Saturday 5th & Sunday 6th March (09.30 AM – 04.30 PM)

## 7. Intensive Catechism - ദൈവദർശൻ 2016

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിനെ പറ്റിയുള്ള വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറച്ചനുമായി ബന്ധപ്പെടുക:

V. Rev. Fr. Jaison Koonamplakkal 0487 - 2420891, 2423196

**8. യൂണിറ്റ് വിസിറ്റ് റിപ്പോർട്ട്**

യൂണിറ്റ് വിസിറ്റ് റിപ്പോർട്ട് മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരാത്തവർ ഉടനെ തന്നെ എത്തിച്ചുതരേണ്ടതാണ്.

**9. ഞായർ മതബോധന സ്കോളർഷിപ്പ് പരീക്ഷ 2016**

1. IV മുതൽ XI ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി സ്കോളർഷിപ്പ് പരീക്ഷ അതിരൂപതാടിസ്ഥാനത്തിൽ ഏപ്രിൽ 16 ശനിയാഴ്ച 2 PM – 4 PM ന് വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. കേന്ദ്രങ്ങൾ ഏതെന്ന് അറിയിക്കുന്നതാണ്. സൗകര്യമുള്ള കേന്ദ്രങ്ങൾ യൂണിറ്റിന് തെര ഞ്ഞെടുക്കാവുന്നതാണ്.

2. അർദ്ധ വാർഷിക പരീക്ഷയിലും വാർഷിക പരീക്ഷയിലും കൂടി (രണ്ടു പരീക്ഷകളിലും മൊത്തമായി) 90% മാർക്കിൽ കുറവുള്ള വിദ്യാർത്ഥി കൾക്ക് ഈ പരീക്ഷ എഴുതാൻ അർഹതയില്ല.

3. വാർഷികപരീക്ഷാ ഉത്തര കടലാസുകൾ, മതബോധന കേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ, കൃത്യതയോടും നീതിയോടും കൂടെ മൂല്യനിർണ്ണയം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേ ഷമാണ് യൂണിറ്റിൽ നിന്നും സ്കോളർഷിപ്പ് പരീക്ഷക്ക് വിദ്യാർത്ഥികളെ നിർദ്ദേശിക്കേണ്ടത്. ആനുപാതികമല്ലാതെയും അർഹതയില്ലാതെയും മാർക്ക് നൽകിയ ഉത്തരകടലാസ്സുകളുണ്ടോ എന്നത് വികാരിയച്ചനും ഹെഡ്മാസ്റ്ററും പരിശോധിക്കേണ്ടതാണ്.

4. യൂണിറ്റിൽ നിന്നും സ്കോളർഷിപ്പ് പരീക്ഷക്ക് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പേരുകളും ഉത്തരക്കടലാസ്സുകളും മതബോധന കേന്ദ്ര ത്തിൽ ലഭിക്കേണ്ട അവസാനതിയ്യതി മാർച്ച് 10 വ്യാഴാഴ്ച. അവസാന തിയ്യ തിക്കുശേഷം അവ സ്വീകരിക്കുന്നതല്ല.

5. യൂണിറ്റിൽനിന്നും സ്കോളർഷിപ്പ് പരീക്ഷ എഴുതാനായി നിർദ്ദേ ശിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷാ ഉത്തരകടലാസുകൾ മതബോധ നകേന്ദ്രത്തിൽ വീണ്ടും മൂല്യനിർണ്ണയം ചെയ്ത ശേഷമായിരിക്കും അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ആ വിവരം യൂണിറ്റിൽ അറിയിക്കുകയും ചെയ്യുന്നതാണ്. ഇപ്രകാരം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ നിന്നും പ്രസി ദ്ധീകരിച്ചതിനുശേഷം മാത്രമേ യൂണിറ്റുകളിൽ പൊതുപരീക്ഷാഫലം പ്രസി

ഢീകരിക്കാവൂ.

## 10. സ്കൂൾ മതബോധനം, സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ 2016

പരീക്ഷാ ദിവസം: ഏപ്രിൽ 9 ശനിയാഴ്ച 2 P M – 4 P M പതിവുപോലെ 7 കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. വിദ്യാർത്ഥികളുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന തിയ്യതി 2016 ഫെബ്രുവരി 15

## 11. Text Books for 2016-2017

2016 മെയ് 20 മുതൽ ഞായറാഴ്ച വിശ്വാസപരിശീലന പാഠാവലി (Text Books) വിതരണം ചെയ്യാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## 12. Bible Study Book

Std. I മുതൽ XII ഉൾപ്പെടെ പുസ്തകങ്ങൾക്ക് മാറ്റമില്ല.

## 13. മതബോധന കമ്മീഷൻ അതിരൂപതാ ഭാരവാഹികൾ

ജയ്സൻ എ. എം. (സെക്രട്ടറി), റവ. സി. ഹംബലിൻ സി. എം. സി. (ജോ. സെക്രട്ടറി-കുട്ടികളുടെ മതബോധനം), ആന്റണി എ. എ. (ജോ. സെക്രട്ടറി-കുടുംബമതബോധനം), ഡോ. ജോൺ റാഫേൽ (ജോ. സെക്രട്ടറി-യുവജനമതബോധനം)

## 14. പി.ടി.എ. അതിരൂപതാ ഭാരവാഹികൾ

സീജോ ചിറക്കേക്കാരൻ (പ്രസിഡന്റ്), അഡ്വ. ജോമി ജോസഫ്, ലിജി പോൾസൻ (വൈസ് പ്രസിഡന്റുമാർ) ബിജു സി.വി. (സെക്രട്ടറി), സെബി വെള്ളാട്ടുകര, സിനി ജോയ് (ജോ. സെക്രട്ടറിമാർ) ഫ്രാൻസി ആന്റണി (ട്രഷറർ)

ഭാരവാഹികൾക്ക് ആശംസകളും ഭാവുകങ്ങളും നേരുന്നു.

## 15. SMCC Award - 2015

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ Syro-Malabar Catechetical Commission (SMCC) അവാർഡിന് തൃശ്ശൂർ അതിരൂപതയിൽ നിന്നും പങ്കെടുത്തവർ: ബിലിൻ ബിജു,

ജിസ്മി ഷാജി, ജാക്സൺ കെ ജോസ്, ഏയ്ഞ്ചൽ റോസ് ജോയ്. സീറോ മലബാർ സഭയുടെ കേരളത്തിലെ 13 രൂപതകളിൽ നിന്നുമുള്ള 52 കുട്ടികളിൽ നിന്നും ആൺകുട്ടികളുടെ വിഭാഗത്തിൽ സീറോ മലബാർ സഭയുടെ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട തൃശ്ശൂർ അതിരൂപതയിലെ പടവരാട് യൂണിറ്റിൽനിന്നുള്ള ബിലിൻ ബിജുവിന് അഭിനന്ദനങ്ങൾ



Bilin Biju, Padavarad



Jismi Shaji
Sarithapuram



Jackson K. Jose,
Manakody



Angel Rose Joy,
Mundur

## 16. Catechists' Aptitude Examination 2015 Results

| | | |
|---|---|---|
| Rank I | : | Mrs. Gracy Joy, Chuvannamannu |
| Rank II | : | Mariya Jini P.V., Engandiyur |
| Rank III | : | Dr. Suny Tony, Mariapuram |
| Rank IV | : | Reena Sebastian, Chiyyaram |
| Rank V | : | Minu N. Joy, Kallur East |
| Rank VI | : | Litty Rappai, Varakkara St. Antony |
| Rank VII | : | Graizy N.C., Olarikkara |
| Rank VIII | : | Dr. Lucy K.M., Mannuthy |
| Rank IX | : | Johncy Mathew, Thiroor |
| Rank X | : | Ponsy Joseph, Kandassankadavu |

## 17. കൈയ്യെഴുത്തുമാസിക മത്സരം 2015 : സമ്മാനാർഹർ

**Prizes**

| | |
|---|---|
| 1st Ostium Misericordia | Mariapuram (St. John Bosco Church) |
| 2nd സ്പർശം | Thiroor (St. Thomas Church) |
| 3rd പിയെത്ത | Poothole (Calvary Unit) |
| 4th Eleos | Puranattukara (St. Sebastian's Church) |
| 5th Rahmah ഞങ്ങളിലൂടെ | Chiyyaram (Vijayamatha Church) |
| 6th കാരിസ് | Kottekad (St. Mary's Assumption Church) |
| 7th കരുണയുടെ വഴിയിലൂടെ | Aranattukara (St. Thomas Church) |
| 8th Aurora of mercy | Nirmalapuram (St. Joseph's Church) |
| 9th Misericordia | Ponganamkad (St. Mary's Church) |
| 10th എൽറോയി | Cherpu (St. Antony's Church) |

**Consolation Prizes**

| | |
|---|---|
| Grazia | Karamuck (St. John the Baptist Church) |
| ഹെസദ് | Eranellur (Our Lady of Rosary Church) |
| Lumen Miesericordiae | Nedupuzha (St. John Baptist Church) |
| Misericordiae Vultus | Vijayapuram (St. Xavier's Church) |
| ഹെസദ് | Cathedral (Lourde Cathedral) |
| ഗ്രാസ | Chemmannur (St. Sebastian's Church) |
| കരുണാമൃതം | Aloor (St. Sebastians Church) |
| Misericordia | Nellikkunnu (St. Sebastian's Church) |
| ഹെസദ് | Vendore (St. Mary's Church) |
| Eleos | Kuriachira (St. Josephs Church ) |

**Consolation prizes for the Units having less than 100 students**

| | |
|---|---|
| റെഹ് മേം ആകേശ് | Pullamkandam (St. George Church) |
| ജീവസ്പന്ദനം | Thriprayar (St. Peters Church) |

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
Asst. Directors

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

## 1. സന്യാസാർത്ഥിനികൾക്കായുള്ള ബേസിക് തിയോളജി കോഴ്സ്:

സന്യാസാർത്ഥിനികൾക്കായുള്ള മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് ജനുവരി 4-ാം തിയതി ആരംഭിച്ചു. 9 സന്യാസസമൂഹങ്ങളിൽനിന്നായി 35 സന്യാസാർത്ഥിനികളാണ് കോഴ്സിൽ പങ്കെടുക്കുന്നത്. പങ്കെടുക്കുന്ന സന്യാസസമൂഹങ്ങൾ താഴെപ്പറയുന്നവയാണ്.

1 Franciscan Clarist Congregation
2 Congregation of Samaritan Sisters
3 Congregation of Sisters of St. Martha
4 Society of Nirmala Dasi Sisters
5 Sisters of the Adoration of the Blessed Sacrament
6 Society of Divine Vocations
7 Daughters of our Lady of Divine Love
8 Sisters of Holy Trinity
9 Sisters of Our Lady of Fidelity

## 2. തിയോളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ ബഹു. സിസ്റ്റേഴ്സ്

Rev. Srs.:

Agi CSC,
Femi Olakkengil CSC,
Jini Vettiyadan CSC,
Leena Therese CSM,
Lini Thoduparambil CSC,
Litty Puthel CSC,
Minuba CSC
Daisy Porathur CSC,
Greeshma Pulickal CSC,
Joicy Arangassery CSC,
Liby Kalathy SNDS,
Lisjo Therese CSM,
Mary Puthenchira SNDS,
Sheeba Ummatty SNDS

Siji Pooveli CSC
Simi CSC
Sumi Alappadan SNDS

**3. കറസ്പോണ്ടൻസ് തിയോളജികോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർ**

Gracy N.O.
Sani M.P.
Reems P. P.
Jijo Jose
Lissy Chowallur
Vineetha Wilson
Sr. Linta Tresa
Reena K.V.
Mary Regina
Jolly Jose
Regi P. Kuriakose
Jessy V. A.
Lilly M. P.
Annet Chakramakal
Sr. Ann Tresa
Bindhu A.Y.

**4. കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സ്**

ഫെബ്രുവരി 14, 28 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെ.

Fr. Raphael Akkamattathil
Director

# മേരി മാതാ മേജർ സെമിനാരി

**പുതുവത്സരാരംഭം (05.01.16)**

രണ്ടാഴ്ചയോളം നീണ്ടുനിന്ന ക്രിസ്തുമസ് അവധിക്കാലം ജനുവരി 5-ന് അവസാനിച്ചു. അവധിക്കാലത്ത് തിരുപ്പട്ടങ്ങളിൽ പങ്കെടുക്കുവാനും വീട്ടുകാരുമൊത്ത് സ്നേഹം പങ്കിടുന്നതിനും സഹോദരങ്ങൾക്കു സാധിച്ചു. കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും കൂടി നവവത്സരത്തിന് തുറന്ന മനസ്സോടെ സ്വാഗതമരുളി മേരിമാതാ ഈ അദ്ധ്യായന വർഷത്തിലെ രണ്ടാമത്തെ ടേമിന് ആരംഭം കുറിച്ചു.

**ദനഹാ തിരുനാൾ (05.01.16)**

ജനുവരി 5-ാം തിയതി രാത്രി 8.45ന് പ്രാർത്ഥനയോടെ ദനഹാ തിരുനാളിന് തുടക്കം കുറിച്ചു. ഫാ. റെക്ടർ പ്രാർത്ഥനകൾക്ക് കാർമ്മികത്വം നൽകുകയും ബഹു. മോൺ. ജോർജ്ജ് മാനാടനച്ചൻ സന്ദേശം നൽകുകയും ചെയ്തു. യേശു ലോകത്തിന്റെ പ്രകാശമാണെന്ന ദനഹായുടെ സന്ദേശമുൾക്കൊണ്ട് പരമ്പരാഗത രീതിയിൽ ഭംഗിയായി അലങ്കരിച്ചിരുന്ന വാഴപിണ്ടിയിൽ തിരി കത്തിക്കുകയും തുടർന്ന് സഹോദരങ്ങൾ ഒരുമിച്ച് ഏൽ-പയ്യാ പാടിക്കൊണ്ട് പിണ്ടിക്ക് വലംവച്ച് ദനഹാ കൊണ്ടാടുകയും ചെയ്തു. തിരുനാൾ ദിനമായ 6-ാം തിയതി അഭിവന്ദ്യ ജെയ്ക്കബ് തൂങ്കുഴി പിതാവ് ആഘോഷപൂർവ്വമായ ദിവ്യബലിക്ക് കാർമ്മികത്വം വഹിച്ചു.

**മാസധ്യാനം (09.01.16)**

2016 ജനുവരി മാസത്തിലെ ധ്യാനം 9-10 തിയതികളിലായി നടന്നു. വളരെ വ്യത്യസ്തമായ ഒരു ധ്യാന രീതിയാണ് ഇപ്രാവശ്യം ഉണ്ടായത്. വ്യക്തിത്വ വികസനത്തിനും വിശകലനത്തിനും സഹായകമായിരുന്നു ഈ ധ്യാനം. അന്നേ ദിവസം ബാച്ചുകളായി തിരിഞ്ഞ് ബ്രദേഴ്സ് പരസ്പരം വിലയിരുത്തുകയും ഗുണങ്ങളും കുറവുകളും ചൂണ്ടിക്കാട്ടുകയും ചെയ്തു. മറ്റുള്ളവർ എങ്ങനെ തന്നെ മനസ്സിലാക്കുന്നുവെന്ന് അറിയാനും അതനുസരിച്ച് നല്ല തീരുമാനങ്ങൾ ഈ പുതുവർഷത്തിൽ എടുക്കുവാനും മാസധ്യാനം സഹായിച്ചു. ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിൽ അച്ചൻ ആയിരുന്നു ധ്യാനത്തിന് സഹായിച്ചത്.

**നവവൈദികർക്ക് സ്വീകരണം (10, 16/01/16)**

മേരിമാതാ സെമിനാരിയിൽ നിന്നും പഠനം പൂർത്തിയാക്കിയ 22 നവവൈദികർക്ക് ആശംസകൾ അർപ്പിക്കുന്നതിനായി ജനുവരി 10ന് സെമിനാരി

കുടുംബം ഒത്തുകൂടി. ബഹുമാനപ്പെട്ട റെക്ടറച്ചനും വൈസ് റെക്ടറച്ചനും സെമിനാരി കുടുംബത്തിന്റെ ആശംസകളും അഭിനന്ദങ്ങളും അറിയിച്ചു. നവവൈദികർ മാതൃഭവനത്തോടുള്ള നന്ദിയും കടപ്പാടും തങ്ങളുടെ പുത്തൻ അനുഭവങ്ങളും പങ്കുവച്ചു. പിറ്റേദിവസം രാവിലെ നവ വൈദികർ ഒന്നുചേർന്ന് ദൈവത്തിന് കൃതജ്ഞതാ ബലി അർപ്പിച്ചു. തുടർന്ന് നവവൈദികരുടെ അഭിഷിക്ത കരങ്ങൾ ചുംബിച്ച് സെമിനാരി കുടുംബം തങ്ങളുടെ സ്നേഹം പ്രകടിപ്പിച്ചു. അതുപോലെ തന്നെ, ജനുവരി 16ന് മേരിമാതായിൽ നിന്നും തത്ത്വശാസ്ത്ര പഠനം പൂർത്തിയാക്കി മറ്റു സെമിനാരികളിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ 20 നവാഭിഷിക്തരെ ക്ഷണിക്കുകയും അവർ വന്ന് ദിവ്യബലി അർപ്പിക്കുകയും അവർക്ക് മേരിമാതാ കുടുംബം ആശംസകൾ നേരുകയും ചെയ്തു.

**എക്യുമെനിക്കൽ മീറ്റ് (24.01.16)**

ആഗോള കത്തോലിക്കാ സഭ ജനുവരി 18 മുതൽ ഒരാഴ്ചക്കാലം സഭൈക്യവാരമായി ആചരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ എക്യുമെനിക്കൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ ജനുവരി 24-ാം തിയതി ഞായറാഴ്ച സെമിനാരിയിൽ പ്രത്യേക പ്രാർത്ഥന നടത്തപ്പെട്ടു. വിവിധ സഭകളുടെ പ്രതിനിധികൾ പങ്കെടുക്കുകയും സഭൈക്യവാര സന്ദേശം നൽകുകയും ചെയ്തു. അന്നേദിവസം വൈദിക വിദ്യാർത്ഥികൾക്ക് മറ്റ് സഭകളുടെ ആരാധനയിൽ പങ്കെടുക്കുവാൻ അനുവാദമുണ്ടായിരുന്നത് പ്രത്യേക അനുഭവമായി. ഒരു ഇടയനും ഒരു അജഗണവും എന്ന സഭകളുടെ സ്വപ്നത്തിന് കരുണാമയനായ ദൈവം പൂർണ്ണത നൽകട്ടെ.

**കാരുണ്യവർഷത്തിൽ കാൽനടയായി പാലയൂരിലേക്ക് (25.01.2016)**

കാരുണ്യവർഷത്തോടനുബന്ധിച്ച് തൃശ്ശൂർ ബസിലിക്കാ ദൈവാലയത്തിലും പാലയൂർ തീർത്ഥാടന കേന്ദ്രത്തിലും തുറക്കപ്പെട്ട കാരുണ്യത്തിന്റെ വാതിലിലൂടെ പ്രവേശിക്കുന്നതിനായി മേരിമാതാ മേജർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ ബസിലിക്കാ ദൈവാലയത്തിൽ നിന്ന് പാലയൂർ തീർത്ഥാടന കേന്ദ്രത്തിലേക്ക് 25.01.2016 വൈകീട്ട് അത്താഴത്തിനു ശേഷം തീർത്ഥാടന യാത്ര ആരംഭിച്ചു. 26.01.2016 അതിരാവിലെ അഞ്ചുമണിയോടുകൂടി എത്തിയ പദയാത്രയെ വൈദീകരും തീർത്ഥകേന്ദ്ര പ്രതിനിധികളും ചേർന്ന് സ്വീകരിച്ചു. കാരുണ്യവാതിലിലൂടെ ദൈവാലയത്തിനകത്തേയ്ക്ക് പ്രവേശിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചത് ഏവർക്കും പുത്തനനുഭവമായി. കരുണാവർഷത്തിൽ ചെയ്യാനുള്ള മറ്റു പല പദ്ധതികളും സെമിനാരിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

**റിപ്പബ്ലിക് ദിനം (26.01.16)**

ഇന്ത്യയുടെ റിപ്പബ്ലിക് ദിനം മേരിമാതാ കുടുംബം സാഘോഷം കൊണ്ടാടി. തുടർന്ന് ഡോൺ ബോസ്കോ ആശ്രമത്തിലെ തലവൻ പെരിയ ബഹു. മാത്യു കപ്ലിക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ അക്കാദമി സംഘടിപ്പിച്ചു. രണ്ടാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥിയായ ബ്ര. ആഷിൽ കൈതാരൻ റിപ്പബ്ലിക് ദിന സന്ദേശം നൽകി. തുടർന്ന് മുളയം ഇടവക, എസ്.ഒ.എസ്., സ്ലം മിനിസ്ട്രി എന്നിവിടങ്ങളിലെ കൊച്ചു കലാകാരന്മാർ വിവിധയിനം കലാപരിപാടികളിലൂടെ സദസ്സിനെ സന്തോഷഭരിതമാക്കി.

**സംഗീത-ഭക്ഷണ വിരുന്ന് (30.01.16)**

സെമിനാരി കുടുംബത്തെ മുഴുവൻ ആനന്ദലഹരിയലാഴ്ത്തികൊണ്ട് മേരിമാതാ ക്വയർ അവതരിപ്പിച്ച സംഗീത നിശ അതിമനോഹരമായിരുന്നു. നീണ്ട നാളത്തെ പരിശീലനത്തിനുശേഷം സംഗീതോപകരണങ്ങളുടെ സഹായത്തോടെ ഒരു പ്രൊഫഷണൽ ടീമിനെ വെല്ലുന്ന രീതിയിലാണ് ക്വയർ അംഗങ്ങൾ ഗാനങ്ങൾ ആലപിച്ചത് മനം കുളിപ്പിച്ച സംഗീത വിരുന്നിനോടൊപ്പം മാറ്റുകൂട്ടാനായി അന്നേ ദിവസം തന്നെ സെമിനാരിയിലെ പാചക വിദഗ്ധരായ സഹോദരങ്ങൾ ചേർന്ന് ഭക്ഷണവിരുന്ന് തയ്യാറാക്കിയിരുന്നു. ഇത് സെമിനാരിക്കുടുംബത്തിന് മറക്കാനാവാത്ത ഒരനുഭവമാണ് സമ്മാനിച്ചത്. ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിലുള്ള ഗാനാലാപനം സന്തോഷത്തിന് മാറ്റുകൂട്ടി.

**ബേഴ്സ് സ്ഥാപിച്ചവർ**

***Individual Patron Membership***

1. ശ്രീ. പി.സി. പോൾ, പനക്കൽ ഹൗസ്, അയ്യന്തോൾ

***Individual Benefactor Membership***

1. ശ്രീ. സി.ഡി. ലോനപ്പൻ, ചിറ്റിലപ്പിള്ളി ഹൗസ്, അടാട്ട്
2. ശ്രീ. എ.എ. ആന്റണി, ഐനിക്കൽ ഹൗസ്, ചെങ്ങാലൂർ
3. ശ്രീ. വർഗ്ഗീസ് കുണ്ടുകുളം, ഒളരിക്കര, പുല്ലഴി
4. ശ്രീമതി ആനി ജോർജ്ജ്, തട്ടിൽഹൗസ്, അരണാട്ടുകര

***Individual wellwisher Membership***

1.റവ. സി. സുപ്പീരിയർ ക്ലെയർ ജ്യോതി എഫ്.സി. കോൺവെന്റ്, കണ്ണാറ

2. റവ. സി. സുപ്പീരിയർ, ഹോളി ഫാമിലി എഫ്.സി. കോൺവെന്റ്, ബ്രഹ്മകുളം

**(റെക്ടർ)**

PH : 2420891

# സെൻറ് മേരീസ് മൈനർ സെമിനാരി

### തേർഡ് ടേം സമാരംഭം

ഈ അദ്ധ്യയന വർഷത്തിലെ അവസാനത്തെ ടേം 2016 ജനുവരി 3-ാം തിയതി ആരംഭിച്ചു. അവധിക്കാലം വീട്ടിൽ ചെലവഴിച്ചും തിരുപ്പട്ട ശുശ്രൂഷകളിൽ സംബന്ധിച്ചും ആർജ്ജിച്ചെടുത്ത പുതുചൈതന്യത്തോടെ എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി.

### ഉല്ലാസയാത്ര

2016 ജനുവരി 4-ാം തിയതി പാണിയിലെ പോരിലേക്ക് സെമിനാരി കുടുംബം ഉല്ലാസ യാത്ര നടത്തി.

### അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ

ദനഹാ തിരുനാൾ ദിവസം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ജനുവരി 14-ാം തിയതി അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ കുർബ്ബാനയർപ്പിച്ച് തിരുവചന സന്ദേശം നൽകി.

### നവവൈദികർക്ക് സ്വീകരണം

ഈ വർഷം തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച 17 നവവൈദികർക്ക് ജനുവരി 6, 7 തിയതികളിലായി മൈനർ സെമിനാരി കുടുംബം സ്വീകരണം നൽകി. ജനുവരി 6-ാം തിയതി വൈകീട്ട് അനുമോദനയോഗവും 7-ാം തിയതി രാവിലെ വിശുദ്ധ ദിവ്യബലിയർപ്പണവും ഉണ്ടായിരുന്നു. നവവൈദികരുടെ സാന്നിധ്യവും വാക്കുകളും സെമിനാരി വിദ്യാത്ഥികൾക്ക് ഏറെ പ്രചോദനാത്മകമായി.

### മാസധ്യാനം

പുതുവർഷത്തിലെ പ്രഥമ മാസധ്യാനം ജനുവരി 8, 9 തിയിതികളിലായിരുന്നു. മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് ധ്യാന ചിന്തകൾ നൽകിയത് ബഹു. ബിൽജു വാഴപ്പിള്ളിയച്ചനായിരുന്നു. ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും റീജൻസിക്കാർക്കും വേണ്ടി ധ്യാന വിചിന്തിനങ്ങൾ നടത്തിയത് റവ. ഫാ. ടിജോ മുള്ളക്കര, റവ. ഫാ. തോമസ് വേലുക്കാരൻ എന്നിവരായിരുന്നു.

**സഭൈക്യവാരാചരണം**

സഭകളുടെ ഐക്യത്തിനായി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടും വിവിധ ക്രൈസ്തവ വിഭാഗങ്ങളെപ്പറ്റി കൂടുതലറിയാൻ ശ്രമിച്ചുകൊണ്ടും സഭൈക്യാ വാരാചരണത്തിൽ സെമിനാരി കുടുംബം ക്രിയാത്മകമായി പങ്കുചേർന്നു.

**മാതാപിതാക്കളുടെ സംഗമം**

ഈ വർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി തുടർ പരിശീലനത്തിനായി ഒരുങ്ങുന്ന വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം ജനുവരി 23-ാം തിയതി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തദവസരത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും വൈദിക പരിശീലനത്തെക്കുറിച്ചുള്ള തന്റെ വീക്ഷണങ്ങൾ പങ്കുവെയ്ക്കുകയും മാതാപിതാക്കളുടെ ആശയങ്ങളും അഭിപ്രായങ്ങളും ചോദിച്ചറിയുകയും ചെയ്തു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോഷി വി.ജെ., വടക്കൻ ഹൗസ്, കൂർക്കഞ്ചേരി, തൃശ്ശൂർ
2. ശ്രീമതി റോസ് ലിജു & ഫാമിലി, മേരി വില്ല എഴുത്തച്ഛൻ നഗർ, നോർത്ത് ബസ് സ്റ്റാൻഡ്, തൃശ്ശൂർ
3. ശ്രീ. ക്ലിന്റോ ആന്റണി, തേയ്ക്കാനത്ത് ചാക്കോള ഹൗസ്, തൈക്കാട്ടുശ്ശേരി, തൃശ്ശൂർ
4. മാതൃസംഘം യൂണിറ്റ്, ഔർ ലേഡി ഓഫ് കാർമ്മൽ ചർച്ച്, ഏനാമാക്കൽ, തൃശ്ശൂർ
5. നവജ്യോതി പ്രോവിൻഷ്യലേറ്റ്, ഒളരിക്കര, തൃശ്ശൂർ
6. സേക്രഡ് ഹാർട്ട് എഫ്.സി. കോൺവെന്റ്, വൈലത്തൂർ, തൃശ്ശൂർ
7. സെന്റ് ജോസഫ് യൂണിറ്റ്, നിത്യസഹായമാതാ ചർച്ച്, വിയ്യൂർ, തൃശ്ശൂർ
8. ശ്രീ. വർഗ്ഗീസ് കെ.ടി., കരുമാലിക്കൽ ഹൗസ്, മൈലിപ്പാടം സ്ട്രീറ്റ്, കുരിയച്ചിറ, തൃശ്ശൂർ
9. ശ്രീ. ആന്റോ പോൾ & ഫാമിലി കിടങ്ങേൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
10. പ്രൊഫ. ഡോക്ടർ മാണി കെ. പി. 'ഡോമൂസ് മരിയ' ശങ്കരയ്യ റോഡ്, തൃശ്ശൂർ
11. ശ്രീ. തോമസ് കെ.ഐ. കുറ്റിക്കാട്ട് ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ

12. ശ്രീ. ഫ്രാൻസീസ് സി.ടി. ചിറ്റാട്ടുകരക്കാരൻ ഹൗസ്, സൗത്ത് അഞ്ചേരി, തൃശ്ശൂർ

13. ശ്രീമതി സാറ ജോസ്, W/o. ശ്രീ. ജോസ് കെ.ടി. കണ്ണനായ്ക്കൽ ഹൗസ്, പറവട്ടാനി.

ദൈവപരിപാലനയുടെ ദിവ്യാനുഭവം ഞങ്ങൾക്ക് നിത്യവും പകർന്നേകുന്ന എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങളുടെ സമൃദ്ധി പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ.... ആചരിക്കാൻ – 2016 ഫെബ്രുവരി**

| | |
|---|---|
| ഫെബ്രുവരി 4 (വ്യാഴം) | ലോക കാൻസർ ദിനം |
| ഫെബ്രുവരി 5 (വെള്ളി) | ആദ്യവെള്ളി, വി. കുർബ്ബാന |
| ഫെബ്രുവരി 8 (തിങ്കൾ) | വിഭൂതി |
| ഫെബ്രുവരി 11 (വ്യാഴം) | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| ഫെബ്രുവരി 13 (ശനി) | റേഡിയോ ദിനം |
| ഫെബ്രുവരി 21 (ഞായർ) | മാതൃഭാഷ ദിനം |
| ഫെബ്രുവരി 28 (ഞായർ) | ശാസ്ത്രദിനം |

**2. വാർഷിക പരീക്ഷകൾ**

S.S.L.C; Plus Two പരീക്ഷകൾ ആരംഭിയ്ക്കാറായി. വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് അദ്ധ്യാപകർ ത്യാഗപൂർവ്വം പ്രവർത്തിയ്ക്കുമല്ലോ.

**3. സ്കൂൾ മാനേജർ**

ഇടവക വികാരിയാണ് സ്കൂളിന്റെ മാനേജർ. അദ്ദേഹത്തെ സ്കൂൾ മാനേജരായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ നിന്നും നൽകുന്നു. തൃശ്ശൂർ അതിരൂപത “വിദ്യാഭ്യാസ പ്രേഷിതത്വം-2004” പ്രകാരം സ്കൂൾ മാനേജർമാരുടെ സേവന മേഖലകൾ

താഴെപ്പറയുന്നവയാണ്.

(എ) സ്കൂളിന്റെ ഗുണനിലവാരം ഉയർത്താനാവശ്യമായ എല്ലാ കാര്യങ്ങളും മാനേജർ, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും പി.ടി.എയുടെയും സഹകരണത്തോടെ ചെയ്യേണ്ടതാണ്.

(ബി) മാനേജർ വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും സ്റ്റാഫ് മീറ്റിംഗ് വിളിക്കേണ്ടതാണ്.

(സി) മാനേജർ വർഷത്തിലൊരിക്കൽ പി.ടി.എ. അംഗങ്ങളെ നേരിട്ട് വിളിച്ച് സ്കൂൾ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തേണ്ടതാണ്.

(ഡി) പ്രധാനദ്ധ്യാപകൻ സൂക്ഷിക്കുന്ന Supervision Diary, Factual Diary, Log Book, Movement Register എന്നിവയുടെ വെളിച്ചത്തിൽ സ്റ്റാഫ് അംഗങ്ങളെപ്പറ്റിയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാനേജർ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ കോർപ്പറേറ്റ് മാനേജർക്കു നൽകേണ്ടതുമാണ്.

(ഇ) സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും പ്രശംസനീയമാം വിധം പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുമ്പോൾ മാനേജർ അവരെ ചെന്നു കണ്ട് പരസ്യമായി അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(എഫ്) അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും കുട്ടികൾക്കും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുവാൻ മാനേജർ നേതൃത്വം നൽകേണ്ടതാണ്. (ഉദാ. ടോയ്‌ലറ്റ്, സൈക്കിൾ ഷെഡ്, സ്റ്റാഫ് റൂം ഫെസിലിറ്റീസ്)

(ജി) വർഷത്തിലൊരിക്കൽ കത്തോലിക്ക കുട്ടികൾക്ക് ധ്യാനം നടത്തുവാനുള്ള സംവിധാനം സ്കൂളിൽ കാണേണ്ടതാണ്. ഈ സമയത്ത് അക്രൈസ്തവ കുട്ടികൾക്ക് ധാർമ്മികകാര്യങ്ങളെ ക്കുറിച്ചുള്ള പഠന ശിബിരം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(എച്ച്) മാസാദ്യവെള്ളിയാഴ്ച സൗകര്യപ്രദമായ സമയത്ത് 'കുമ്പസാരവും വി. കുർബ്ബാനയും പരികർമ്മം ചെയ്യാനുള്ള സംവിധാനവും മാനേജർ കാണേണ്ടതാണ്. ഇതിൽ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും പങ്കെടുപ്പിക്കുകയും സഹകരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(ഐ) വേദോപദേശം, സന്മാർഗ്ഗ ശാസ്ത്രം എന്നീ വിഷയങ്ങൾ സ്കൂളിൽ പഠിപ്പിക്കുന്നുണ്ടോ എന്ന് മാനേജർ ഉറപ്പ് വരുത്തേണ്ടതാണ്.

(ജെ) സ്കൂളിന്റെ അച്ചടക്കം, സമരമില്ലാത്ത അവസ്ഥ, പഠനാന്തരീക്ഷം എന്നിവ നിലനിറുത്തുന്നതിന് ഹെഡ്മാസ്റ്ററേയും സ്റ്റാഫിനേയും പ്രോത്സാഹിപ്പിക്കുകയും അവർക്കു പിന്തുണ നൽകുകയും ചെയ്യേണ്ടതാണ്.

**4. സ്കൂൾ ഉപദേശക സമിതി**

സ്കൂളിന് ആറുമുതൽ ഒമ്പതു പേരടങ്ങുന്ന ഒരു ഉപദേശക സമിതി ഉണ്ടായിരിക്കണം. ഈ സമിതി അംഗങ്ങളുടെ പേരുകൾ എല്ലാ വർഷവും കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. തൃശ്ശൂർ അതിരൂപത "വിദ്യാഭ്യാസ പ്രഷിതത്വം -2004" സ്കൂൾ ഉപദേശക സമിതിയെ പറ്റി നൽകുന്ന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്

1. സ്കൂൾ ഉപദേശക സമിതിയുടെ ഔദ്യോഗിക ചെയർമാൻ, സ്കൂൾ മാനേജരായിക്കും.

2. സ്കൂൾ ഉപദേശക സമിതി താഴെപ്പറയും പ്രകാരം ക്രമീകരിക്കേണ്ടതാണ്.

(എ) വികാരി - മാനേജർ
(ബി) അസിസ്റ്റൻ വികാരി (ഫസ്റ്റ് അസിസ്റ്റൻ)
(സി) തന്നാണ്ടു കൈക്കാരന്മാർ
(ഡി) പ്രതിനിധി യോഗത്തിലുള്ള സ്കൂൾ പ്രതിനിധി
(ഇ) പ്രതിനിധിയോഗത്തിൽ നിന്ന് തെരഞ്ഞടുക്കുന്ന രണ്ടു വിദ്യാഭ്യാസ വിചിക്ഷണന്മാർ/യോഗ്യരായ വിദ്യാഭ്യാസ അഭ്യുദയകാംക്ഷികൾ.
(3) സ്കൂൾ വികസന ഫണ്ട് കൈകാര്യം ചെയ്യുന്നത് സ്കൂൾ ഉപദേശക സമിതി ആയിരിക്കും.
(4) സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ സ്കൂൾ ഉപദേശകസമിതിയിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിനുശേഷമേ നടപ്പിലാക്കാൻ പാടുള്ളൂ.
(5) സ്കൂളിന്റെ വാർഷിക അറ്റകുറ്റ പണികൾ/ പെറ്റി കൺസ്ട്രക്ഷൻ വർക്സ്/ സ്കൂൾ ഉപദേശക സമിതി നേതൃത്വം നൽകി നടത്തേണ്ടതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി,**
കോർപ്പറേറ്റ് മാനേജർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**1. രണ്ടാം സെമസ്റ്റർ ബി.എഡ്. ക്ലാസ്സുകൾ ആരംഭിച്ചു.**

2015-2017 അദ്ധ്യയന വർഷത്തിലെ ബി.എഡ് വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ 06.01.2016 ആരംഭിച്ചു.

**2. ബി.എഡ്. രണ്ടാം സെമസ്റ്റർ പരീക്ഷകൾ സമാപിച്ചു.**

2014-2015 അദ്ധ്യയനവർഷത്തിലെ ബി.എഡ്. വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ 11.01.2016 ആരംഭിച്ചു. 15.01.2016 ന് അവസാനിച്ചു.

**3. കോളേജ് യൂണിയൻ ഇലക്ഷൻ നടത്തി**

2015–2017 അദ്ധ്യയന വർഷത്തിലെ കോളേജ് യൂണിയൻ ഇലക്ഷൻ ഡിസംബർ 11ന് നടത്തി. പ്രിൻസിപ്പാൾ ഡോ. ജെസ്സി മാത്യു വിജയികളെ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

**ആർട്സ് ഡേ ആഘോഷിച്ചു.**

ജൂബിലി ട്രെയ്നിംഗ് കോളേജിലെ 2015–16 അദ്ധ്യയന വർഷത്തിലെ ആർട്സ് ഡേ ഡിസംബർ 4,5 തിയതികളിൽ സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനുവേണ്ടി വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ കലാമത്സരങ്ങൾ സംഘടിപ്പിച്ചു. മോൺ. ഫാ. ജോർജ്ജ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ അരങ്ങേറി. കോളേജ് ഡേ വിപുലമായി തന്നെ ആഘോഷിച്ചു. വിവിധ കലാമത്സരങ്ങളിൽ വിജയിച്ച് ടാഗോർ ഗ്രൂപ്പ് വിജയത്തിലകം ചാർത്തി.

**മഹാജൂബിലിയിലെ സ്റ്റാഫ് അംഗങ്ങൾ പിക്നിക്കിന് പോയി**

മഹാജൂബിലി ട്രെയ്നിംഗ് കോളേജ് സ്റ്റാഫ് അംഗങ്ങളുടെ പിക്നിക് അനുഭവമായി. ഡിസംബർ 12ന് രാവിലെ 10 മണിക്ക് അതിരപ്പിള്ളിലേക്കാണ് വിനോദയാത്ര പോയത്.

**6. മഹാജൂബിലി ട്രെയ്നിംഗ് കോളേജ് – ബി.കോം സെന്റർ**

ഡിസംബർ 11ന് ആരംഭിച്ച വിദൂരവിദ്യഭ്യാസ ബി.കോം വിദ്യാർത്ഥികൾക്ക് എക്സാം സെന്ററായി മഹാജൂബിലി കോളേജ് പ്രവർത്തിച്ചു. 150–ൽ പരം വിദ്യാർത്ഥികൾ പരീക്ഷ എഴുതി.

**7. മാഗസിൻ പ്രകാശനം ചെയ്തു**

2014–2015 അദ്ധ്യയന വർഷത്തിലെ ബി.എഡ്. വിദ്യാർത്ഥികളുടെ കോളേജ് മാഗസിൻ 'Glits' പ്രകാശനം ചെയ്തു. ആദ്യമായി പ്രകാശനം ചെയ്തു. ആദ്യമായാണ് അദ്ധ്യയന വർഷം അവസാനിക്കുന്നതിന് മുമ്പ് കോളേജ് മാഗസിൻ പ്രകാശനം ചെയ്യുന്നത്.

**ഫാ. ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ഡിറ്റോ കൂള**
അസി. മാനേജർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- കോളേജിൽ ഡിസംബർ 10 ഹ്യൂമൺ റൈറ്റ്സ് ഡേ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

- ഡിസംബർ 14 – എനർജി കൺസർവേഷൻ ഡേ, കോളേജിലെ IE(I) Student Chapterന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. ഡോ. പി.എൻ. പത്മനാഭൻ നമ്പ്യാർ (പ്രൊഫസർ, വിദ്യ അക്കാദമി ഓഫ് സയൻസ് & ടെക്നോളജി) 'Energy Conservation in Electrical Systems' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം നടത്തി.

- കോളേജിലെ പി.ടി.എ. ജനറൽബോഡി യോഗം ഡിസംബർ 16ന് നടത്തുകയുണ്ടായി. പൊതുയോഗത്തിൽ പുതിയ പി.ടി.എ. ഭാരവാഹികളെ തെരഞ്ഞെടുക്കുകയും സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ജോസ് മാസ്റ്റർക്കും മറ്റു ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

- എറണാകുളത്തുവെച്ച് നടന്ന കേരള കാത്തലിക് എഞ്ചിനീയറിംഗ് കേളജസ് മാനേജ്മെന്റ് അസോസിയേഷന്റെ യോഗത്തിൽ ജ്യോതി പങ്കെടുക്കുകയും, അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള അഡ്മിഷൻ പോളിസിയെക്കുറിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുകയുണ്ടായി.

- ഡിസംബർ 18ന്, ഐ.സി.ടി. അക്കദമിയുടെ നേതൃത്വത്തിൽ "IT Tools for Academic and Research- R Programming" എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. 40–ാളം ഫാക്കൽറ്റി മെമ്പേഴ്സ് പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.

- ഡിസംബർ 18ന്, മൈക്രോസോഫ്റ്റ് സ്റ്റുഡന്റ് പാർട്ട്ണേഴ്സിന്റെ നേതൃത്വത്തിൽ നാലാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി '**CODE HOUR**' എന്ന ടെക്നിക്കൽ ക്ലാസ്സ് സംഘടിപ്പിച്ചു.

- ഡിസംബർ 19ന്, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ വിപുലമായ ക്രിസ്മസ് ആഘോഷം നടന്നു. വിദ്യാർത്ഥികൾക്കായി കരോൾ ഗാനാലാപനമത്സരം, ക്രിബ് മേക്കിംഗ് കോമ്പറ്റീഷൻ, ക്രിസ്മസ് പാപ്പ മത്സരം, കാർഡ് മേക്കിംഗ് തുടങ്ങി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ക്രിസ്മസ് ആഘോഷങ്ങളുടെ ഉദ്ഘാടനം, അമല മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ജോയിന്റ് ഡയറക്ടർ റവ. ഫാ. ജൂലിയസ് അറയ്ക്കൽ, സി.എം.ഐ. നിർവ്വഹിച്ചു. അദ്ദേഹം വിദ്യാർത്ഥി

കൾക്കും സ്റ്റാഫംഗങ്ങൾക്കും ക്രിസ്മസ് സന്ദേശം നല്കി. തുടർന്ന് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ മത്സരവിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു.

- ഡിസംബർ 19ന്, ഉച്ചകഴിഞ്ഞ് കോളേജിലെ മുഴുവൻ സ്റ്റാഫംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് സ്റ്റാഫ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷിച്ചു. എല്ലാവരും വളരെ ആവേശത്തോടെ വിവിധ പരിപാടി കൾ അവതരിപ്പിച്ചു. സ്റ്റാഫംഗങ്ങൾക്ക് സമ്മാനങ്ങൾ നല്കുകയുമുണ്ടായി.

- ഡിസംബർ 27ന് തൃശൂർ അതിരൂപതയുടേയും, തൃശൂർ പൗരാവലിയുടേയും നേതൃത്വത്തിൽ സംഘടിപ്പിച്ച 'ബോൺ നത്താലെ' യിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫ്ലോട്ട് അവതരിപ്പിച്ചു. പ്രസ്തുത ഘോഷയാത്രയിൽ കോളേജിലെ ധാരാളം പേർ പങ്കെടുക്കുകയുണ്ടായി.

- കോളേജ് മുൻചെയർമാൻ മാർ. ജേക്കബ്ബ് തൂങ്കുഴി, ഇപ്പോഴത്തെ ചെയർമാൻ മാർ, ആഡ്രൂസ് താഴത്ത് എന്നിവരുടെ ജന്മദിനത്തിൽ കോളേജ് അധികൃതർ ആശംസകൾ നേരുകയുണ്ടായി.

- ഡിസംബർ 28ന് ക്രിസ്മസ് അവധിയ്ക്കുശേഷം കോളേജ് പുനരാരംഭിച്ചു.

**അനുശോചനം**

- ഫൗണ്ടർ ഇൻസ്റ്റിറ്റ്യൂഷൻ ട്രസ്റ്റി മെമ്പറായിരുന്ന റവ. സി. ആനി പാലത്തിങ്കൽ, സി.എച്ച്.എഫ്. ന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു.

- കോളേജ് ടെക്നിക്കൽ കമ്മറ്റി മെമ്പറും സ്ട്രക്ച്ചറൽ കൺസൽട്ടെന്റുമായിരുന്ന എഞ്ചിനീയർ എസ്.ജെ. മാത്യുവിന്റെ നിര്യാണത്തിൽ കോളേജ് അധികാരികളും സ്റ്റാഫംഗങ്ങളും അനുശോചനം രേഖപ്പെടുത്തി. പങ്കെടുത്ത് റീത്ത് സമർപ്പിച്ചു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി.ആർ.ഒ**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

### ഫിസിക്സ് വിദ്യാർത്ഥിക്ക് യൂണിവേഴ്സിറ്റി റാങ്ക്

2011–2014 അക്കാദമിക് വർഷത്തെ ബിഎസ്സി ഫിസിക്സ് വിദ്യാർത്ഥിയായിരുന്ന അന്ന ഹെബ ചാക്കുണ്ണിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി രണ്ടാം റാങ്ക് ലഭിച്ചതായി യൂണിവേഴ്സിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചു. സെന്റ് തോമസ് കോളേജിലെ എം.എസ്.സി. നാലാം സെമസ്റ്റർ വിദ്യാർത്ഥിയാണ് ഹെബ ഇപ്പോൾ.

### ദേശീയ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ തെരഞ്ഞെടുത്തു

സെന്റ് തോമസ് കോളേജിലെ രണ്ടാംവർഷ ബിരുദ ഗണിതശാസ്ത്ര വിദ്യാർത്ഥിയായ ജോമി ജോജു പി.ജെ.യെ 2016 ജനുവരി 26ലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ തെരഞ്ഞെടുത്തു. എൻ.സി.സി. ജൂനിയർ അണ്ടർ ഓഫീസറാണ് ജോമി ജോജു.

### ബോൺ നത്താലെ 2015

തൃശൂർ അതിരൂപതയുടെ തൃശൂർ പൗരാവലിയും സംയുക്തമായി സംഘടിപ്പിച്ച ക്രിസ്മസ് ഘോഷയാത്രയായ ബോൺ നത്താലെ 2015 സെന്റ് തോമസ് കോളേജിൽ നിന്ന് ആരംഭിച്ച് തൃശൂർ നഗരം ചുറ്റി കോളേജ് അങ്കണത്തിൽ സംഘടിപ്പിച്ച മതസൗഹാർദ്ദ സമ്മേളനത്തോടെ സമാപിച്ചു. ബോൺ നത്താലെ റിസപ്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ, കോളേജിന്റെ ശീതീകരിച്ച നാക് റൂമിൽ വിശിഷ്ടാതിഥികൾക്ക് ആതിഥ്യമരുളി.

### ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റിനു നേട്ടം

ക്രൈസ്റ്റ് കോളേജിൽ വച്ച് നടന്ന ആർച്ചറി കോമ്പൗണ്ട് വിഭാഗത്തിൽ സെന്റ് തോമസ് കോളേജ് ടീം ജേതാക്കളായി. കേരളവർമ കോളേജ് ഗ്രൗണ്ടിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി ക്രിക്കറ്റ് മാച്ചിലും കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ വച്ചു നടന്ന പവർലിഫ്റ്റിംഗ് ചാമ്പ്യൻ ഷിപ്പിലും സെന്റ് തോമസ് കോളേജ് റണ്ണർ അപ്പ് ആയി.

ക്രൈസ്റ്റ് കോളേജ് ഗ്രൗണ്ടിൽ നടന്ന ക്രൈസറ്റ് ദക്ഷിണേന്ത്യ അണ്ടർ കലാലയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ വ്യാസ കോളേജ്, വടക്കാഞ്ചേരിയെ തോൽപിച്ച് സെന്റ് തോമസ് കോളേജ് ചാമ്പ്യന്മാരായി. 1971 നുശേഷം 45 വർഷത്തിന്റെ ഇടവേളയ്ക്കു ശേഷമാണ് സെന്റ് തോമസ് ചാമ്പ്യൻപട്ടം നേടിയത്.

**കാക്കിക്കുള്ളിലെ ശാസ്ത്രലോകം**

തൃശൂർ സെന്റ് തോമസ് കോളേജിലെ സസ്യശാസ്ത്ര വിഭാഗം ഒരു ദിവസത്തെ ദേശീയ ശിൽപശാല നടത്തി. സസ്യശാസ്ത്ര വിഭാഗത്തിൽനിന് പ്രീഡിഗ്രിയും ബിരുദവും ബിരുദാനന്തബിരുദവും പൂർത്തിയാക്കി സമൂഹത്തിന് വനസംരക്ഷണരംഗത്തും പോലിസ് രംഗത്തും സെൻട്രൽ എക്സൈസ്, സ്പൈസസ് ബോർഡ്, കോഴിക്കോട് സർവ്വകലാശാല ഗവേഷണ വിഭാഗത്തിലും കെഎസ്സിഎസ്ടിഇ യുടെ പോസ്റ്റ് ഡോക്ടറൽ ഗവേഷകരുമായ പൂർവ്വ വിദ്യാർത്ഥികൾ ഒരുക്കിയ ശിൽപശാലയിൽ ഒമ്പത് ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പ്രിൻസിപ്പാൾ ഡോ. ജെൻസൺ പി.ഒ. അദ്ധ്യക്ഷത വഹിച്ചു. സിബി സിഐഡി എസ്.പി. രാജീവ് പി.ബി. ശിൽപശാല ഉദ്ഘടാനം ചെയ്തു. മോൺ ജോർജ് എടക്കളത്തൂർ അനുഗ്രഹപ്രഭാഷണം നടത്തി. മനോജ് കുമാർ (സൂപ്രണ്ട്, സെൻട്രൽ എക്സൈസ്), എ.ഒ. സണ്ണി (എസിഎഫ്), രൻജിത്ത് (റേഞ്ച് ഓഫീസർ), റവ. ഫാ. ബൈജു ചാക്കേരി (വൈസ് പ്രിൻസിപ്പാൾ), പ്രഫ. ജേക്കബ് അബ്രാഹം പുളിക്കൽ, ഡോ. സി.ഡി. വർഗീസ്, ഡോ. ഇഗ്നേഷ്യസ് ആന്റണി എന്നിവർ സംസാരിച്ചു.

**കറ്റാലിസിസ് 2016 ദേശീയ സാമൂഹിക പ്രവർത്തന വിദ്യാർത്ഥി സമ്മേളനത്തിൽ സെന്റ് തോമസ് കോളേജ് ചാമ്പ്യന്മാർ**

കൊച്ചി: രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെ ആഭിമുഖ്യത്തിൽ മനുഷ്യന്റെ മാഹാത്മ്യവും ശ്രേഷ്ഠതയും എന്ന വിഷയത്തെ ആസ്പദമാക്കി ഇന്ത്യയിലെ വിവിധ കലാലയങ്ങളിലെ സാമൂഹ്യപ്രവർത്തന വിദ്യാർത്ഥികൾക്കായി ജനുവരി 7, 8 തീയതികളിൽ പോസ്റ്റർ പ്രസന്റേഷൻ, ക്വിസ് മത്സരം, ലൈവ് ഡോക്യുമെന്ററി, പ്രോജക്ട് പ്രൊപ്പോസൽ തുടങ്ങിയവ സംഘടിപ്പിച്ചു. ഇന്ത്യയിൽ ആകമാനമുള്ള അനവധി കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരങ്ങളിൽ തൃശൂർ സെന്റ് തോമസ് കോളേജ് സാമൂഹ്യപ്രവർത്തന വിഭാഗം ജേതാക്കളായി.

**സെന്റ് തോമസ് കോളേജിൽ പാട്രൻസ് ഡേ ആഘോഷിച്ചു**

തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ പാട്രൻസ് ഡേ ആഘോഷം ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ആഘോഷിച്ചു. കോളേജിന്റെ രക്ഷാധികാരിയുടെ ജന്മദിനമാണ് പാട്രൻസ് ഡേ ആയി ആഘോഷിക്കുന്നത്.കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ മാനേജർ മാർ റാഫേൽ തട്ടിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ. ജെൻസൺ സ്വാഗതവും വൈസ് പ്രിൻസിപ്പാൾ ഡോ.തോമ്സ് പോൾ കാട്ടുക്കാരൻ നന്ദിയും

പറഞ്ഞു. സ്റ്റാഫ് കൗൺസിൽ സെക്രട്ടറി പ്രഫ. ജേക്കബ് അബ്രഹാം പുളിക്കൽ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാട്രിക് മാത്യു, കോളേജ് യൂണിയൻ ചെയർമാൻ ലിയോ രാജൻ എന്നിവർ ആശംസകളർപ്പിച്ചു. വൈസ് പ്രിൻസിപ്പാൾമാരായ ഫാ. ബൈജു ചാക്കേരി, ഡോ. ഇഗ്നേഷ്യസ് ആന്റണി ബർസാർ റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത് പി.ആർ.ഒ. ഡോ. ഡെയ്സൺ പാണേങ്ങാടൻ എന്നിവർ നേതൃത്വം നൽകി. പാവപ്പെട്ടവർക്കു വിതരണം ചെയ്യുന്നതിനുള്ള സാരികൾ കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ, മാർ ആൻഡ്രൂസ് താഴത്തിന് ജന്മദിന സമ്മാനമായി നൽകി. ഗവേഷണ ബിരുദം നേടിയ അദ്ധ്യാപകരെയും നെറ്റ് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളെയും യോഗത്തിൽ അനുമോദിച്ചു.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജനുവരി - 2016**

### കരുണയുടെ പുൽക്കൂടൊരുക്കി ജൂബിലി മിഷനിൽ കാരുണ്യത്തിന്റെ ക്രിസ്മസ് ആഘോഷം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി എല്ലാ വർഷവും പുൽക്കൂടിൽ ഒരുക്കാറുള്ളത് ആനുകാലിക വിഷയങ്ങളാണ്. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ കാരുണ്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ ജൂബിലി പുൽക്കൂട്ടിൽ കാരുണ്യത്തിന്റെ വാതിൽ ഒരുക്കി. ക്രിസ്തുമസിനോടനുബന്ധിച്ച് ജൂബിലി മിഷൻ പാവങ്ങൾക്കായ് നൽകിയ അഞ്ചുലക്ഷത്തിലധികം രൂപയുടെ കാരുണ്യപ്രവർത്തനങ്ങളാണ്. ക്രിസ്തുമസിനോടനുബന്ധിച്ച് ജൂബിലിയിൽ ആറു ദിവസത്തെ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ്, ചെന്നൈയിലെ പ്രളയത്തിൽ രോഗികളായവർക്ക് രണ്ടുലക്ഷത്തിലധികം രൂപ ചിലവ് വരുന്ന സൗജന്യ മരുന്നുകൾ, ക്രിസ്തുമസ് ദിനത്തിൽ രോഗികൾക്ക് പ്രത്യേക ചികിത്സാ ഇളവുകൾ, ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ സുവർണ്ണജൂബിലിയുടെ ഓർമ്മക്കായ് 'ജൂബിലി കാരുണ്യ ഭവനം' എന്നിവയാണ് ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രൻസീസ് പള്ളിക്കുന്നത്ത് ക്രിസ്തുമസിനോടനുബന്ധിച്ച് പ്രഖ്യാപിച്ച ജൂബിലി മിഷൻ കാരുണ്യപദ്ധതികൾ. ജൂബിലി പുൽക്കൂടിന്റെ ഉദ്ഘാടനം തൃശ്ശൂർ റേഞ്ച് ഐ. ജി. ശ്രീ അജിത്ത് കുമാർ ഐ. പി. എസ്. നിർവ്വഹിച്ചു.

ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂബിലി മിഷൻ സൂപ്പർവൈസർ ശ്രീ പി. ഒ. ജെയിംസിന്റെ നേതൃത്വത്തിലാണ് പൂൽക്കൂട് നിർമ്മിച്ചത്.

**ചെറുതുരുത്തിയിൽ ജൂബിലിയുടെ ഹെൽത്ത് കെയർ സെന്റർ**

പൊതുജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിനായി ചെറുതുരുത്തിയിൽ ഹെൽത്ത് കെയർ സെന്ററിന്റെ ഉദ്ഘാടനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ചടങ്ങിന് അദ്ധ്യക്ഷം വഹിച്ചു. ജ്യോതി എഞ്ചിനീയറിങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ. കെ ബാബു സ്വാഗതവും അഡ്മിനിസ്ട്രേറ്റർ ശ്രീ. തോമസ് മാത്യു നന്ദിയും പറഞ്ഞു. ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. കെ. രാജൻ, ഡോ. പ്രിയങ്ക, ഡോ. മീനാക്ഷി, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫിനാൻസ് മാനേജർ ഫാ. ജോജു ചിരിയങ്കണ്ടത്ത്, പ്രോജക്ട് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റർ ബോബി പീറ്റർ എന്നിവർ പങ്കെടുത്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ചെറുപുഷ്പം കുടുംബ കൂട്ടായ്മ, ലൂർദ്ദ് കത്തീഡ്രൽ, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. ഷാജു സൈമൺ, ചീരൻ ഹൗസ്, പഴഞ്ഞി, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. ജസ്റ്റിൻ കെ. ജോസ്, കൊള്ളന്നൂർ ഹൗസ്, പോലീസ് ക്വാർട്ടേഴ്സ്, തൃശ്ശൂർ ( 20 ഡയാലിസിസ്)
- ശ്രീമതി ലീല തോമസ്, ചിറക്കേകാരൻ ഹൗസ്, അരിസ്റ്റോ റോഡ്, തൃശ്ശൂർ (80 ഡയാലിസിസ്)
- ജോയ് ആലുക്കാസ്, ആലുക്കാസ് ഹൗസ്, തൃശ്ശൂർ (160 ഡയാലിസിസ്)
- ശ്രീ. ചാക്കോ, ഫ്ളാറ്റ് നമ്പർ ജി. 1, ജോസ് ആലുക്കാസ്, മരിയാപുരം, തൃശ്ശൂർ (20 ഡയാലിസിസ്)
- സ്റ്റുഡൻസ് സ്കൂൾ ഓഫ് നഴ്സിങ്ങ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് മോഡൽ എച്ച്. എസ്. എസ്., (Poor Fund) കുരിയിച്ചിറ, തൃശ്ശൂർ (100 ഡയാലിസിസ്)

- ഡിപ്പാർട്ടുമെന്റ് ഓഫ് കോമേഴ്സ് മാനേജ്മെന്റ് സ്റ്റഡീസ്, സെന്റ് തോമസ് കോളേജ് (സെൽഫ് ഫിനാൻസിങ്ങ്) തൃശ്ശൂർ (30 ഡയാലിസിസ്)
- ഫാർമസി ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (32 ഡയാലിസിസ്)
- ഷ്റൈൻ ബസിലിക്ക ഓഫ് അവർ ലേഡി ഓഫ് ഡോളേഴ്സ്, തൃശ്ശൂർ (80 ഡയാലിസിസ്)
- മാനേജർ, സെന്റ് അൽഫോൻസ പബ്ളിക് സ്കൂൾ, പട്ടിക്കാട്, തൃശ്ശൂർ ( 20 ഡയാലിസിസ്)
- ഹോളി ഫാമിലി യൂണിറ്റ്, സെന്റ് പീറ്റർ ചർച്ച്, നെഹ്റു നഗർ, തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീ. ജെന്റിൽ സി. ജെ, ചാണ്ടി ഹൗസ്, അഞ്ചങ്ങാടി, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീമതി മേരി ജോസഫ്, തരകൻ ഹൗസ്, കൂനമൂച്ചി, തൃശ്ശൂർ (40 ഡയാലിസിസ്)
- സെന്റ് തെരേസാസ് ചർച്ച്, എറവ്, തൃശ്ശൂർ (100 ഡയാലിസിസ്)
- അവർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ചർച്ച്, നോർത്ത് പുതുക്കാട്, മുല്ലശ്ശേരി, തൃശ്ശൂർ (50 ഡയാലിസിസ്)
- ഇൻഫന്റ് ജീസസ് ചർച്ച്, മുല്ലക്കര, മണ്ണുത്തി, തൃശ്ശൂർ (20 ഡയാലിസിസ്)
- സൺഡേ കാറ്റികിസം സ്റ്റുഡൻസ് & സി. എൽ. സി. മെമ്പേഴ്സ്, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച്, നെടുപുഴ, തൃശ്ശൂർ ( 70 ഡയാലിസിസ്)
- ശ്രീ. വിവിൻ വിൻസെന്റ്, ഇരിങ്ങാലക്കുടക്കാരൻ ഹൗസ്, അവിണിശ്ശേരി, തൃശ്ശൂർ (50 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**ഹൃദയനിധി**

- ശ്രീ. ചാക്കോ, ഫ്ളാറ്റ് നമ്പർ ജി. 1, ജോസ് ആലുക്കാസ്, മരിയാപുരം, തൃശ്ശൂർ
- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## അന്യസംസ്ഥാന തൊഴിലാളികൾക്കായി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടിയുള്ള ഉണർവ് പ്രോജക്ടിന്റെ ഭാഗമായി മദ്യം, മയക്കുമരുന്ന്,പുകയില എന്നിവയുടെ ദൂഷ്യഫലങ്ങൾ, ലൈംഗിക രോഗങ്ങൾ, ആരോഗ്യവും വ്യക്തി ശുചിത്വവും എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. വില്ലടം, ചേറൂർ എന്നീ സ്ഥലങ്ങളിൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ്സുകൾ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്തു. ശ്രീ.ജെസ്റ്റോ വർഗ്ഗീസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കേരള ലേബർ മൂവ്മെന്റ് സംഘടന പ്രതിനിധികളായ ശ്രീ. ജോസഫ് മേപ്പാടൻ അന്യ സംസ്ഥാന തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ, അവകാശങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു.

## സെന്റർ മീറ്റിംഗുകൾ നടത്തി

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഗുണഭോക്തൃകുടുംബങ്ങൾക്ക് വേണ്ടി പറപ്പൂർ, ലൂർദ്ദ്, വില്ലടം, അരിമ്പൂർ, ഒല്ലൂർ, തലോർ, വീണ്ടശ്ശേരി എന്നീ സെന്ററുകളിൽ മീറ്റിംഗുകൾ നടന്നു. ജീവിത നൈപുണ്യകലകൾ എന്ന വിഷയത്തെക്കുറിച്ച് ആനിമേറ്റർ ശ്രീമതി സീജ രഞ്ജിത്ത് ക്ലാസ്സെടുത്തു.

## ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും

ചേലക്കര-56000/-, തലോർ-2000/-, പുറനാട്ടുക്കര-15000/-, തണ്ടിലം-4100/-, ഒല്ലൂർ-19000/-, കോടന്നൂർ10000/-, പെരിങ്ങോട്ടുക്കര-9000/-, വീണ്ടശ്ശേരി -10000/- ലൂർദ്ദ്-25000/-

## റീജിയണൽ മീറ്റിംഗുകൾ നടത്തി

സേവ് എ ഫാമിലിയുടെയും, ഗോഡ്സ് ഓൺ ഫാമിലിയുടെയും റീജിയണൽ മീറ്റിംങ്ങ് ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് കൂടി. ഗുണഭോക്തൃകുടുംബങ്ങൾക്കു വേണ്ടി മട്ടുപ്പാവിലെ കൃഷി എന്ന വിഷയത്തെ കുറിച്ച് മണ്ണുത്തി അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെ പ്രൊഫ.ഇന്ദിര ക്ലാസ്സുകൾ നയിച്ചു. തദവസരത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സദസ്സിനെ അഭിസംബോധന ചെയ്യുകയും, എല്ലാവർക്കും ക്രിസ്തുമസ് -പുതുവർഷ ആശംസകൾ നേരുകയും ചെയ്തു. 250 കുടുംബങ്ങൾ

പങ്കെടുത്ത ഈ ബോധവത്ക്കരണ ക്ലാസ്സ് അനുദിന ജീവിതത്തിന് വളരെയധികം ഉപകാരപ്രദമായിരുന്നു. ഗുണഭോക്തൃകുടുംബങ്ങൾ അവരുടെ ഉപകാരികൾക്ക് ക്രിസ്തുമസ്സ് നവവത്സര ആശംസകൾ അറിയിച്ചു കൊണ്ടുള്ള കത്തുകൾ അയച്ചു.

### FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും

ബസിലിക്ക-10,000/-, ചെവ്വൂർ-10,000/-, ചേറൂർ-9,000/-, നെല്ലിക്കുന്ന്-5000/-, പുല്ലംകണ്ടം-38,000/-, പള്ളിക്കുന്ന്-20,000/-, വില്ലടം-25,000/- , പേരാമംഗലം -38,000/-, പാലയൂർ-29,000/-, പാവറട്ടി-27,000/-

### CAT & RAT നിലവിൽ വന്നു.

സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ബെയ്സിക്ക് ആക്ഷൻ ടീം(BAT) രൂപീകരണം പൂർത്തിയാക്കി. തിരഞ്ഞെടുക്കപ്പെട്ട BAT ടീം അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചേലക്കര, വേലൂർ, പട്ടിക്കാട്, പുതുക്കാട്, തൃശ്ശൂർ Town മേഖലകളിലായി റീജിയണൽ ആക്ഷൻ ടീം (RAT) നിലവിൽ വന്നു. മേഖലതലത്തിൽ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ സംവിധാനം സഹായകമാകും. തുടർന്ന് റീജിയണൽ ഭാരവാഹികൾ ഒന്നു ചേർന്ന് സെൻട്രൽ ആക്ഷൻ ടീം(CAT) രൂപീകരിക്കുകയും ചെയ്തു. CAT ഭാരവാഹികളായി ശ്രീമതി. ലിറ്റി ബാബു പട്ടിക്കാട് (പ്രസിഡന്റ്), ശ്രീമതി. ജോളി വർഗ്ഗീസ് പൊന്നൂക്കര (വൈസ് പ്രസിഡന്റ്), ശ്രീമതി. റിൻസി ജോസ കിള്ളിമംഗലം (സെകട്ടറി), ശ്രീമതി. ജയ ജോയ് തൊയ്ക്കാവ് (ജോ. സെകട്ടറി), ശ്രീമതി. ജസീന്ത ജോസ് നടത്തറ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പിന് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ഫാ.ടോണി അരിമ്പൂർ, ഫാ. ടെഡ്സ് കുന്നപ്പിള്ളി, കോ.ഓഡിനേറ്റർ ശ്രീ.സി.പി. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകി.

### ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പ് രൂപീകരണം

സാന്ത്വനം വിവിധ യൂണിറ്റുകളിലായി 35 ഓളം JLG ഗ്രൂപ്പ് ആരംഭിക്കുന്നതിനായി പ്രാഥമിക നടപടികൾ പൂർത്തിയാക്കി. ബാങ്ക് ലിങ്കേജ് വഴി JLG കൾക്ക് കുറഞ്ഞ പലിശയിൽ കൃഷിയും മറ്റു സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിന് സാധിക്കും. താല്പര്യമുള്ള സ്നേഹനിധി, സ്വയം സഹായ സംഘം അംഗങ്ങൾ സാന്ത്വനം ഓഫീസുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു.

**അക്കൗണ്ടിങ്ങ് പരിശീലനം നടത്തി.**

ലൂർദ്ദ്, ഒല്ലൂർ, വടക്കാഞ്ചേരി, പാവറട്ടി എന്നീ മേഖലകളിൽ വച്ച് സ്നേഹനിധി യൂണിറ്റുഭാരവാഹികൾക്കായി അക്കൗണ്ടിങ്ങ് പരിശീലന ക്ലാസ്സുകൾ നടത്തി. ഒരോ മേഖലകളിൽ നിന്നുള്ള യൂണിറ്റ് ഭാരവാഹികളും മേഖല ഭാരവാഹികളും പങ്കെടുത്ത പരിശീലന ക്ലാസ്സിന് കോ.ഓഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് നേതൃത്വം നൽകി. സാന്ത്വനം ഓഫീസിൽവച്ച് സ്നേഹനിധി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**വാർഷിക പൊതുയോഗം നടത്തി.**

ചിറ്റാട്ടുക്കര സ്നേഹനിധി യൂണിറ്റിന്റെ വാർഷിക പൊതുയോഗം വികാരി റവ.ഫാ. റാഫേൽ വടക്കന്റെ അദ്ധ്യക്ഷതയിൽ നടന്നു. സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി യോഗം ഉദ്ഘാടനം ചെയ്തു. അസി. വികാരി റവ.ഫാ. ജോൺ ചിറ്റിലപ്പിള്ളി, ട്രസ്റ്റി.ശ്രീ. മത്തായി മാസ്റ്റർ, കോ.ഓഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിച്ചു.

**ക്രിസ്തുമസ് ആഘോഷവും കരോൾ ഗാനമത്സരവും.**

അതിരൂപത സ്നേഹനിധിയുടെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് ക്രിസ്തുമസ് ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് പരിപാടി ഉദ്ഘാടനം ചെയ്തു. മോൺ ജോർജ്ജ് കോമ്പാറ, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, പ്രൊഫ.കെ.എം. ഫ്രാൻസീസ്, ശ്രീ ടോജോ മാത്യൂ, സ്നേഹനിധി പ്രസിഡന്റ് പ്രൊഫ.എലിസബത്ത് മാത്യൂ, ശ്രീമതി. റെജീന ഡേവീസ്, ശ്രീമതി. റോസമ്മ അലക്സ് എന്നിവർ പ്രസംഗിച്ചു. പിന്നീട് നടന്ന കരോൾ ഗാനമത്സരത്തിൽ നിരവധി ടീമുകൾ പങ്കെടുത്തു. തയ്യൂർ, എരനെല്ലൂർ, കൊട്ടേക്കാട് എന്നീ സ്നേഹനിധി യൂണിറ്റുകൾക്ക് യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.വിജയികൾക്ക് കാഷ് അവാർഡുകൾ സമ്മാനിച്ചു.

**സന്ദർശനം നടത്തി.**

സമന്വയ പ്രോജക്ടിന്റെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ സൗത്ത് ഇന്ത്യൻ റീജിയണൽ ഓഫീസർ ശ്രീ. കെ.എ സെബാസ്റ്റ്യൻ സാന്ത്വനം ഓഫീസ് സന്ദർശിച്ച് സമന്വയ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും 2016 വർഷത്തെ സമന്വയ പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു.

**മോണിറ്ററിങ്ങ് സന്ദർശനം നടത്തി.**

ജെസ്പ്പ് II മാർ ജേക്കബ്ബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ ഭാഗമായി ചാഴൂർ, പെരിങ്ങോട്ടുകര, പടവരാട്, ആളൂർ, മരോട്ടിച്ചാൽ, തിരുവില്ലാമല എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുകയും, തദവസരത്തിൽ സ്കോളർഷിപ്പിന്റെ ഭാഗമായി ട്യൂഷൻ ഫീസുകൾ വിതരണം ചെയ്യുകയും ചെയ്തു.

**വാർഡ് ആക്ഷൻ ടീം (WAT ) രൂപീകരിച്ചു.**

സമൃദ്ധി കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേലക്കര പഞ്ചായത്തിന്റെ 13,14,16,17 തുടങ്ങിയ വാർഡുകളിൽ വാർഡ് ആക്ഷൻ ടീം രൂപീകരണവും മീറ്റിംഗും നടന്നു. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി പദ്ധതിയെ കുറിച്ച് സംസാരിച്ചു. ഫാ. ടെഡ്സ് കുപ്പിള്ളി, പ്രോജക്ട് കോ.ഓഡിനേറ്റർ ശ്രീ നിവിൻ ജോസഫ്, ആനിമേറ്റേഴ്സ്, വാർഡ് മെമ്പർമാർ തുടങ്ങിയവർ മിറ്റിംങ്ങുകൾക്ക് നേതൃത്വം നൽകി.

**സാന്ത്വനത്തിന് പുതിയ വെബ്സൈറ്റ്**

സാന്ത്വനത്തിന്റെ പുതിയ വെബ്സൈറ്റ് (www.santhwanamtcr.com) അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ഫണ്ട് മൊബിലൈസേഷനു വേണ്ടി സാന്ത്വനം നടപ്പിലാക്കുന്ന പുതിയ പദ്ധതിയായ 'മാൻഡേറ്റ് സിസ്റ്റം' സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് ശ്രീ വി.എൽ. പോൾ മാൻഡേറ്റ് ഫോം പിതാവിന് നൽകി കൊണ്ട് ഉദ്ഘാടനം ചെയ്തു. അതോടൊപ്പം മറ്റം ഹൗസിങ്ങ് പ്രോജക്ടിലേക്ക് 30 ലക്ഷം രൂപ സൗത്ത് ഇന്ത്യൻ ബാങ്ക് നൽകുന്ന സന്തോഷവാർത്ത അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി.ഇ.ഒ. ഡോ. ബെി ജോസഫ് മാൻഡേറ്റ് ഫോം പൂരിപ്പിച്ച് പിതാവിന് നൽകി കൊണ്ട് ആദ്യ ബെനഫാക്ടറായി .തദവസരത്തിൽ സാന്ത്വനത്തിന്റെ ഉപകാരിയായ ശ്രീ N.A സണ്ണിക്ക് ആദ്യ കോപ്പി നൽകി കൊണ്ട് സാന്ത്വനത്തിന്റെ പുതിയ ബ്രോഷർ പ്രകാശനം ചെയ്ത്തു. മോൺ ജോർജ്ജ് കോമ്പാറ ബൾക്ക് SMS സിസ്റ്റത്തിന്റെ ഉദ്ഘാടനം ആദ്യ ാെ അയച്ചു കൊണ്ട് നിർവഹിച്ചു.

സാന്ത്വനത്തിനു വേണ്ടി സൗജന്യമായി വെബ് സൈറ്റ് തയ്യാറാക്കിയ ശ്രീ.ഷാജു, സോഫ്റ്റ് വെയർ തയ്യാറാക്കിയ ശ്രീ.ഷാജൻ സെബാസ്റ്റ്യൻ, ഹൗസിങ്ങ് പ്രോജക്ടിലേക്ക് സംഭാവന ചെയ്ത സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീവർക്ക് അഭിവന്ദ്യ പിതാവ് മെമന്റോ നൽകി അതിരൂപതയുടെ കടപ്പാട്

അറിയിച്ചു. ഗവേർണീംഗ് ബോഡി, ജനറൽ ബോഡി അംഗങ്ങൾ, അതിരൂപത സ്നേഹനിധി ഭാരവാഹികൾ, സാമൂഹ്യക്ഷേമസമിതി കൺവീനർമാർ, സ്റ്റാഫംഗങ്ങൾ എിവർ ചടങ്ങിൽ സംബന്ധിച്ചിരുു.

**കാരുണ്യ വർഷ സെമിനാർ നടത്തി.**

ഒളരിക്കര, പോട്ടോർ ഇടവകകളിൽ കാരുണ്യ വർഷത്തോടനുബന്ധിച്ച് സെമിനാർ നടത്തി. തദവസരത്തിൽ അതിരൂപത കാരുണ്യ വർഷത്തിൽ ചെയ്യു കാരുണ്യ പ്രവർത്തികളെക്കുറിച്ചും, സാന്ത്വനത്തിന്റെ സാമൂഹ്യപ്രവർത്തനങ്ങളെ കുറിച്ചും ഡയറക്ടർ വിശദീകരിച്ചു. റവ.ഫാ. ബെർണാദ്ദ് തട്ടിൽ, റവ.ഫാ. തോമസ് കാക്കശ്ശേരി എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

**പപ്പായ ഫെസ്റ്റ് സംഘടിപ്പിച്ചു.**

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പപ്പായുടെ ഔഷധ ഗുണവും മാഹാത്മ്യവും ഉയർത്തികാട്ടി പപ്പായ കൃഷിയും പപ്പായ വിഭവങ്ങളും പ്രോൽത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപത സ്നേഹനിധിയുടെ നേതൃത്വത്തിൽ പപ്പായ ഫെസ്റ്റ് സംഘടിപ്പിച്ചു. ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് നടന്ന ഫെസ്റ്റിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള സ്നേഹനിധിയുടെ നേതൃത്വത്തിൽ 200-ൽ പരം വിഭവങ്ങളും അവയുടെ പാചകവിധികളും പ്രദർശിപ്പിച്ചു. ഏറ്റവും നല്ല വിഭവങ്ങൾ കൊണ്ടുവന്ന വിജയപുരം യൂണിറ്റ് ഒന്നാം സ്ഥാനവും, തയ്യൂർ,കിഴക്കെ കല്ലൂർ എന്നീ യൂണിറ്റുകൾക്ക് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും ലഭിച്ചു. ഏറ്റവും കൂടുതൽ വിഭവങ്ങൾ കൊണ്ടുവന്ന വിജയപുരം സ്നേഹനിധിക്ക് പ്രത്യേക പുരസ്കാരം ലഭിക്കുകയുണ്ടായി. സമ്മാനർഹർക്ക് കാഷ് അവാഡുകൾ വിതരണം ചെയ്തു.

**ജനപ്രതിനിധികളെ ആദരിച്ചു.**

ത്രിതല പഞ്ചായത്തുകളിൽ നടന്ന തെരെഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച ജനപ്രതിനിധികളെ ആദരിച്ചു. സാന്ത്വനത്തിന്റെ കീഴിലുള്ള സ്വയംസഹായസംഘങ്ങൾ, സ്നേഹനിധി, സേവ് എ ഫാമിലി എന്നിവയിൽ പ്രവർത്തിക്കുന്ന 14 അംഗങ്ങളാണ് വിവിധ പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, കോർപ്പറേഷൻ തുടങ്ങിയ ഭരണ സമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അതിരൂപതാദ്ധ്യക്ഷൻ ജനപ്രതിനിധികൾക്ക് മെമന്റോ നൽകി ആദരിക്കുകയും സദ്ഭരണം കാഴ്ച്ച വയ്ക്കാൻ ആശംസകൾ നേരുകയും ചെയ്തു. സാന്ത്വാനം ചെയർമാൻ മോൺ ജോർജ്ജ് കോമ്പാറ സ്വാഗതവും വൈസ് ചെയർമാൻ ശ്രീ.ടോജോ മാത്യു വിജയികൾക്ക് അനുമോദനവും നേർന്നു. അതിരൂപ

തയുടെ വിവിധ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച പരിചയവും അനുഭവ സമ്പ ത്തുമാണ് നേതൃത്വത്തിലേക്ക് കടന്നുവരാൻ ഞങ്ങളെ സഹായിച്ചതെ് ജന പ്രതിനിധികൾക്ക് വേണ്ടി മറുപടി പറഞ്ഞ ശ്രീമതി. ജിന്നി ജോയ് പരസ്യ മായി പ്രഖ്യാപിക്കുകയും തങ്ങളുടെ നന്ദിയും, കടപ്പാടും അറിയിക്കുകയും ചെയ്തു.

**ബോൺ നത്താലെ എക്സിബിഷൻ.**

ബോൺ നത്താലെയോടനുബന്ധിച്ച് നടത്തിയ എക്സിബിഷനിൽ സാന്ത്വനവും സ്റ്റാളൊരുക്കി പങ്കെടുത്തു. സാന്ത്വനത്തിന്റെ കീഴിലുള്ള വിവിധ സ്വയം സഹായ സംഘങ്ങൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും വിപ ണനവും സ്റ്റാളിൽ ഉണ്ടായിരുന്നു. സാന്ത്വനത്തെ അറിയുക, പരിചയപ്പെടു ത്തുക എന്ന ലക്ഷ്യത്തോടെ സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള LCDപ്രദർശനവും സ്റ്റാളിൽ ഒരുക്കിയിരുന്നു. ഡിസംബർ 23 മുതൽ ജനുവരി 10 വരെ ഒരുക്കിയ സ്റ്റാളിൽ സാന്ത്വനത്തിന്റെ കാരുണ്യ പ്രവർത്തികൾക്കായി സാമ്പത്തിക സഹായം നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**മംഗല്ല്യനിധി സഹായങ്ങൾ വിതരണം ചെയ്തു.**

ബോൺ നത്താലെയോടനുബന്ധിച്ച് കാരുണ്യ വർഷത്തിൽ 30 നിർദ്ധന യുവതികൾക്കായി ഒരുക്കിയ വിവാഹ സഹായ ധന വിതരണ പദ്ധതി (മംഗല്ല്യനിധി) യുടെ ആദ്യ ബാച്ചിൽ 15 യുവതികൾക്കായി അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് ഒരു ലക്ഷം രൂപ വീതം 15 ലക്ഷം രൂപ വിതരണം ചെയ്തു. ആർച്ച് ബിഷപ്പസ് ഹൗസിൽ വെച്ച് നടന്ന ചടങ്ങിൽ മോൺ ജോർജ്ജ് കോമ്പാറ, സാമൂഹ്യ ക്ഷേമ സമിതി അതിരൂപത കൺവീനർ ശ്രീ.ജോസഫ് എന്നിവർ സംസാരിച്ചു. അവിണിശ്ശേരി, മുല്ലക്കര, അരിമ്പൂർ, കുമ്പളങ്ങാട്, കോട്ടപ്പടി, വല്ലച്ചിറ, തൈക്കാട്ടുശ്ശേരി, വെളുത്തൂർ, മുളയം, ചിറ്റ ലപ്പിള്ളി, ഒല്ലൂർ, പനമുക്ക്, പുതുക്കാട്, പുത്തൻപീടിക, നന്തിപുലം എന്നീ ഇടവകാതിർത്തികളിലെ യുവതികൾക്കാണ് സഹായങ്ങൾ വിതരണം ചെയ്തത്. മംഗല്ല്യ നിധിയുടെ മുഖ്യ ഉപകാരികളായ ശ്രീ. എം. വി. തോമ സിനെ പ്രതിനിധീകരിച്ച് ബ്രാഡോക്ക് ഇൻഫോടെക്ക് ഡയറക്ടർ ശ്രീ. സജു ചാക്കോ സിഹിതനായിരുന്നു.

ഫാ. ടോണി അരിമ്പൂർ
ഫാ. ടെഡ്സ് കുപ്പിള്ളി
അസി.ഡയറക്ടേഴ്സ്

ഫാ. തോമസ് പൂപ്പാടി
റെക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം കാൽവരി ആശ്രമത്തിൽ വെച്ച് 10.01.2016 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി. നോമ്പുകാലങ്ങളിൽ ഇടവക ദേവാലയങ്ങളിൽ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകുവാൻ തീരുമാനിച്ചു. നോമ്പുകാലത്ത് വെള്ളിയാഴ്ചകളിൽ രാത്രി നടക്കുന്ന പാലയൂർ ജാഗരണ പദയാത്രയാൽ പുരുഷ അംഗങ്ങൾ പങ്കെടുക്കുവാൻ തീരുമാനിച്ചു. മാർച്ചുമാസത്തിലെ പാലയൂർ മഹാതീർത്ഥാടന പദയാത്രയിൽ കഴിയുന്ന എല്ലാ അംഗങ്ങളും പങ്കെടുക്കുവാൻ തീരുമാനിച്ചു. നോമ്പുകാലത്ത് ഓരോ യൂണിറ്റും അനാഥമന്ദിരങ്ങൾ സന്ദർശിച്ച് അവരോടൊത്ത് പ്രാർത്ഥിക്കുവാനും വേണ്ട സാമ്പത്തിക സഹായം നൽകുവാനും തീരുമാനിച്ചു. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. നിക്സൺ , സി. റോസിലിൻ, സണ്ണി വടക്കൻ, ഡോ. ജെറി ജോസഫ്, തോമസ് ഡൊമിനിക് എന്നിവർ സംബന്ധിച്ചു.യോഗത്തിന് ടി.എ. ഫ്രാൻസീസ് നന്ദി രേഖപ്പെടുത്തി.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** സെക്രട്ടറി

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ഗ്രാന്റ് ഫിനാലെയും ക്രിസ്തുമസ് ആഘോഷവും**

അതിരൂപതയിലെ പ്രാർത്ഥനാ കൂട്ടായ്മയിലെ ലീഡേഴ്സിന്റേയും ഫൊറോന അതിരൂപത തലത്തിലുള്ള നേതൃനിരയുടെയും കൂട്ടായ്മ ക്രിസ്മസ് ഗ്രാന്റ് ഫിനാലെ ഡിസംബർ 29 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ രാമവർമ്മപുരം ആബാ റിന്യൂവൽ സെന്ററിൽ നടന്നു. അഭിവന്ദ്യ പിതാവ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടന സന്ദേശം നൽകി. മിഷൻ പ്രദേശങ്ങളിലേക്ക് സുവിശേഷ പ്രവർത്തനങ്ങൾക്കായി അല്മായ ശുശ്രൂഷകർ സജ്ജമാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മിഷൻ പ്രദേശത്തെ വിശ്വാസികളുടെ തീക്ഷ്ണതയെയും വിശ്വാസദാർഢ്യത്തെയും കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പിതാവ്ക്രിസ്തുമസ് കേക്ക് കമുറിച്ച് വിതരണം ചെയ്തു.

അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ, ട്രഷറർ വിൻസെന്റ് ചിറയത്ത് എന്നിവരും സോണൽ സർവ്വീസ് ടീമംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി. ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ഇരുനൂറിലധികം പേർ പങ്കെടുത്തു.

**പാരീഷ് ഫെസ്റ്റ് - 2015**

പറപ്പൂർ സബ്സോണിലെ പാരിഷ് ഫെസ്റ്റ് പറപ്പൂർ ദൈവാലയത്തിൽ നടത്തി. ഡിസംബർ 10,11,12 തിയതികളിൽ നടത്തിയ പാരീഷ് ഫെസ്റ്റ് ഉദ്ഘാടനം പറപ്പൂർ ഫൊറോന വികാരി റവ. ഫാ. പോളി നീലങ്കാവിൽ നിർവ്വഹിച്ചു. ഫാ. ബർണാഡ് തട്ടിൽ ദിവ്യബലിയർപ്പിച്ചു. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, സാബു എം. വർഗ്ഗീസ്, എം.എ. ബാബു, വിജു പൊന്നൂക്കര, ടോണി മുക്കാട്ടുകര തുടങ്ങിയവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സി.ടി. സെബാസ്റ്റ്യൻ, ജോൺസൺ സി.ഡി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

എരുമപ്പെട്ടി സബ്സോണിലെ പാരിഷ് ഫെസ്റ്റ് ഡിസംബർ 11, 12 തിയതികളിൽ നടന്നു. മങ്ങാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ നടന്ന പാരീഷ് ഫെസ്റ്റിന്റെ ഉദ്ഘാടനം റവ.ഫാ. ഷാജൻ തേർമഠം നിർവ്വഹിച്ചു. സാബു എം വർഗ്ഗീസ്, റോയ് സി.ഒ., എം. എ. ബാബു, വിജു പൊന്നൂക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു.സബ്സോൺ കോ-ഓഡിനേറ്റർ ബാബു. പി. വി., ബീന ജോളി, ഷെവ സണ്ണി തേക്കാനത്ത് എന്നിവർ നേതൃത്വം നൽകി. മങ്ങാട് ഇടവക വികാരി ഫാ. ജെയ്സൺ തെക്കുപുറം ദിവ്യബലിയർപ്പിച്ചു.

പുതുക്കാട് സബ്സോൺ പാരീഷ് ഫെസ്റ്റ് ഡിസംബർ 18, 19 തിയതികളിൽ മണ്ണംപേട്ട ഇടവക ദൈവാലയത്തിൽ നടത്തി. ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം നിർവ്വഹിച്ചു. സാബു എം. വർഗ്ഗീസ്, എം.എ. ബാബു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സബ്സോൺ കോ-ഓഡിനേറ്റർ ഷാജു പുളിക്കൻ, ജോൺസൺ വി.സി., വിൻസെന്റ് ചിറയത്ത് എന്നിവർ നേതൃത്വം നൽകി.  ഗ്രൂപ്പ് ചർച്ച, പാനൽ ചർച്ച ദിവ്യബലി അഭിഷേക പ്രാർത്ഥന എന്നിവയും ഉണ്ടായിരുന്നു.

**പാരീഷ് മിനിസ്ട്രി ഏകദിന കൂട്ടായ്മ**

പാരീഷ് മിനിസ്ട്രിയുടെ പ്രതി മാസ കൂട്ടായ്മ ആബാ റിന്യൂവൽ സെന്ററിൽ ജനുവരി 4ന് നടന്നു. ഡയറക്ടർ റവ. ഫാ.ഷാജൻ തേർമഠം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് സെൽഗ്രൂപ്പുകളുടെ പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് പവർപോയിന്റ് പ്രസന്റേഷൻ നടത്തി. ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങളുടെ ഭാഗ

മായി കേക്ക് മുറിച്ച് വിതരണം ചെയ്തു. പാരീഷ് മിനിസ്ട്രി കോ-ഓർഡിനേറ്റർ റോയ് ടി.ഒ. സെക്രട്ടറി ടോണി മുക്കാട്ടുകര സോണൽ സെക്രട്ടറി സി. ടി. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

വചന പ്രഘോഷകർക്കുള്ള ഐഡന്റി കാർഡ് വിതരണം.

തൃശ്ശൂർ അതിരൂപതയിലെ വചന പ്രഘോഷകർക്കുള്ള 2016 വർഷത്തെ ഐഡന്റി കാർഡ് വിതരണം ജനുവരി 4 തിങ്കളാഴ്ച അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം കോ- ഓഡിനേറ്റർ സാബു എം. നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റം നടത്തിയ 3 ദിവസത്തെ കോഴ്സിൽ പങ്കെടുത്തവർക്കാണ് കാർഡ് നൽകിയിരിക്കുന്നത്.

**രാപ്പകൽ ആരാധന**

2016 ജനുവരി 1 മുതൽ ആബാ റിന്യൂവൽ സെന്ററിൽ രാപകൽ പൂർണ്ണ സമയവും ദിവ്യകാരുണ്യ സന്നിധിയിൽ ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു. അതിരൂപതയിലെ ഇടവകകൾ സ്ഥാപനങ്ങൾ, വൈദീകർ സന്യസ്തർ ആത്മായ പ്രേഷിതർ, കുടുംബങ്ങൾ എന്നിവർക്കായി ഓരോ ദിവസവും പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

**റവ. ഫാ. ഷാജൻ തേർമഠം**
ഡയറക്ടർ

**സാബു എം. വർഗ്ഗീസ്**
കോ-ഓർഡിനേറ്റർ

**സി.ടി. സെബാസ്റ്റ്യൻ**
സെക്രട്ടറി

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷം 2015 ഡിസംബർ 13ന് ആഗോള സഭ കാരുണ്യത്തിന്റെ വാതിൽ തുറന്ന് കാരുണ്യവർഷത്തിലേക്ക് പ്രവേശിച്ച ദിനത്തിൽ തന്നെ പാടൂക്കാട് -വിയ്യൂർ ജയിൽ സന്ദർശിച്ച് തടവറയിൽ കഴിയുന്ന സഹോദരങ്ങളോടൊപ്പം ക്രിസ്തുമസ്സ് ആഘോഷിച്ചു. CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷനായിരുന്നു. മുറിവേറ്റവർക്ക് ആശ്വാസം നൽകാനും നിരാശയിൽ കഴിയുന്നവരെ പ്രത്യാശയിലേക്ക് നയിക്കാനുമാണ് ക്രിസ്തു കടന്നുവന്നിരിക്കുന്നതെന്നും, ഈ കരുണയുടെ വർഷത്തിൽ നാം കൂടുതലായി കരുണ കാണിക്കണം എന്ന് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. സെൻട്രൽ ജയിൽ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീമാൻ മുഹമ്മദ് ഹുസൈൻ, ശ്രീമാൻ ബാബുരാജ് സർ, റവ. ഫാ. തോമസ് വാഴക്കാല സി.എം.ഐ., അമല CNGI യൂണിറ്റ് അഡ്വൈസർ റവ. ഫാ. ഷിബു

പുത്തൻപുരയ്ക്കൽ സി.എം.ഐ CNGI പ്രസിഡന്റ് റവ. സി. ദെപ്പാസി സി. എസ്. സി., ജോയിന്റ് സെക്രട്ടറി ശ്രീമതി ലിജി ഡേവീസ് എന്നിവർ ആശംസകൾ അർപ്പിച്ച് തിരുപ്പിറവിയുടെ സന്തോഷം പങ്കുവെച്ചു. തുടർന്ന് നടന്ന കലാവിരുന്നും, ക്രിസ്തുമസ്സ് കരോളും, മധുരവിതരണവും ഈ ദിനത്തെ കൂടുതൽ മനോഹരമാക്കി.

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങ് ഡി.ബി.സി. എൽ. സിയിൽ വെച്ച് 5.1.2016 വൈകീട്ട് 2 മണിക്ക് നടന്നു. ഫെബ്രുവരി മാസത്തിൽ നടക്കുന്ന ധ്യാനത്തിന്റെ ക്രമീകരണങ്ങളെക്കുറിച്ച് തീരുമാനങ്ങൾ എടുത്തു. കണക്ക് പാസ്സാക്കുകയും ചെയ്തു. മുൻപ് അറിയിച്ചിരുന്ന ദിവസത്തിൽ നിന്ന് വ്യത്യസ്തമായി, 2016 ഫെബ്രുവരി 20 ശനി 4 pm മുതൽ 23 ചൊവ്വ 4 pm വരെയും 24 ബുധൻ 4 pm മുതൽ 27 ശനി 4 pm വരെയും തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ 'കരുണാവർഷ ആതുരശുശ്രൂഷ ധ്യാനം" സംഘടിപ്പിച്ചിരിക്കുന്നു. വിശദമായ വിവരങ്ങൾ നോട്ടീസ് വഴി എല്ലാ സ്ഥാപനങ്ങളിലേയ്ക്കും ഇടവകകളിലേയ്ക്കും അറിയിച്ചിട്ടുണ്ട്. മുൻകൂട്ടി ധ്യാനം ബുക്ക് ചെയ്ത് ഈ അവസരം പൂർണ്ണമായും വിനിയോഗിക്കുമല്ലോ. കൂടുതൽ ഉണർവ്വുള്ളവരായി ആത്മാവിനാൽ നിറഞ്ഞ് ആതുര ശുശ്രൂഷാ മേഖലയിൽ കരുണയുടെ മാലാഖമാരാകാനുള്ള ദൈവീക സ്വരത്തിന് നമുക്കും കാതോർക്കാം.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റോസീന ഡേവീസ്** FCC
സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

## 1. സുപ്രീം കോടതി വിധി സ്വാഗതം ചെയ്തു

ഫൈവ് സ്റ്റാർ പദവി ഇല്ലാത്ത ബാറുകൾ അടച്ചിട്ട കേരള സർക്കാരിന്റെ നടപടികൾ ശരിവച്ച സുപ്രീം കോടതി വിധിയിൽ മദ്യവിരുദ്ധ സമിതി സംതൃപ്തിയും അഭിനന്ദനങ്ങളും പ്രകടിപ്പിച്ചു. സമ്പൂർണ്ണ മദ്യനിരോധനത്തിലേക്കുള്ള ധീരമായ മുന്നേറ്റമാണ് ഇതെന്ന് അതിരൂപത നേതൃത്വം വിലയിരുത്തി. ഇതു സംബന്ധിച്ച് ചേർന്ന പ്രത്യേക യോഗത്തിൽ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ പ്രസിഡന്റ് എം. കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, വൈസ് പ്രസിഡണ്ട് ടി.ജെ. ഡേവീസ്, സംസ്ഥാന സെക്രട്ടറി ജയിംസ് മുട്ടിക്കിൽ മുൻ പ്രസിഡണ്ട് ജോസ് ആലപ്പാട്ട്, ട്രഷറർ ജോണി ചിറ്റിലപ്പിള്ളി തുടങ്ങിയവർ പ്രസംഗിച്ചു. സുപ്രീം കോടതി വിധിയെ പ്രകീർത്തിച്ചുകൊണ്ട്

കോർപ്പറേഷന്റെ മുന്നിൽ മദ്യവിരുദ്ധ ജനകീയ മുന്നണി സംഘടിപ്പിച്ച സമ്മേളനത്തിൽ അതിരൂപത സമിതിയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് എം.കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, വൈസ് പ്രസിഡന്റ് അന്നം ജോൺ, പി.ആർ.ഒ. പി. പി. ഡേവീസ്, സംസ്ഥാന ജനറൽ സെക്രട്ടറി ജയിംസ് മുട്ടിക്കൽ മുതലായവർ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി.

**2. അതിരൂപത അവാർഡ് ജേതാക്കൾക്ക് സ്വീകരണം**

തൃശ്ശൂർ അതിരൂപതയിലെ ഏറ്റവും നല്ല മദ്യവിരുദ്ധ പ്രവർത്തകനായി തെരഞ്ഞെടുക്കപ്പെട്ട റപ്പായി മേച്ചേരി, അതിരൂപത ഏകോപന സമിതി പുരസ്ക്കാര ജേതാവായ ആന്റണി പന്തല്ലൂക്കാരൻ എന്നിവർക്ക് മാതൃഇടവകയായി പുതുക്കാട് ഫൊറോന പള്ളിയുടെ ഇടവക ദിനത്തിൽ സ്വീകരണം നൽകി. മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത പൊതുയോഗത്തിൽ വെരി. റവ. ഫാ. ജോസ് വള്ളൂരാനായിരുന്നു അദ്ധ്യക്ഷൻ. മേജർ സെമിനാരി റെക്ടർ റവ. ഡോ. ബാബു പാണാട്ടുപറമ്പിലാണ് അവാർഡുകൾ വിതരണം ചെയ്തത്.

**3. മദ്യവിരുദ്ധ പ്രഭാഷണങ്ങൾ**

നെല്ലങ്കര ഇടവകയിൽ ദമ്പതിമാർക്കും ചേലക്കര എസ്.എം.ടി. സ്കൂളിൽ വിദ്യാർത്ഥികൾക്കും നെന്മണിക്കര പള്ളിയിൽ ദൈവജനത്തിനും തൃപ്രയാർ സർക്കാർ സ്കൂളിൽ രക്ഷാകർത്താക്കൾക്കും വേണ്ടി ഡയറക്ടറച്ചൻ മദ്യ-ലഹരി വിരുദ്ധ സന്ദേശം നൽകി. നേതൃത്വം വഹിച്ച വികാരിയച്ചന്മാർക്കും സ്കൂൾ അധികൃതർക്കും മദ്യവിരുദ്ധ സംഘടനാ പ്രവർത്തകർക്കും പ്രത്യേകം നന്ദി.

**4. ബോധവൽക്കരണ സെമിനാർ**

കെ.സി.ബി. സി. മദ്യവിരുദ്ധ സമിതി ചേർപ്പ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 20.12.15 ഞായറാഴ്ച ചേർപ്പ് പാരീഷ് ഹാളിൽ മദ്യ-മയക്കുമരുന്നു ബോധവൽക്കരണം നടത്തി. മദ്യവിരുദ്ധ പ്രവർത്തകർക്കും മതബോധന സീനിയർ വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ച പ്രസ്തുത സെമിനാർ പഞ്ചായത്ത് പ്രസിഡണ്ട് വി. വി. വിനോദാണ് ഉദ്ഘാടനം ചെയ്തത്. ഇടവക വികാരി ബഹു. ഫാ. ജോൺസൺ ചാലിശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എക്സൈസ് തൃശ്ശൂർ ഡിവിഷൻ ഓഫീസർ പി. എൽ. സണ്ണി, റെയ്ഞ്ച് ഓഫീസർ കെ. കെ. രാജു എന്നിവർ ക്ലാസ്സെടുത്തു. അതിരൂപത പ്രസിഡണ്ട് എം. കെ. ബാബു യൂണിറ്റ് പ്രസിഡണ്ട് പി.കെ. ബേബി, സിജോ ഐ. എസ്. തുടങ്ങിയവർ ആശംസകൾ അർപ്പിക്കുകയുണ്ടായി.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**പി. പി. ഡേവീസ്**
പി.ആർ.ഒ.

# കേരള ലേബർ മൂവ്മെന്റ്

**കേരള ലേബർ മൂവ്മെന്റ് വാർഷിക ജനറൽ ബോഡി യോഗവും പരസ്പര സഹായ സാമൂഹ്യസുരക്ഷപദ്ധതി ഉദ്ഘാടനവും**

കെ.എൽ.എം. ന്റെ 2015ലെ വാർഷിക ജനറൽ ബോഡി യോഗം പടിഞ്ഞാറെ ക്കോട്ട സെന്റ് ആൻസ് പള്ളി ഹാളിൽ വെച്ച് നടന്നു.

യോഗത്തിന് മുന്നോടിയായി മുൻ ഡയറക്ടറായ ഫാ. ജോസ് കോനിക്കര (ജൂനിയർ) കെ.എൽ.എം. അംഗങ്ങൾക്കായി ദിവ്യബലി അർപ്പിച്ചു. തുടർന്ന് അതിരൂപത പ്രസിഡന്റ് ശ്രീ. എൻ.കെ. രാജു പതാക ഉയർത്തി. യൂണിറ്റ് ഭാരവാഹികൾക്ക് വേണ്ടി കെ. എൽ.എം. ഇടവക പ്രവർത്തനങ്ങളുടെ ഏകീകരണം എന്ന വിഷയത്തിൽ കെ.എൽഎം. ന്റെ ദേശീയ വിഭാഗമായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (WIF) ദേശീയ പ്രസിഡന്റ് ശ്രീ. ജോസഫ് ജൂഡ് സെമിനാർ നയിച്ചു. രണ്ടാമത് സെമിനാറിന് പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയെക്കുറിച്ച് AIMS Insurance Broking Pvt. Ltd. അസി. ജനറൽ മാനേജർ ശ്രീ ഷിനിൽ എം. സണ്ണി സെമിനാറിന് നേതൃത്വം നൽകി.

തുടർന്ന് പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയെക്കുറിച്ച് ഗ്രൂപ്പ് ചർച്ചയും റിപ്പോർട്ട് അവതരണവും നടന്നു. സെമിനാറിൽ പങ്കെടുത്തവരെ 8 ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ചകളും റിപ്പോർട്ട് അവതരണവും നടന്നത്.

ഉച്ചക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ശ്രീ.എൻ.കെ. രാജു അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് ശ്രീമതി മോളി ജോബി സ്വാഗതം പറഞ്ഞു. ജന. സെക്രട്ടറി വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ.എ.കെ. ആന്റണി വാർഷിക കണക്കും അവതരിപ്പിക്കുകയും യോഗം അത് അംഗീകരിച്ച് പാസാക്കുകയും ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ആമുഖപ്രഭാഷണം നടത്തി.

കാരുണ്യവർഷത്തിൽ കെ.എൽ.എം. തൊഴിലാളി കുടുംബങ്ങൾക്കായി അതിരൂപത തലത്തിൽ നടപ്പിലാക്കുന്ന "പരസ്പര സഹായ സാമൂഹ്യ സുരക്ഷപദ്ധതിയും വാർഷിക ജനറൽ ബോഡിയോഗവും മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനവും ചെയ്തു.

നല്ല കെ.എൽ.എം. പ്രവർത്തകനുള്ള അവാർഡ് ശ്രീ. ജോസ് മാടാനിയും നല്ല കെ. എൽ.എം. യൂണിറ്റിനുള്ള അവാർഡ് പേരാമംഗലം യൂണിറ്റ് പ്രസി

ഡന്റ് ശ്രീ. എൻ.ഒ. പ്രാൻസിസും, താഴത്ത് പിതാവിൽ നിന്നും ഏറ്റുവാങ്ങി. കെ.എൽ.എം. മെമ്പർമാരുടെ മക്കളിൽ 2015 ലെ പത്താം ക്ലാസ്സ് പരീക്ഷയിൽ ഫുൾ എപ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകളും ട്രോഫികളും ചടങ്ങിൽ വെച്ച് മാർ ആൻഡ്രൂസ് താഴത്ത് സമ്മാനിച്ചു.

കെ. എൽ.എം. മെമ്പർമാരിൽ നിന്ന് ത്രിതല പഞ്ചായത്തുകലിലേക്കു തിരഞ്ഞെടുക്കപ്പെട്ട ശ്രീ. പ്രാൻസീസ് ചാലിശ്ശേരി, ശ്രീമതി റോസിലി എം.ആർ. ശ്രീ. ബാബു കെ.ഒ. ശ്രീമതി ആലിസ് പോൾ, ശ്രീമതി ബിന്ദുകുട്ടൻ (KTWF മെമ്പർ) എന്നിവർക്ക് ആശംസകളർപ്പിച്ചും അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ടും അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സംസാരിച്ചു.

ശ്രീമതി പ്രിൻസി രാജു, ശ്രീ. പോൻസിയ ചാലിശ്ശേരി, ശ്രീമതി. ആലീസ് പോൾ, ശ്രീ. ഷാജു ആന്റണി, ശ്രീ. ജോയി മാളിയേക്കൽ, ശ്രീ. അനിൽ ഐ. പി., ശ്രീ. ജോസ് മാടാനി, ശ്രീ. എൻ.ഒ. പ്രാൻസീസ് എന്നിവർ യോഗത്തിൽ സംസാരിച്ചു. വനിതാ ഫോറം കൺവീനർ ശ്രീമതി മിനി രാജുവിന്റെ നന്ദിപ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**കെ. വി. വർഗ്ഗീസ്**
ജനറൽ സെക്രട്ടറി

**എൻ. കെ. രാജു**
പ്രസിഡണ്ട്

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 694-ാമതും, തൃശ്ശൂർ കൂരിയായുടെ 707-ാമതും സമ്മേളനം 2016 ജനുവരി 3 ഞായറാവ്ച 2.30ന് പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

ബ്ര. പ്രസിഡന്റ് നിയമഗ്രന്ഥത്തിൽ നിന്ന് ജ്ഞാനവായന നടത്തിയതിന് ശേഷം സെക്രട്ടറി ബ്ര. പി. സി കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ.ജെ. വിൻസെന്റ് മുൻമാസ വരവ്-ചിലവ് കണക്കും അവതരിപ്പിച്ച് പാസാക്കി. വൈസ് പ്രസിഡന്റും ജോ. സെക്രട്ടറിയും ഹാജരുണ്ടായിരുന്നില്ല.

കമ്മീസിയത്തിന്റെ 55-ാമത് വാർഷിക റിയൂണിയൻ 2015 ഡിസംബർ 20ന് സെന്റ് മേരീസ് കോളേജിൽ വെച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാ

ടനം ചെയ്തു. കമ്മീസിയം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുൻ ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി അനുഗ്രഹ പ്രഭാഷണം നടത്തി. അഭിവന്ദ്യ പിതാവ് ക്രിസ്മസ് കേക്ക് മുറിച്ച് വിതരണം ചെയ്തു. ലീജിയന്റെ പേരിൽ തയ്യാറാക്കിയ പ്രഥമ കലണ്ടർ അഭിവന്ദ്യ പിതാവ് ബഹു. ചാക്കേരി അച്ചന് കൊടുത്തുകൊണ്ട് പ്രകാശനം ചെയ്തു. കലണ്ടർ പ്രസിദ്ധീകരണത്തിനായി കൂരിയ, പ്രസീദിയങ്ങൾ ആത്മാർത്ഥമായി സഹകരിച്ചിരുന്നു. റവ. സി. ക്രിസ്‌ലിൻ, ശ്രീ. എൻ. പി. ജാക്സൺ മാസ്റ്റർ എന്നിവർ ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു. സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ സ്വാഗതവും വൈസ് പ്രസിഡന്റ് സി. എൽസി. ചുമ്മാർ നന്ദിയും പറഞ്ഞു. മരിയ സൈനീകർ വിവിധ കലാപരിപാടികളും അവതരിപ്പിക്കുകയുണ്ടായി.

ജനുവരി മാസത്തിൽ തന്നെ മുഴുവൻ കലണ്ടറുകളും വിതരണം ചെയ്യണമെന്ന് പ്രസിഡണ്ട് അറിയിച്ചു. സൈനീക ജപശൃംഖലക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. പുത്തനാണ്ടിലേക്ക് പ്രവേശിച്ച ഏവർക്കും നവവത്സരാശംസകൾ നേരുകയും ചെയ്തു.

അടുത്തുവരുന്ന ദനഹാ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുകയും ചെയ്തു.

കൂരിയ –പ്രസീദിയം 6 മാസത്തിലൊരിക്കൽ സന്ദർശനം നടത്തുന്നതിന് തീരുമാനിച്ചു. ഓരോ പ്രസീദിയവും കാര്യക്ഷമമായി പ്രവർത്തിക്കാൻ നിർദ്ദേശം നൽകി. ജൂനിയർ പ്രസീദിയങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടത് അറിയിച്ചു. പ്രസീദിയം കൂരിയ മീറ്റിംഗിൽ മുടക്കം കൂടാതെ ഹാജരായവർക്കും വാർഷിക റി യൂണിയൻ ചടങ്ങിൽ വെച്ച് സമ്മാനം വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു.

ഈ വർഷത്തെ ആച്ചിയസ് മാർച്ച് 6ന് നടത്തുന്നതിന് തീരുമാനിച്ചു. ഈ ചടങ്ങിൽ വെച്ച് 50 വർഷവും 25വർഷവും സേവനം ചെയ്തവരെ ആദരിക്കുന്നതിനും തീരുമാനിച്ചു. അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

അതിരൂപത 'സാന്ത്വനം' കരുണാ വർഷത്തിൽ നടപ്പാക്കുന്ന Gods own Family പദ്ധതിയിൽ സംഘടന ഒരു കുടുംബത്തെ ദത്തെടുത്ത് 5 വർഷക്കാലം പ്രതിമാസം 1250 രൂപ വീതം നൽകാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് ബോൺ നത്താലെ സമാപന യോഗത്തിൽവെച്ച് സി.സി. പ്രസിഡന്റ് ബ്ര. കെ. എ. ഷിബു ചെക്ക് ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറി.

2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മാർ ജേക്കബ് തൂങ്കുഴി പിതാക്കന്മാരുടെ ജന്മദിനത്തിൽ 8 സാരികൾ വീതം സമ്മാനമായി നൽകികൊണ്ട് സംഘടനയുടെ ആശംസകൾ നേർന്നു.

3. സി.സി.അംഗം ബ്ര. ഫ്രാൻസീസ് മുത്തിപീടികയുടെ 'കാവ്യസൂനങ്ങൾ' എന്ന കവിതാ സമാഹാരം പ്രകാശനം ചെയ്യപ്പെട്ടു. അദ്ദേഹത്തിന് സെൻട്രൽ കൗൺസിലിന്റെ അനുമോദനങ്ങൾ.

4. ചെന്നൈ ദുരിതാശ്വാസ നിധിയിലേക്ക് ഓരോ വിൻസെൻഷ്യൻ പ്രവർത്തകരും 20 രൂപ വിതം സംഭാവന നൽകണമെന്ന് സി.സി.യോഗം തീരുമാനിച്ചിരിക്കുന്നു.

5. കരുണാവർഷത്തോടനുബന്ധിച്ച് സംഘടന സ്വരൂപിച്ച 'കരുണാ സ്പർശം' ഫണ്ടിൽ നിന്ന് 2 രോഗികൾക്ക് 10,000 രൂപ വീതം സഹായം അനുവദിച്ചു.

6. പട്ടിക്കാട്, പഴുവിൽ ഏരിയ കൗൺസിൽ പ്രസിഡണ്ടുമാരുടെ ഔദ്യോഗിക കാലാവധി തീരുന്ന മുറയ്ക്ക് പ്രസിഡണ്ട് തെരഞ്ഞെടുപ്പ് നടത്തുവാൻ സി.സി. നിരീക്ഷകരായി ബ്ര. വി. എ. തോമസ്, ബ്ര. പി.ആർ. പോൾസൺ എന്നിവരെ ചുമതലപ്പെടുത്തി.

7. ബോൺ നത്താലെ, ഘോഷയാത്രയിൽ സഹകരിച്ച എല്ലാ അംഗങ്ങൾക്കും സി. സി. പ്രസിഡണ്ട് നന്ദി പറഞ്ഞു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# ARCHEPARCHIAL CHOIR

**ആഞ്ചലിക് കാരൾ**

അതിരൂപത ഗായകസംഘം ലൂർദ്ദ് ഫൊറോനയുടെ നേതൃത്വത്തിൽ ജന പ്രിയ ഗായകൻ ഫ്രാങ്കോ സൈമൺ നയിച്ച ക്രിസ്മസ് സംഗീത വിരുന്ന് ആഞ്ചലിക് കാരൾ നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ അര ങ്ങേറി. വികാരി. റവ. ഫാ. ജോസ് ചാലക്കൽ, അതിരൂപത ഡയറക്ടർ റവ. ഫാ. പോൾ പുളിക്കൻ, പ്രസിഡന്റ് ടോമി പന്ത്രണ്ടിൽ, സെക്രട്ടറി വർഗ്ഗീസ് പുല്ലോക്കാരൻ, മ്യൂസിക് ഡയറക്ടർ തോമസ് പൈനാടത്ത് എന്നിവർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പരിപാടി ക്രിസ്മസ് ദിനത്തിൽ ടി.സി.വി. പ്രക്ഷേപണം ചെയ്തു.

**മെലോഡിയ ഫെസ്റ്റ്**

ഇടവകകളിലെ ആരാധന ക്രമ പരിപാടികൾക്ക് ഊന്നൽ കൊടുത്തുകൊ ണ്ടുള്ള മെലോഡിയ ഫെസ്റ്റിന് മരിയാപുരം ഇടവകയിൽ തുടക്കം കുറിക്കു ന്നു. തൃശ്ശൂർ അതിരൂപത ഗായക സംഘത്തിന്റെ നേതൃത്വത്തിൽ മെലോ ഡിയ ഫെസ്റ്റ് ഇടവകകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നു. ഇടവക ക്വയ റിനെ സജ്ജമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു പരിപാടി യാണ് 'മെലോഡിയ ഫെസ്റ്റ്' വിഭാവനം ചെയ്യുന്നത്. ടി.സി. വി. (തൃശ്ശൂർ ടെലിവിഷൻ) മായി സഹകരിച്ചു നടത്തുന്ന ഈ പരിപാടി 20 മിനിറ്റ് ദൈർഘ്യ മുള്ളതായിരിക്കും. 3 ഗാനങ്ങളും വചനസന്ദേശവും ഇടവകയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണവും ഉൾക്കൊള്ളുന്ന ഈ പരിപാടി ടി.സി.വി. ആഴ്ച തോറും രണ്ടു പ്രാവശ്യം ടെലികാസ്റ്റ് ചെയ്യുന്നു.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

# സി.എൽ.സി.

**സംസ്ഥാന സി.എൽ.സി. പ്രൊമോട്ടർ**

സംസ്ഥാന സി. എൽ.സി.യുടെ പ്രൊമോട്ടറായി തൃശ്ശൂർ അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് നിയമിതനായി. അതിരൂപത സി. എൽ സി. ഓഫീസിൽ വെച്ച് സംസ്ഥാന പ്രൊമോട്ടർക്ക് സ്വീകരണം നൽകി.സംസ്ഥാന സി. എൽ.സി. പ്രസിഡണ്ട് ശ്രീ വിനേഷ് ജെ. കൊളേ ങ്ങാടൻ, അതിരൂപത സി. എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ, അതിരൂ

പത ഭാരവാഹികൾ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

തൃശ്ശൂർ അതിരൂപതയുടെ 2016-2018 വർഷത്തെ ഭാരവാഹികൾ

തൃശ്ശൂർ അതിരൂപതയുടെ 2016-18 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇലക്ഷൻ ക്യാമ്പ് അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. സി. എൽ.സി. രൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ, സംസ്ഥാന സി. എൽ. സി. പ്രസിഡന്റ് വിനേഷ് ജെ കൊളേങ്ങാടൻ എന്നിവർ ഇലക്ഷൻ ക്യാമ്പിന് നേതൃത്വം നൽകി. 2016-18 വർഷത്തെ ഭാരവാഹികളായി താഴെപറയുന്നവരെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് : ബിജിൽ സി. ജോസഫ് (പറപ്പൂർ), സെക്രട്ടറി : സെബിൻ സി. കെ. (മുക്കാട്ടുകര), ട്രഷറർ : ബിനോയ് കാറളത്തുക്കാരൻ (പുത്തൂർ), വൈ. പ്രസിഡന്റ്: സോണി റപ്പായി (ചിറ്റിശ്ശേരി), വൈ.പ്രസിഡന്റ് : റീമ തോമസ് പി. (മറ്റം) ജോ. സെക്രട്ടറി : ഡിവിൻ വിൻസെന്റ് (തൈക്കാട്ടുശ്ശേരി), ജോ. സെക്രട്ടറി : ഷിൻസി ഫ്രാൻസീസ് (ചിറയ്ക്കൽ).

അതിരൂപത സി. എൽ.സി. മോഡറേറ്റർമാരായ സിസ്റ്റർ നമിത റോസ് , സിസ്റ്റർ ആൻ ജെയിൻ, ലാന്റോ കൊളേങ്ങാടൻ, നോബി മേനാച്ചേരി, ബിനോയ് കൊച്ചൻ, സിൻജ പോൾ എന്നിവർ ഇലക്ഷൻ ക്യാമ്പിനുവേണ്ട പ്രവർത്തനങ്ങൾ നടത്തി.

ഡയറക്ടർ

## ചിൽഡ്രൻസ് മിനിസ്ട്രി
0487-2325336, 9947582522

**അതിരൂപതാ കലാമത്സര സമ്മാനദാനം:** തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളുടെ അതിരൂപതാ കലാമത്സരങ്ങളുടെ സമ്മാനദാനവും,തിരുബാലസംഖ്യ ദിനവും അതിരൂപതാ മതബോധന കേന്ദ്രത്തിൽ വെച്ച് **ഫെബ്രുവരി 6** ശനിയാഴ്ച നടത്തപ്പെടുന്നു. **രാവിലെ 9.30 മുതൽ 12.00 വരെ തിരുബാലസംഖ്യ കലാമത്സരങ്ങളുടെ സമ്മാനവിതരണവും, 12.30 മുതൽ 4.00 മണി വരെ ജൂനിയർ സി എൽ സി,അൾത്താരംഘം കലാമത്സരങ്ങളുടെ സമ്മാനവിതരണവും** ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം തന്നെ ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളഷൻ, പ്രയർ ഫ്രൻണ്ട് കളഷൻ, ജീസസ് ബെർത്ത് ഡേ കളഷൻ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. അർഹരായവർ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു. അതിരൂപതാ കലാമത്സരങ്ങളുടെ ഫലം ബ്ലോഗിൽ(http://childrensministrytrichur.

blogspot.in/) ലഭ്യമാണ്.

**ആദ്യകുർബ്ബാനസ്വീകരണം :** ആദ്യകുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച 12 ശനിയാഴ്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ഫെബ്രുവരി 22 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522, 8547250833

**തിരുവചന പഠനം:** ഞാൻ വന്നിരിക്കുന്നത് നീതിന്മാരെ വിളിക്കാനല്ല,പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ് (ലൂക്കാ5,32)

**പരിചയപ്പെടുന്ന വിശുദ്ധ:** വി അന്ന

**സുകൃതജപം:** ഈശോയേ നീയെന്റെ ഹൃദയത്തിൽ വസിക്കണമേ

**പ്രാർത്ഥനാ നിയോഗം:** ജീവിത നിരാശയിൽ കഴിയുന്നവർക്ക് വേണ്ടി

**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

**സി. മിനി SSPC**
കോഡിനേറ്റർ

# പ്രൊഫഷണൽ സി. എൽ. സി.

പ്രൊഫഷണൽ സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ മുൻകാല സി.എൽ. സി. പ്രവർത്തകരുടെ സംഗമവും പുതുവത്സാരാഘോഷവും മാർ കുണ്ടുകുളം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ സംഗമം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സി.എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് അദ്ധ്യക്ഷത വഹിച്ചു. പുതിയ അതിരൂപതാ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടത്തി. അതിരൂപതാ പ്രസിഡണ്ട് എം. പി. ജെറോം, ജനറൽ സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, ട്രഷറർ ഫ്രാൻസീസ് ജേക്കബ്, മറ്റ് ഭാരവാഹികളായ ബി. ബി. ബ്രാഡ്ലി, കെ.എ. ഓമന, ബാബു അതിയുന്തൻ, സി.എൽ.സി. പ്രസിഡണ്ട് ഡിൽജോ തരകൻ, ബേബി മൂക്കൻ, അലക്സ്, ഡോ. മനു ജോൺസ്, സന്തോഷ് നീലങ്കാവിൽ എന്നിവർ പ്രസംഗിച്ചു.

റവ. ഫാ. ജിയോ തെക്കിനിയത്ത്
ഡയറക്ടർ

ജെയിംസ് മുട്ടിക്കൽ
സെക്രട്ടറി

# പ്രൊഫഷണൽ സി. എൽ.സി.

പ്രൊഫഷണൽ സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ മുൻകാല സി.എൽ.സി. പ്രവർത്തകരുടെ സംഗമവും പുതുവത്സരാഘോഷവും മാർ കുണ്ടുകുളം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ സംഗമം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സി.എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് അദ്ധ്യക്ഷത വഹിച്ചു. പുതിയ അതിരൂപതാ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടത്തി. അതിരൂപതാ പ്രസിഡണ്ട് എം. പി. ജെറോം, ജനറൽ സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, ട്രഷറർ ഫ്രാൻസീസ് ജേക്കബ്, മറ്റ് ഭാരവാഹികളായ ബി. ബി. ബ്രാഡ്ലി, കെ.എ. ഓമന, ബാബു അതിയുന്തൻ, സി.എൽ.സി. പ്രസിഡണ്ട് ഡിൽജോ തരകൻ, ബേബി മൂക്കൻ, അലക്സ്, ഡോ. മനു ജോൺസ്, സന്തോഷ് നീലങ്കാവിൽ എന്നിവർ പ്രസംഗിച്ചു.

| | |
|---|---|
| റവ. ഫാ. ജിയോ തെക്കിനിയത്ത് | ജെയിംസ് മുട്ടിക്കൽ |
| ഡയറക്ടർ | സെക്രട്ടറി |

# KCYM

1. തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് തലങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പിന്റെ ആരംഭം ഡിസംബർ 6 ഞായറാഴ്ച ചിയ്യാരം വിജയമാതാ പള്ളി കെ.സി.വൈ.എം. യൂണിറ്റുമായി സഹകരിച്ച് എല്ലാ തരത്തിലുള്ള, ജനറൽ ചെക്കപ്പ്, കണ്ണ്, ചെവി, തൈറോഡ്, ഡെന്റൽ, സൗജന്യ ഷുഗർ, പ്രഷർ എന്നീ ചെക്കപ്പുകളും സൗജന്യ മരുന്നു വിതരണവും ആയുർവ്വേദ ചെക്കപ്പും ഉൾപ്പെടെ ആധുനിക സംവിധാനത്തിൽ സംഘടിപ്പിച്ചു. റവ. ഫാ. ജിയോ കടവി, ജോസ്മോൻ ഫ്രാൻസീസ്, ജെസ്റ്റിൻ നടയ്ക്കലാൻ എന്നിവർ നേതൃത്വം കൊടുത്തു.

2. 38-ാമത് സംസ്ഥാന കെ.സി.വൈ.എം. വാർഷിക സെനറ്റ് സമ്മേളനം ജനുവരി 15, 16, 17, തിയതികളിൽ ആമ്പല്ലൂർ സ്പിരിചൽ ആനിമേഷൻ സെന്ററിൽ വെച്ച് തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. കേരളത്തിലെ 31 രൂപതകളിൽ നിന്ന് സീറോ മലബാർ, ലത്തീൻ, മലങ്കര എന്നീ മൂന്ന് റീത്തുകളിൽ നിന്ന് രൂപത ഭാരവാഹികൾ, ഡയറക്ടേഴ്സ്, ആനിമേറ്റർ എന്നിവർ പങ്കെടുത്തു. സംസ്ഥാന സെനറ്റ് സമ്മേളനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. ന്റെ വാർഷിക ഇലക്ഷൻ യൂത്ത് കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരാശ്ശേരി പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈഎം. സ്റ്റേറ്റ് പ്രസി

ഡണ്ട് ഷൈൻ ആന്റണി അദ്ധ്യക്ഷത വഹിച്ചു.

തൃശ്ശൂർ അതിരൂപതയിൽ നിന്ന് ജെസ്റ്റിൻ ജോസ് നടയ്ക്കലാൻ സംസ്ഥാന കെ.സി.വൈ.എം. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

3. 2– ാമത് സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ വാർഷിക സമ്മേളനം ഡി.ബി.സി.എൽ.സിയിൽ വെച്ച് ജനുവരി 15ന് സംഘടിപ്പിച്ചു. മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. 13 രൂപതാ ഭാരവാഹികൾ പങ്കെടുത്തു. SMYM State പ്രസിഡണ്ട് സിജോ അമ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

**ജിയോ കടവി**
രൂപത ഡയറക്ടർ

**ജോസ്മോൻ ഫ്രാൻസീസ്**
KCYM പ്രസിഡണ്ട്

**ജെസ്റ്റി നടയ്ക്കലാൻ**
KCYM ജനറൽ സെക്രട്ടറി

# കത്തോലിക്ക കോൺഗ്രസ്സ്

അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനം ആഘോഷിച്ചു

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെയും മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെയും ജന്മദിനം 'കരുണാദിന'മായി 2015 ഡിസംബർ 19ന് ചേറൂർ ക്രൈസ്റ്റ് വില്ലയിൽ വച്ച് കത്തോലിക്ക കോൺഗ്രസ്സിന്റെ ആഭിമുഖ്യ ത്തിൽ സമുചിതമായി ആഘോഷിച്ചു. ബഹു കേരള ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ എം.എൽ.എ. സമ്മേളനം ഉദ്ഘാടനം ചെയ്തു. ആരാധ്യയായ തൃശ്ശൂർ മേയർ അജിത ജയരാജ്, പിതാക്കന്മാരെ പൊന്നാടയണിയിച്ചാദരി ച്ചു. ക്രൈസ്റ്റ് വില്ലയിലെ അന്തേവാസികൾക്ക് തൃശ്ശൂർ സിറ്റി പോലീസ് കമ്മീ ഷണർ ശ്രീ. സൈമൺ ഐ. പി.എസ്. ക്രിസ്തുമസ്സ് സമ്മാനം വിതരണം ചെയ്തു. കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത ഡയറക്ടർ ബഹു. ജിയോ കടവി സംഘടന പ്രസിഡന്റ് പ്രൊഫ. കെ. എം. ഫ്രാൻസീസ്, ജന. സെക്ര ട്ടറി ഡേവീസ് പുത്തൂർ, സി.വി. കുര്യാക്കോസ്, വാർഡ് മെമ്പർ ശ്രീ. കൃഷ്ണൻ കുട്ടി മാസ്റ്റർ, ശ്രീ. കെ.സി. ഡേവീസ്, അഡ്വ. ബിജു കുണ്ടുകുളം എന്നിവർ സംസാരിച്ചു.

അതിഥിതികൾക്കും അന്തേവാസികൾക്കും പിറന്നാൾ സദ്യയും സമ്മാന ങ്ങളും ഒരുക്കിയിട്ടുണ്ടായിരുന്നു.

കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസീസ്–ന്റെ അദ്ധ്യക്ഷതയിൽ ജനുവരി 19 ചൊവ്വാഴ്ച അതിരൂപത ബിഷപ്സ് ഹൗസിൽ വച്ച് യൂണിറ്റ് പ്രസിഡന്റുമാരുടെയും ഫൊറോന പ്രസി

ഡന്റുമാരുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്ത യോഗം ചേർന്നു. ജനറൽ സെക്രട്ടറി ശ്രീ. ഡേവീസ് പുത്തൂർ സ്വാഗതമാശംസിച്ചു. കത്തോലിക്ക കോൺഗ്രസ്സിന്റെ ശക്തമായ പ്രവർത്തനത്തിന് വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് അത്യാവശ്യമാണെന്ന് ആമുഖ പ്രസംഗത്തിൽ ഡയറക്ടർ ഫാ. ജിയോ കടവി ഊന്നി പറഞ്ഞു.

ത്രിതല ജനപ്രതിനിധി സമ്മേളനം 2016 ഫെബ്രുവരി 20 ശനിയാഴ്ച 3 മണിക്ക് ആർച്ച്ബിഷപ്സ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുമെന്ന വിവരം അറിച്ചു.

സംഘടന പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസീസ് അതിരൂപത കത്തോലിക്ക കോൺഗ്രസ്സിന്റെ വാർഷിക പദ്ധതിയെക്കുറിച്ചു സംസാരിച്ചു. ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കാൻ സംഘടനയിലെ അംഗങ്ങൾ തയ്യാറാകണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇടവകയിൽ പാലിയേറ്റീവ് കെയർ സംഘടന രൂപീകരിച്ച് പ്രവർത്തിക്കുന്നതിലും പാലയൂർ മഹാതീർത്ഥാടനത്തിലും സംഘടനയിലെ അംഗങ്ങൾ സജീവമായി പ്രവർത്തിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പ്രത്യേക സന്ദർഭങ്ങളിൽ 'ഹെൽപ് ഡെസ്ക്' രൂപീകരിച്ച് ജനങ്ങൾക്ക് സഹായം നൽകണം.

കർഷകർ അഭിമൂഖീകരിക്കുന്ന വിഷമതകൾ പരിഹരിക്കാൻ കത്തോലിക്ക കോൺഗ്രസ്സ് മുൻകൈയ്യെടുക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം വേണമെന്ന് ബഹു. ജിയോ കടവി അച്ചൻ അഭ്യർത്ഥിച്ചു. ത്രിതല ജനപ്രതിനിധി സമ്മേളനം ജനറൽ കൺവീനർ ശ്രീ. എൻ. പി. ജാക്സൺ മാസ്റ്റർ നന്ദി പറഞ്ഞു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**ഡേവീസ് പുത്തൂർ**
ജന. സെക്രട്ടറി

**പ്രൊഫ. കെ.എം. ഫ്രാൻസീസ്**
പ്രസിഡന്റ്

## അതിരൂപതയിൽ നിന്നുള്ള

# നവവൈദികർ



Fr Biju
Nedumparambil OSST



Fr Blessen
Pettikkal CMI



Fr Dave
Akkara Ofm Cap



Fr Jijo
Thattil CMI



Fr Jose
Maripurath



Fr Kuriakose
Maripurath



Fr Mathai
Akkara Ofm Cap



Fr Praveen
Puthenchirakaran CMI



Fr Sajin
Ponthekkan



Fr Satheesh
Parathottu CMI



Fr Shyjo
Paramel CMI



Fr Anjo
Valikudath CMI



Fr Jaison
Chothirakkottu



Fr. Xavier
Puthookkara CMI

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-

Date of Publication 24.01.2016

Feb. 2016




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005